**JEEVA MOZHIKAL** RNI/KERBIL/-2003/21404
February 2011 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## ഈച്ചകൾക്കുവേണ്ടി നന്ദി

**ഹി**റ്റ്ലറുടെ കുപ്രസിദ്ധമായ പീഡനക്യാമ്പാണ് രംഗം. കോറിടെൻബൂമും സഹോദരി ബെറ്റ്സിയും ഒന്നിച്ചാണ് തടവുമുറിയിൽ. അറസ്റ്റു ചെയ്യപ്പെട്ടു ക്യാമ്പിലേക്കു കൊണ്ടുവന്നപ്പോൾ പിതാവ് കാസ്പറും അവരോടൊപ്പം ഉണ്ടായിരുന്നു. യഹൂദന്മാരെ ഹിറ്റ്ലറിൽ നിന്ന് രക്ഷിക്കാൻ വീട്ടിൽ ഒളിത്താവളം ഒരുക്കി എന്നതായിരുന്നു അവരുടെ മേലുള്ള കുറ്റം. ക്യാമ്പിലെ പീഡനങ്ങളെ തുടർന്ന് ഒമ്പതാം ദിവസംതന്നെ കാസ്പർ മരണമടഞ്ഞു.

ഇപ്പോൾ ആ സഹോദരിമാർ ഒറ്റയ്ക്കാണ്. പിതാവു മരിച്ചു കുടുംബം ഛിന്നഭിന്നമായി. തടവിൽ നിന്നും ജീവനോടെ പുറത്തുവരാമെന്ന പ്രതീക്ഷതന്നെ പൊലിഞ്ഞു. ക്യാമ്പിൽ ദിവസവും നൂറുകണക്കിനുപേരാണ് കൊല്ലപ്പെടുന്നത്. തങ്ങളുടെ ഭാവിയും ഭിന്നമായിരിക്കുകയില്ല... ഒരു പ്രതീക്ഷയ്ക്കും വകയില്ല...എല്ലാം സഹിക്കാം. തങ്ങൾ ആയിരിക്കുന്ന തടവുമുറി നിറയെ സദാസമയവും ഒരു തരം വലിയ ഈച്ചകൾ അരിച്ചു നടക്കുന്നു. പ്രാണിശല്യം ഇത്രയേറെ ക്യാമ്പിലെ മറ്റൊരു മുറിയിലും ഇല്ല.

ഈ അവസ്ഥയിൽ ഒരു ദിവസം കോറിടെൻബൂം സഹോദരിയോടു ചോദിച്ചു:'എല്ലായ്പോഴും, എല്ലാറ്റിനുവേണ്ടിയും നന്ദിപറയുവാൻ ബൈബിൾ ആവശ്യപ്പെടുന്നു. നമുക്ക് എന്തിനെക്കുറിച്ചാണു നന്ദി പറയുവാനുള്ളത്?'

ബെറ്റ്സി, കോറിടെൻബൂമിനെ ആശ്വസിപ്പിച്ചു: 'ഈ ക്യാമ്പിൽ കഴിയുന്ന മിക്കവർക്കും തങ്ങളുടെ സഹോദരങ്ങളോ അടുത്ത ബന്ധുക്കളോ എവിടെയാണെന്ന് അറിഞ്ഞുകൂടാ. പീഡനങ്ങളും അധ്വാനങ്ങളും ഇത്രയേറെ ഉണ്ടെങ്കിലും നമുക്ക് സഹോദരിമാർക്ക് ഒന്നിച്ചു കഴിയാനും പരസ്പരം കണ്ണീരൊപ്പാനും ദൈവം അവസരം ഒരുക്കിയല്ലോ. നമുക്ക് അതിനുവേണ്ടി ദൈവത്തോടു നന്ദി പറഞ്ഞുകൂടേ?'

ബെറ്റ്സിയുടെ ഈ ചോദ്യം കോറിടെൻബൂമിന്റെ ഹൃദയത്തെ സ്പർശിച്ചു. പിതാവു മരിച്ചു. തങ്ങൾ തടവറയിലാണ് നാളെ പീഡനങ്ങളേറ്റ് പിതാവിനെപ്പോലെ കൊല്ലപ്പെട്ടേക്കാം. ഇതെല്ലാം ശരിയാണെങ്കിലും ഇന്ന് തനിക്കും ബെറ്റ്സിക്കും ഒന്നിച്ചു കഴിയാനും പ്രാർത്ഥിക്കാനും പരസ്പരം ആശ്വസിപ്പിക്കാനും ദൈവം അവസരം തന്നല്ലോ.... കോറിയുടെ കണ്ണുകൾ ഈ ദിവ്യകരുതലിനെക്കുറിച്ചുള്ള നന്ദികൊണ്ട് പ്രകാശിച്ചു.

എന്നാൽ അന്ന് കാണാൻ കഴിയാതെ പോയ മറ്റൊരു ദിവ്യപരിപാലനത്തെക്കുറിച്ച് കോറി പിന്നീടാണ് ബോധവതിയായത്. തടങ്കലിൽ കഴിയുന്ന യുവതികൾ മിക്കപ്പോഴും ഗാർഡുമാരുടേയും പട്ടാളക്കാരുടേയും ബലാൽക്കാരത്തിന് ഇരകളാകാറുണ്ടായിരുന്നു. എന്നാൽ ഈച്ചകൾ സദാ അരിച്ചു നടക്കുന്ന ആ മുറിയിൽ കാലുകുത്താൻ പട്ടാളക്കാർ മടിച്ചതുമൂലമാണ് കോറിയും ബെറ്റ്സിയും അവരിൽ നിന്നു രക്ഷപ്പെട്ടത്! പിന്നീട് അതു മനസ്സിലായപ്പോൾ കോറിടെൻബൂം ഈച്ചകൾക്കുവേണ്ടിയും ദൈവത്തോട് നന്ദി പറഞ്ഞു.


'*നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ*' (എഫെസ്യർ 5:20).

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 – ലക്കം 2 ഫെബ്രുവരി 2011 Rs. 7.00



**എഡിറ്റോറിയൽ**

# പ്രവർത്തനത്തിനു പിന്നിലെ പ്രേരണ



ഒരിക്കൽ 'രണ്ടു പ്രാർത്ഥനകൾ' എന്നൊരു ആംഗലേയ കവിത വായിച്ചതോർക്കുന്നു. അതിന്റെ ഏകദേശ വിവർത്തനം ഇങ്ങനെ:

കഴിഞ്ഞ രാത്രി എന്റെ കുഞ്ഞുമകൻ
തന്റെ ബാല്യചാപല്യങ്ങൾ ഏറ്റു പറഞ്ഞ്
എന്നോടൊപ്പം മുട്ടു മടക്കി പ്രാർത്ഥിച്ചു
കണ്ണീരോടെ, ഇങ്ങനെ:-
"പ്രിയ കർത്താവേ, എന്നെ കരുത്തനാക്കുക
എന്റെ പിതാവിനെപ്പോലെ-വിവേകിയും ശക്തനും.
അങ്ങേയ്ക്കു കഴിയും, എനിക്കറിയാം ആമേൻ"

കരഞ്ഞു തളർന്നവനുറങ്ങിയപ്പോൾ
ആ കിടക്കയ്ക്കരികിൽ ഞാൻ മുട്ടുകുത്തി
പാപങ്ങൾ ഏറ്റുപറഞ്ഞ് തലവണക്കി
ഞാൻ പ്രാർത്ഥിച്ചതിങ്ങനെ:-
"എന്റെ ദൈവമേ, എന്നെ ഒരു ശിശുവാക്കുക
എന്റെ പൈതൽ ഇവനെപ്പോലെ ഇങ്ങനെ-
നിഷ്ക്കളങ്കൻ, കപടരഹിതൻ.
അങ്ങേയ്ക്കാവുമെന്ന വിശ്വാസത്തോടെ, ആമേൻ".

പിതാവും മകനും പ്രാർത്ഥിക്കുന്നു. ഇവരിൽ ആരുടെ പ്രാർത്ഥനയാണു കൂടുതൽ പ്രയാസമേറിയത്? തീർച്ചയായും പിതാവിന്റേതാണ്. 'എന്റെ പിതാവിനെപ്പോലെ എന്നെ ആക്കേണമേ' എന്ന് ഒരു മകനു പ്രാർത്ഥിക്കാൻ താരതമ്യേന എളുപ്പമാണ്. പക്ഷേ ആ പ്രാർത്ഥനയുടെ നിഷ്കളങ്കതയാൽ സ്പർശിക്കപ്പെട്ട്, തന്നിലെ കാപട്യക്കാരനെ തിരിച്ചറിഞ്ഞ് 'ദൈവമേ, എന്റെ മകനെപ്പോലെ എന്നെ ഒരു ശിശുവാക്കണമേ' എന്നു നിലവിളിക്കാൻ ഒരു പിതാവിനു ബലികൊടുക്കേണ്ടത് തന്നിലെ 'വലിയ മനുഷ്യ'നെയാണ്.

എന്നാൽ നാമെല്ലാം നമ്മിലുള്ള സ്വയത്തിന്റെ'വലിയ മനുഷ്യ'നെ വിട്ടു തിരിഞ്ഞ് ഒരു ശിശുവിനെപ്പോലെ ആയിത്തീരണമെന്നു ദൈവം ആഗ്രഹിക്കുന്നു. 'നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ് വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു' - യേശുവിന്റെ വാക്കുകൾക്ക് ഒരു വാൾത്തലയുടെ തിളക്കവും മൂർച്ചയും. (മത്തായി 18:3).

ശിശുക്കളുടെ ഏറ്റവും വലിയ പ്രത്യേകത അവർക്കു സ്വയബോധമില്ല എന്നതാണ്. മറ്റുള്ളവരുമായി താരതമ്യം ചെയ്തു തങ്ങളെക്കുറിച്ചു തന്നെ ഒരു മതിപ്പ് അവർ സൂക്ഷിക്കുന്നില്ല. എന്നാൽ ശിശു വളരുമ്പോൾ അവനിൽ സ്വയബോധത്തിന്റെ ഒരു 'വലിയ മനുഷ്യ'നും ക്രമേണ വളർന്നു വരുന്നു. അവനവനെക്കുറിച്ചുള്ള ഒരു സ്വയ പ്രശംസയാണിത്. തങ്ങളെക്കുറിച്ചു തന്നെയുള്ള തങ്ങളുടെ സങ്കല്പം. ഈ സ്വയകല്പിത പരിവേഷത്തെ ആരെങ്കിലും അറിഞ്ഞോ അറിയാതെയോ സ്പർശിച്ചാൽ അവർ അസ്വസ്ഥരാകും. ശക്തമായി പ്രതികരിക്കും.

ഈ ഊതിവീർപ്പിക്കപ്പെട്ട സ്വയബോധവും അതിൽ നിന്ന് ഉരുത്തിരിയുന്ന സ്വയസംരക്ഷണ വ്യഗ്രതയും ഈ ലോകത്തിൽ നിലനിൽപ്പിന് ആവശ്യമാണെന്നു കരുതുന്നവരുണ്ടായിരിക്കാം. എന്നാൽ ദൈവരാജ്യത്തിന്റെ ഇടുക്കു വാതിലിലൂടെ ഈ 'വലിയ മനുഷ്യ'നുമായി പ്രവേശിക്കുവാൻ കഴിയുകയില്ല. ഈ 'വലിയ മനുഷ്യ'നെ വിട്ടു കളഞ്ഞ് ഒരു ശിശുവായി ജനിച്ചാൽ മാത്രമേ ദൈവരാജ്യത്തിൽ കടക്കാൻ സാധ്യമാവുകയുള്ളൂ എന്ന് യേശു അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. 'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല' (യോഹന്നാൻ 3:3). ഇതാണു വീണ്ടും ജനനം. വീണ്ടും ജനിക്കുന്നത് ഒരു ശിശുവായാണ്.

ഓർത്തുനോക്കുക: വീണ്ടും ജനനസമയത്ത് നാം ഒരു ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തി. നമ്മുടെ സ്വയമതിപ്പും നമ്മെക്കുറിച്ചുള്ള വലിയ ഭാവവും വിട്ടുകളഞ്ഞു. ഒരു ലാളിത്യവും നിഷ്ക്കളങ്കതയും അതു നൽകുന്ന സന്തോഷവും സമാധാനവും നമുക്കു കൈവന്നു. ദൈവരാജ്യത്തിലേക്കു പിറന്നു വീണ ഒരു ശിശുവിന്റെ നിഷ്ക്കളങ്കതയും ആഹ്ലാദവുമായിരുന്നു അത്.

എന്നാൽ ഇന്നു നാളുകൾക്കു ശേഷം വീണ്ടും നാം സ്വയബോധത്താൽ നിറഞ്ഞ 'വലിയ മനുഷ്യർ' ആയിത്തീർന്നിരിക്കുന്നുവോ?. എങ്കിൽ, നാം 'വീണ്ടും തിരിഞ്ഞു ശിശുക്കളെപ്പോലെ ആകണ'മെന്നും 'ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തണമെന്നും' യേശു കല്പിക്കുന്നു. (മത്താ.18: 3,4).

നാം 'വലിയ മനുഷ്യരാ'കുന്നത് എപ്പോഴും ആദ്യം പ്രതിഫലിക്കുന്നതു നമ്മുടെ മനോഭാവത്തിലാണ്. നാം പണ്ടു ശിശുക്കളായിരുന്നപ്പോൾ ചെയ്തിരുന്ന അതേ പ്രവൃത്തികളാണ് ഇപ്പോഴും ചെയ്യുന്നത്. പക്ഷേ നമുക്ക് അന്നുണ്ടായിരുന്ന ലാളിത്യവും ആർജ്ജവവും നിഷ്കളങ്കതയും സുതാര്യതയും നഷ്ടമായത് ശ്രദ്ധിച്ചാൽ നമുക്കു തന്നെ മനസ്സിലാക്കാൻ കഴിയും. ദൈവമുൻപാകെ മാത്രം അന്നു നാം ചെയ്തിരുന്ന പ്രവൃത്തികൾ ഇപ്പോൾ നാം ചെയ്യുന്നത് മനുഷ്യരുടെ മുൻപിൽ വിളങ്ങേണ്ടതിനാണ്! കാരണം മനുഷ്യപ്രശംസ ആഗ്രഹിക്കുന്ന ഒരു 'വലിയ മനുഷ്യൻ' വീണ്ടും നമ്മിൽ ശക്തി പ്രാപിച്ചിരിക്കുന്നു!


ദൈവമുഖത്തിനു മുൻപാകെ മാത്രം ചെയ്യണമെന്നു ദൈവം ആഗ്രഹിച്ച മൂന്നു കാര്യങ്ങൾ കപടഭക്തർ എങ്ങനെ മനുഷ്യരുടെ മുൻപാകെ ചെയ്യുവാൻ തുടങ്ങി എന്നു യേശു മത്തായി എഴുതിയ സുവിശേഷം ആറാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്. ദാനം ചെയ്യുന്നതു രഹസ്യത്തിലായിരിക്കണമെന്നു ദൈവം ആഗ്രഹിച്ചു. (6:2-4). എന്നാൽ പരീശന്മാർ അതു ലംഘിച്ച് ഓരോ ദാനത്തിനു മുൻപും തങ്ങളുടെ മുൻപിൽ കാഹളം ഊതിക്കുവാൻ തുടങ്ങി. പ്രാർത്ഥിക്കുന്നതു ഗോപ്യമായി ചെയ്യണമെന്നു ദൈവം ആഗ്രഹിച്ചു. പരീശന്മാർ അതിനും വിപരീതമായി പ്രവർത്തിച്ചു. (6:5-15). മൂന്നാമത്തേത് ഉപവാസമാണ്. രഹസ്യത്തിൽ ചെയ്യേണ്ട ആ കാര്യവും കപടഭക്തർ പരസ്യമാക്കി (6:16-18). എന്നാൽ പരീശർ കാണിച്ച ഈ തെറ്റു ചൂണ്ടിക്കാട്ടി പുതിയനിയമവിശ്വാസികൾ അത് ആവർത്തിക്കരുതെന്ന് യേശു അവിടെ കല്പിച്ചു. പക്ഷേ ഇന്നു സമകാലിക ക്രിസ്തീയതയിൽ ഈ മൂന്നു കാര്യങ്ങളും വൻ പരസ്യത്തിന്റെ അകമ്പടിയോടെ ചെയ്യുമ്പോൾ അന്നത്തെ പരീശന്മാരുടെ

*ശേഷം പേജ് 14 ൽ*

സന്ദേശം

# പ്രേരകശക്തിയുടെ പരമപ്രാധാന്യം

എ.ഡബ്ല്യ്യു.ടോസർ



*കോപത്തിൽ നിന്നും പകയിൽ നിന്നും ഉത്ഭവിച്ച ഏതു നല്ല പ്രവൃത്തിയും ദൈവരാജ്യത്തിനെതിരായി ശത്രുവിനു വേണ്ടിയുള്ള പ്രവൃത്തിയായേ പരിണമിക്കൂ.*

**മ**നുഷ്യസ്വഭാവത്തെ അന്തിമമായി വിലയിരുത്തുവാനുള്ള ഉരകല്ല് മനുഷ്യന്റെ പ്രവർത്തനോദ്ദേശ്യമാണ് അഥവാ പ്രവർത്തനത്തിനു പിന്നിലുള്ള പ്രേരകശക്തിയാണ്.

വെള്ളം അതിന്റെ പ്രഭവസ്ഥാനത്തിനു മുകളിലേക്കു ഉയരാത്തതു പോലെ ഒരു പ്രവൃത്തിയുടെ ധാർമ്മികഗുണം അതിന്റെ പ്രേരകശക്തിക്ക് ഉപരിയാകുകയില്ല. ആയതിനാൽ തെറ്റായ പ്രേരകശക്തിയിൽ നിന്നു ജനിക്കുന്ന യാതൊരു പ്രവൃത്തിയും ചിലപ്പോൾ ചില നന്മകൾ അതിൽനിന്നുത്ഭവിക്കുന്നതായിത്തോന്നിയാലും നല്ലതായിരിക്കുകയില്ല. ഉദാഹരണത്തിന് കോപത്തിൽ നിന്നും പകയിൽ നിന്നും ഉത്ഭവിച്ച ഏതു നല്ല പ്രവൃത്തിയും ദൈവരാജ്യത്തിനെതിരായി ശത്രുവിനു വേണ്ടിയുള്ള പ്രവൃത്തിയായേ പരിണമിക്കൂ.

ദൗർഭാഗ്യവശാൽ മതപരമായ ഒട്ടനേകം പ്രവൃത്തികളും കോപം, അസൂയ, ഉന്നതപദകാംക്ഷ, ദുരഭിമാനം, അത്യാഗ്രഹം എന്നിവയിൽ നിന്നു പുറപ്പെടുന്നവയായിത്തീർന്നുപോകുന്നുണ്ട്. ഈ വക സകല പ്രവൃത്തികളും ദൈവികന്യായവിധിയിൽ ദുഷ്ടപ്രവൃത്തികളായി മാത്രമേ എണ്ണപ്പെടുകയു

> പല ആത്മാലാപങ്ങളും സ്വന്തം മഹത്വം പ്രസിദ്ധമാക്കുവാൻ വേണ്ടി ചെയ്യുന്നവയാണ്. പല പ്രഭാഷണങ്ങളും തങ്ങളുടെ പ്രസംഗചാതുര്യം വിളിച്ചറിയിക്കുവാൻ നടത്തുന്നവയാണ്. മിഷനറി പ്രവർത്തനങ്ങൾപോലും മത്സരബുദ്ധിയോടെ ചെയ്യുന്നവയായിത്തീരാം. ആത്മാക്കളെ നേടുവാനുള്ള പ്രവർത്തനങ്ങൾപോലും കച്ചവടമനഃസ്ഥിതിയോടെ സ്വയംസംതൃപ്തിക്കുവേണ്ടി ആയിത്തീരാം. പരീശന്മാർ ഒരാളെ മതത്തിൽ ചേർക്കുവാൻ വേണ്ടി കടലും കരയും ചുറ്റി നടന്ന് പ്രവർത്തിച്ചിരുന്നവരാണ് എന്ന കാര്യവും നാം മറക്കരുത്.

ള്ളൂ.

മറ്റു പല കാര്യങ്ങളിലുമെന്നപോലെ പ്രേരകശക്തിയുടെ ഈ കാര്യത്തിലും പരീശന്മാർ നമുക്കു വ്യക്തമായൊരു ദൃഷ്ടാന്തമായിത്തീർന്നിട്ടുണ്ട്.

മതപരമായ കാര്യത്തിൽ ലോകത്തിലെ ഏറ്റവും ദുഃഖകരമായ പരാജയമായി അവർ തീർന്നിരിക്കുന്നു. ഉപദേശപ്പിശകു കൊണ്ടോ ശ്രദ്ധയില്ലായ്മയാലോ വ്യക്തിപരമായ ദുഷിച്ച ജീവിതം കൊണ്ടോ അല്ല അപ്രകാരം സംഭവിച്ചിട്ടുള്ളത്. മതപരമായ ഉദ്ദേശ്യശുദ്ധിയില്ലായ്മയാണ് അവരുടെ പരാജയകാരണം. അവർ പ്രാർത്ഥിക്കുന്നു; പക്ഷേ മനുഷ്യർ കേൾക്കേണ്ടതിനു വേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. അങ്ങനെ അവരുടെ ഉദ്ദേശ്യശുദ്ധിയില്ലായ്മ അവരുടെ പ്രാർത്ഥനയെ നിഷ്ഫലവും തിന്മ നിറഞ്ഞതുമാക്കുകയാണുണ്ടായത്. ഇവർ ദേവാലയത്തിനു വേണ്ടി ഔദാര്യപൂർവ്വം പണം ചെലവഴിക്കുമായിരുന്നു. എന്നാൽ ഇതു തങ്ങളുടെ മാതാപിതാക്കളോടുള്ള കടമയിൽ നിന്ന് ഒഴിവുകിട്ടുവാൻ വേണ്ടിയായിരുന്നു. ഇതൊരു തിന്മ തന്നെ. ഈ കൂട്ടർ സ്വയംനീതീകരണവും കഠിനഹൃദയവും ഉള്ളവരായി മറ്റുള്ളവരിൽ കാണുന്ന തിന്മയെ നഖശിഖാന്തം എതിർക്കുന്നവരായിരുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് വിശുദ്ധിയുടെ ഒരു പരിവേഷം ഉണ്ടായിരുന്നു; എന്നാൽ ഉദ്ദേശ്യശുദ്ധിയോടെ അത്തരം പ്രവൃത്തികൾ ചെയ്തിരുന്നെങ്കിൽ അവ നല്ലതും പ്രശംസാർഹവുമായിത്തീർന്നേനെ. പരീശന്മാരുടെ എല്ലാ ബലഹീനതയും അവരുടെ പ്രേരകശക്തിയുടെ ദൂഷിതാവസ്ഥയിലായിരുന്നു.

യാഥാസ്ഥിതികരായ ഈ മതഭക്തന്മാർ തങ്ങൾ ചെയ്യുന്ന കുറ്റകൃത്യത്തെപ്പറ്റി യാതൊരു ശങ്കയും കൂടാതെ മഹത്വത്തിന്റെ പ്രഭുവിനെ കുരിശിൽ തറച്ചുകൊല്ലുന്നതുവരെയും മുന്നോട്ടുപോയതോർത്താൽ മുകളിൽപ്പറഞ്ഞ പ്രേരകശക്തിയുടെ പ്രാധാന്യം ഒരു ചെറിയ കാര്യമായി തള്ളിക്കളയാവുന്നതല്ല എന്നു ബോധ്യമാകും.

ഹീനമായ പ്രേരകശക്തിയോടെ ചെയ്യുന്ന പ്രവൃത്തികൾ രണ്ടുമടങ്ങ് ദുഷ്ടതനിറഞ്ഞതാണ്. ഒന്നാമത്, അവ അവയിൽത്തന്നെ തിന്മയുള്ളതാണ്. രണ്ടാമത് അവ പാപമില്ലാത്ത ദൈവത്തിന്റെ പേരിൽ പാപം ചെയ്യുകയും, വ്യാജമില്ലാത്തവന്റെ പേരിൽ വ്യാജം കാട്ടുകയും സ്നേഹസ്വരൂപന്റെ നാമത്തിൽ പകയ്ക്കുകയുമാണ് ചെയ്യുന്നത്. ക്രിസ്ത്യാനികൾ വിശിഷ്യ, സജീവമായ ദൈവശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ തങ്ങളുടെ ഹൃദയത്തെ ശോധന ചെയ്യുവാൻ കൂടെക്കൂടെ സമയം എടുക്കുകയും തങ്ങളുടെ ഉദ്ദേശ്യശുദ്ധിയെപ്പറ്റി നിർണ്ണയം വരുത്തുകയും ചെയ്യണം. പല ആത്മാലാപങ്ങളും സ്വന്തം മഹത്വം പ്രസിദ്ധമാക്കുവാൻ വേണ്ടി ചെയ്യുന്നവയാണ്. പല പ്രഭാഷണങ്ങളും തങ്ങളുടെ പ്രസംഗചാതുര്യം വിളിച്ചറിയിക്കുവാൻ നടത്തു





## നിങ്ങൾ ഏതു കൂട്ടത്തിൽ?

ഒരു ഞായറാഴ്ച. രാവിലെ സഭായോഗം തുടങ്ങിയതേ ഉള്ളൂ. പാട്ടിനും പ്രാർത്ഥനയ്ക്കും ശേഷം സഭാശുശ്രൂഷകൻ ദൈവവചനം പ്രസംഗിക്കാനായി പ്രസംഗപീഠത്തിലേക്കു വന്നു.

പെട്ടെന്ന് അടിമുടി കറുത്ത വസ്ത്രം ധരിച്ച മുഖംമൂടിയണിഞ്ഞ രണ്ടു പേർ കൈകളിൽ യന്ത്രത്തോക്കുകളുമായി അങ്ങോട്ട് വരുന്നത് രണ്ടായിരത്തോളം വരുന്ന സഭാംഗങ്ങൾ അമ്പരപ്പോടെ കണ്ടിരുന്നു.

രണ്ടുപേരും പ്രസംഗപീഠത്തിനടുത്തേക്ക് നീങ്ങി. സദസ്സിനെ നോക്കി തോക്കുകൾ ചൂണ്ടിക്കൊണ്ട് ഒരാൾ ഇങ്ങനെ പറഞ്ഞു: 'ക്രിസ്തുവിനുവേണ്ടി ഒരു വെടിയുണ്ട ഏല്ക്കാൻ താൽപര്യമുള്ളവർക്കു മാത്രം ഇവിടെ ഇരിക്കാം.'

ഗായകസംഘം പെട്ടെന്ന് ചിതറി പുറത്തേക്ക് ഓടി...മൂപ്പന്മാർ അവരെ പിന്തുടർന്നു...ചുരുങ്ങിയ സമയംകൊണ്ട് സദസ്സിൽ നിന്ന് രണ്ടും നാലുമായി ആളുകൾ വാതിലുകളിലൂടെ പുറത്തേക്കോടി. ഒടുവിൽ കഷ്ടിച്ച് ഇരുപതോളം പേർ അവശേഷിച്ചു.

അവർ യന്ത്രത്തോക്കുകൾ താഴ്ത്തി എന്നിട്ട് ശുശ്രൂഷകനോടു പറഞ്ഞു: 'ഞങ്ങളിതാ കപടഭക്തരെ എല്ലാം പുറത്താക്കിയിരിക്കുന്നു. താങ്കൾക്ക് ഇനി പ്രസംഗിക്കാം'. ഈ വാക്കുകളോടെ അവർ പുറത്തേക്ക്.

ഇങ്ങനെയൊരു സംഭവം ഉണ്ടായാൽ നിങ്ങൾ ഏതു കൂട്ടത്തിലായിരിക്കും?

ന്നവയാണ്. മിഷനറിപ്രവർത്തനങ്ങൾപോലും മത്സരബുദ്ധിയോടെ ചെയ്യുന്നവയായിത്തീരാം. ആത്മാക്കളെ നേടുവാനുള്ള പ്രവർത്തനങ്ങൾപോലും കച്ചവടമനഃസ്ഥിതിയോടെ സ്വയംസംതൃപ്തിക്കുവേണ്ടി ആയിത്തീരാം. പരീശന്മാർ ഒരാളെ മതത്തിൽ ചേർക്കുവാൻ വേണ്ടി കടലും കരയും ചുറ്റി നടന്ന് പ്രവർത്തിച്ചിരുന്നവരാണ് എന്ന കാര്യവും നാം മറക്കരുത്.

ഇത്തരം വ്യർത്ഥമായ മതപ്രവർത്തനങ്ങളുടെ കെണിയിൽ നിന്നു രക്ഷപ്പെടുവാനായി കൂടെക്കൂടെ 1 കൊരിന്ത്യർ 13 -ാം അദ്ധ്യായം തുറന്ന് ദൈവത്തിന്റെ മുൻപിൽ ഇരിക്കേണ്ടതാവശ്യമാണ്. ഈ വചനഭാഗം ബൈബിളിലെ ഏറ്റവും മനോഹരമായ അദ്ധ്യായം ആണെന്നു മാത്രമല്ല തിരുവെഴുത്തുകളിൽപ്പെട്ട ഏറ്റവും കർക്കശമായ ഒരദ്ധ്യായം കൂടിയാണ്. ഏറ്റവും ശ്രേഷ്ഠമായ മതപരമായ ശുശ്രൂഷപോലും സ്നേഹത്തിൽ നിന്ന് ഉദ്ഭവിക്കുന്നതല്ലെങ്കിൽ വ്യർത്ഥമാണെന്ന് അപ്പോസ്തലൻ ഇവിടെ നമ്മെ പഠിപ്പിക്കുന്നു. പ്രവാചകന്മാർ, പരോപകാരതൽപരർ, രക്തസാക്ഷികൾ എന്നിങ്ങനെയുള്ള സകലരുടേയും പ്രവർത്തനങ്ങൾ സ്നേഹത്തിൽ നിന്ന് ഉത്ഭവിക്കുന്നതല്ലെങ്കിൽ അവയ്ക്ക് ദൈവം ഒരു പ്രതിഫലവും നൽകയില്ല.

ചുരുക്കിപ്പറഞ്ഞാൽ ദൈവത്തിന്റെ മുൻപിൽ നാം ചെയ്യുന്ന പ്രവർത്തനത്തിനല്ല എന്തിനുവേണ്ടി നാമതു ചെയ്യുന്നു എന്നതിനാണ് പ്രാധാന്യം. ന്യായവിധിയുടെ സിംഹാസനത്തിനു മുമ്പിൽ നാം നില്ക്കുമ്പോൾ ശരീരത്തിലിരുന്നപ്പോൾ നാം എന്തു ചെയ്തുവെന്നതിനെക്കാൾ എന്തിനുവേണ്ടി ചെയ്തു എന്ന ചോദ്യത്തിനാണ് നാം കണക്കു ബോധിപ്പിക്കേണ്ടത്.

**മൊഴിമാറ്റം: ഏബ്രഹാം വർഗീസ്, മുംബൈ.**

❖

## ആത്മീയപരിപക്വത: ഒരു പരിശോധന-2

# ക്രിസ്തുവിന്റെ സ്വഭാവത്തോടുള്ള ഏകീഭാവം

ജെ. ഓസ്‌വാൾഡ് സാൻഡേഴ്സ്

**ഒറ്റവാക്യത്തിൽപ്പറഞ്ഞാൽ** ക്രിസ്തുവിനെപ്പോലെ ആകുക എന്നതാണ് ആത്മീയപക്വത. ക്രിസ്തുവിനെപ്പോലെ നാം എത്രമാത്രം ആകുന്നുവോ അത്രമാത്രം പക്വതയേ നമുക്കുള്ളു. തിരുവചനപഠനവും ധ്യാനവും ഉപേക്ഷിക്കണമെന്നല്ല ഇവിടെ വിവക്ഷിക്കുന്നത്. അതുകൊണ്ടു മാത്രം ആരും പൂർണ്ണരാകയില്ലല്ലോ. വായിച്ചതും പഠിച്ചതും പ്രാവൃത്തികമാക്കുന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ പൂർണ്ണത. ദൈവവേലയിലുള്ള കഴിവും ശുഷ്കാന്തിയും പോലും നമ്മെ പക്വതയുള്ളവരാക്കണമെന്നില്ല. തികഞ്ഞവരെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന പല ക്രിസ്ത്യാനികളുടെ കൂടെപ്പോലും ഒരുമിച്ചു ജോലിചെയ്യുവാനോ മുന്നോട്ടു പോകുവാനോ വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ ഉണ്ട്. കൃപാവരങ്ങൾ പ്രാപിച്ചതുകൊണ്ടോ, ദൈവവേല ചെയ്യുവാൻ പ്രാപ്തിയുള്ളതുകൊണ്ടോ ഒന്നും ആത്മീയനായിക്കൊള്ളണമെന്നില്ല. "ക്രിസ്തുവിന്റെ ജീവൻ നമ്മിൽനിന്നും പ്രത്യുൽപ്പാദിപ്പിക്കുവാൻ പരിശുദ്ധാത്മാവിന് കഴിയുന്നുണ്ടോ? ആത്മാവിന്റെ ഫലങ്ങൾ നമ്മിൽനിന്ന് പുറപ്പെടുന്നുണ്ടോ?" അതാണ് ശരിയായ പരിശോധന.

പ്രവൃത്തികളെക്കാൾ കൂടുതലായി പ്രതികരണങ്ങളിലാണ് ആത്മീയപക്വത വെളിപ്പെടുന്നത്. യാതൊരു ലാഭേച്ഛയും കൂടാതെ വളരെ ഭംഗിയായി കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് കഴിയും. എന്നാൽ, നമ്മുടെ പ്രതികരണങ്ങളാണ് നമ്മെ തിരിച്ചറിയുന്നതിനുള്ള അളവുകോൽ. പ്രിയപ്പെട്ടവരുടെ ദേഹവിയോഗംപോലുള്ള വിഷമഘട്ടങ്ങളിൽ നാം എങ്ങനെ പ്രതികരിക്കും? സ്വയത്തിലേക്ക് ഉൾവലിഞ്ഞ് വേദനകളെ താലോലിച്ച് അതിൽതന്നെ മുഴുകിയിരിക്കുമോ? ഏറ്റവും എളുപ്പമുള്ള കാര്യം അതു തന്നെയാണ്. മറ്റുള്ളവരുടെ ആശ്വാസവചനങ്ങളെ നാം നിരസിക്കുമോ? അതോ പ്രയാസങ്ങളെ നാം പ്രമോദങ്ങളാക്കുമോ?

ഇത്തരുണത്തിൽ എന്നെ വെല്ലുവിളിച്ച ഒരു സംഭവം വിവരിക്കട്ടെ. വിദേശവാസത്തിനുശേഷം നാട്ടിൽ തിരിച്ചെത്തിയപ്പോൾ എന്റെ വിവാഹത്തിന് തോഴനായി നിന്ന വ്യക്തിയെ ഒന്നു കാണണമെന്ന് എനിക്ക് അതിയായ ആഗ്രഹം തോന്നി. അതീവദുഃഖകരമായ സാഹചര്യങ്ങളിലൂടെ ആ ദമ്പതികൾ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാൽ ആദ്യം ഞാനൊന്നു മടിച്ചു. അവരുടെ ആറു മക്കളിൽ മൂന്നുപേർ മാനസികവും ശാരീരികവുമായ വൈകല്യങ്ങൾ ഉള്ളവരായിരുന്നു. ഒരാൾ അടുത്തകാലത്ത് മരിച്ചു. മറ്റൊരാൾ ആശുപത്രിയിൽ ചികിത്സയിലാണ്. ശേഷിച്ചിരിക്കുന്ന കുഞ്ഞും ഇതേ രോഗലക്ഷണങ്ങൾ കാണിക്കുവാൻ തുടങ്ങിയിരിക്കുന്നു. അവരോട് എന്തു പറയണം? ഇത്തരം കഠിനമായ സാഹചര്യങ്ങളിൽക്കൂടെ കടന്നുപോകുന്നവരെ എപ്രകാരമാണ് സഹായിക്കേണ്ടത്? ഇപ്രകാരം വിവിധങ്ങളായ ചിന്തകൾ എന്നിൽക്കൂടെ കടന്നുപോയി. എന്നാൽ അത്ഭുതമെന്നു പറയട്ടെ, പ്രത്യാശയുടെ മൂർത്തരൂപങ്ങളായിട്ടാണ് ആ ദമ്പതികൾ എന്നെ എതിരേറ്റത്. തങ്ങളുടെ സംതൃപ്തിയുടേയും സ്വസ്ഥതയുടേയും അടിസ്ഥാനം ആ സഹോദരി രണ്ടു വാചകങ്ങളിൽ ഒതുക്കി. "കർത്താവിന്റെ ശിക്ഷണത്തിന് കീഴ്പ്പെട്ടപ്പോൾ ഞങ്ങൾക്ക് വളരെ സമാധാനം ഉണ്ടായി. അതിലും ഉപരിയായി ഞങ്ങൾ മനസ്സിലാക്കിയത് ഒരിക്കൽ ആ ശിക്ഷണത്തിന് കീഴ്പ്പെട്ടാൽ പിന്നീടൊരിക്കലും അതിന് നമ്മെ വേദനിപ്പിക്കുവാൻ സാധിക്കുകയില്ല എന്നാണ്." പക്വതയോടെ, തികഞ്ഞ ആത്മീയ കാഴ്ചപ്പാടോടെ തങ്ങളുടെ സാഹചര്യങ്ങളിൽ പ്രതികരിച്ചതിനാൽ അവർ കർത്താവിൽ സന്തോഷിക്കുന്നു.

**കർത്താവിന്റെ തേജസ്സ് പ്രതിബിംബിക്കുക**

ആത്മീയപക്വതയിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുവാൻ സഹായകമാകുന്ന ഒരു നിർദ്ദേശം തിരുവചനത്തിൽ നിന്നും തരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു."

(2 കൊരിന്ത്യർ 3:18).

"നാം എല്ലാവരും അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു." ക്രിസ്തുവിന്റെ സാദൃശ്യത്തോട് അനുരൂപപ്പെടുക, അതാണ് ആത്മീയപക്വത. എങ്ങനെ ഇതു സാദ്ധ്യമാകും? ദൈവത്തിന്റെ തേജസ്സ് പ്രതിബിംബിപ്പിക്കുന്നതിലൂടെ മാത്രം. ദൈവത്തിന്റെ തേജസ്സ് എവിടെയാണ് കാണുവാൻ സാധിക്കുന്നത്? അപ്പൊസ്തലൻ പറയുന്നു, "യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന്" (2 കൊരിന്ത്യർ 4:6). തിരുവചനത്തിലുടനീളം നാം യേശുക്രിസ്തുവിന്റെ മുഖം കാണുന്നുണ്ട്. അവിടെയാണ് ദൈവത്തിന്റെ തേജസ്സുള്ളത്. യേശുക്രിസ്തുവിന്റെ മുഖത്ത് വെളിവാക്കപ്പെട്ടിട്ടുള്ള ദൈവതേജസ്സ് നാം പ്രതിബിംബിപ്പിക്കുമ്പോൾ നമ്മിലും മാറ്റങ്ങൾ ഉണ്ടാകും. ക്രിസ്തുവിനെ ധ്യാനിക്കുകയും; അവിടുത്തെ ആളത്തത്തിന്റെ മഹത്വം, സ്വഭാവശ്രേഷ്ഠത, സവിശേഷതകൾ എന്നിവയെപ്പറ്റി ചിന്തിക്കുകയും ചെയ്യുമ്പോൾ നാമും അവിടുത്തെ രൂപത്തോട് അനുരൂപപ്പെടുകയാണ്. ആത്മാവാകുന്ന കർത്താവിൽ നിന്നാണ് ഇതൊക്കെയും പുറപ്പെടുന്ന

> ദൈവവേലയിലുള്ള കഴിവും ശുഷ്ക്കാന്തിയും പോലും നമ്മെ പക്വതയുള്ളവരാക്കണമെന്നില്ല. തികഞ്ഞവരെന്ന് പ്രത്യക്ഷതയിൽ തോന്നുന്ന പല ക്രിസ്ത്യാനികളുടെ കൂടെപ്പോലും ഒരുമിച്ചു ജോലിചെയ്യുവാനോ മുന്നോട്ടു പോകുവാനോ വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ ഉണ്ട്. കൃപാവരങ്ങൾ പ്രാപിച്ചതുകൊണ്ടോ, ദൈവവേല ചെയ്യുവാൻ പ്രാപ്തിയുള്ളതുകൊണ്ടോ ഒന്നും ആത്മീയനായിക്കൊള്ളണമെന്നില്ല.

## ഏറ്റവും നല്ല ബൈബിൾ വിവർത്തനം

നാലു ക്രിസ്തീയവിശ്വാസികൾ ഒന്നിച്ചിരുന്ന് ബൈബിൾ വിവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയായിരുന്നു.

ഒന്നാമത്തെയാൾ പറഞ്ഞു: 'എനിക്ക് കിങ് ജെയിംസ് വിവർത്തനമാണ് ഏറ്റവും ഇഷ്ടം. അതു വളരെ ആധികാരികമാണ്. കൃത്യതയുള്ളതാണ്'.

രണ്ടാമത്തെയാൾ തന്റെ ഇഷ്ടം ഇങ്ങനെ വെളിപ്പെടുത്തി: 'മെസേജ് ബൈബിളാണ് എനിക്കു താൽപര്യം. ആ വിവർത്തനം ആധുനികകാലത്ത് നമ്മൾ അഭിമുഖീകരിക്കുന്ന കാര്യങ്ങളെ മനസ്സിലാക്കാൻ വേണ്ട ഉൾക്കാഴ്ച നൽകുന്നു'.

മൂന്നാമൻ: 'ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ വിവർത്തനം എനിക്കു പ്രിയപ്പെട്ടതാണ്. മൂലഭാഷയായ ഗ്രീക്കിനോടും, ഹീബ്രുവിനോടും അടുത്തുനിൽക്കുന്ന പ്രയോഗങ്ങളും വാക്കുകളുമാണുള്ളത്. അതേ സമയം സമകാലികഭാഷയോട് അതു ചേർന്നു നിൽക്കുകയും ചെയ്യുന്നു.'

എല്ലാം കേട്ടുകൊണ്ടിരുന്ന നാലാമൻ പറഞ്ഞു 'എനിക്ക് എന്റെ അമ്മയുടെ ബൈബിൾ വിവർത്തനമാണ് ഏറ്റവും ഇഷ്ടം'.

മറ്റു മൂന്നുപേരും അമ്പരപ്പോടെ അദ്ദേഹത്തെ നോക്കി ചോദിച്ചു 'താങ്കളുടെ അമ്മ ആരാണ്? അവർ ബൈബിൾ വിവർത്തനം ചെയ്തിട്ടുണ്ടോ?'

നാലാമൻ പുഞ്ചിരിയോടെ പറഞ്ഞു 'പാവപ്പെട്ട ആ സ്ത്രീ അക്ഷരാർത്ഥത്തിൽ ബൈബിൾ വിവർത്തനം ചെയ്തിട്ടില്ല. എന്നാൽ അവർ അത് സ്വന്തജീവിതത്തിലേക്ക് മൊഴിമാറ്റം നടത്തി കാണിച്ചിട്ടുണ്ട്. ആ ബൈബിൾ വിവർത്തനമാണ് എന്നെ ഒരു വിശ്വാസിയാക്കിയത്.'

തെന്ന് പൗലോസ് അപ്പൊസ്തലൻ പറയുന്നു. യേശുക്രിസ്തുവിനെ നാം ധ്യാനിക്കുകയും അവിടുത്തെപ്പോലെയാകുവാൻ തീവ്രമായി ആഗ്രഹിക്കുകയും ചെയ്യുമ്പോൾ അവിടുത്തെ ഗുണങ്ങളെത്തന്നെയാണ് നമ്മുടെ ആത്മീയ പ്രകൃതത്തിന്റെ ഊടും പാവുമായി നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ഉപയോഗിക്കുന്നത്.

'തേജസ്സിന്മേൽ തേജസ്സ്' പ്രാപിച്ചാണ് നാം അവിടുത്തെ സ്വരൂപത്തിൽ ആയിത്തീരുന്നത്. " നിങ്ങളുടെ തേജസ്സ്' എന്നാണ് മറ്റൊരു തിരുവചന വ്യാഖ്യാനത്തിൽ പറയുന്നത്. വാസ്തവമായി ദൈവതേജസ്സ് നമ്മിൽ പ്രതിബിംബിക്കുകയും, പരിശുദ്ധാത്മാവ് നമ്മെ രൂപാന്തരപ്പെടുത്തുകയും ചെയ്യുമ്പോൾ, തേജസ്സിന്റെ ഔന്നത്യത്തിലേക്ക് കൂടുതൽ കൂടുതൽ തിളക്കത്തോടെയായിരിക്കും നാം മുന്നേറിക്കൊണ്ടിരിക്കുന്നത്. ഭൂതകാലത്ത് അനുഭവിച്ച ഏറ്റവും വലിയ സന്തോഷത്തിന്റെ അവസ്ഥയോടും തുലനം ചെയ്യാൻപോലും പറ്റാത്തവിധത്തിൽ മഹത്വകരമായ ഒരു ഭാവിയായിരിക്കും നമ്മെ കാത്തിരിക്കുന്നത്.

പ്രിയപ്പെട്ടവരേ, കർത്താവിന്റെ സാദൃശ്യത്തോടു നാം അനുരൂപപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ദൈവത്തിന്റെ തേജസ്സ് പ്രതിബിംബിപ്പിക്കുന്നതിൽ നമുക്ക് വീഴ്ച പറ്റിയിരിക്കുന്നു, നമ്മുടെ തീരുമാനങ്ങളെ പുതുക്കാം. ആത്മാവാകുന്ന കർത്താവ് നമ്മിൽ വസിക്കുന്നു. അവിടുന്നു തേജസ്സിൽ നിന്ന് തിളക്കമാർന്ന തേജസ്സിലേക്ക് നമ്മെ നയിക്കും.(അവസാനിച്ചു)

**മൊഴിമാറ്റം: ബീനാ ജോയ്സ്**

❖






വിശുദ്ധരുടെ കാലൊച്ച

# ആത്മപരിശോധനയുടെ 'ചേംബേഴ്സ്'

**ആ**ത്മപരിശോധന!- മിക്ക ആത്മീയഗുരുക്കന്മാരുടെയും അഭിപ്രായത്തിൽ ആത്മീയപക്വതയിലേയ്ക്കുള്ള പാതയിൽ പതിയിരിക്കുന്ന ചുഴിമണലാണ് ആത്മപരിശോധന. ദൈവാത്മാവിൽ നിന്നുള്ള യഥാർത്ഥമായ മുദ്രണങ്ങളും, നമ്മുടെ വികലമായ ഇഷ്ടങ്ങളിൽ നിന്നുളവാകുന്ന വ്യാജമുദ്രകളും തമ്മിലുള്ള അന്തരം തന്നെ ലോലമാകയാൽ ഇത് അപകടമേഖല ആണെന്നുള്ള ധാരണ ഒരു പരിധിവരെ സത്യമാണു താനും.പല ആത്മീയഗുരുക്കന്മാരെ സംബന്ധിച്ചിടത്തോളം ക്രിസ്തീയമോക്ഷയാത്രക്കാർക്ക് ഏറ്റവും കരണീയമായ കാര്യം ആത്മപരിശോധന പൂർണമായും ഒഴിവാക്കുകയാണ്. 'ശരിയായ കാര്യങ്ങൾ ചെയ്യുന്നതിൽ ശ്രദ്ധ വയ്ക്കുക, ആന്തരിക ലക്ഷ്യങ്ങളെപ്പറ്റിയുള്ള വിലയിരുത്തൽ ദൈവത്തിനു വിടുക' എന്നാണ് അവർ പറയുന്നത്.



ഏതെങ്കിലും ക്രിസ്തീയ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ചില വിശ്വാസികൾ മറ്റൊരു പാത പിന്തുടരുന്നവരാണ്. ആത്മപരിശോധനയുടെ ഇടങ്ങളെ അപകടം കൂടാതെ നേരിടുവാനും അവർക്ക് കഴിയുന്നു.

ഓസ്‌വാൾഡ് ചേംബേഴ്സ് (1874-1917) എന്ന സവിശേഷതയുള്ള ധ്യാനഗുരു ഈ കാര്യത്തിൽ അനേകരെ സഹായിച്ചിട്ടുള്ള അതുല്യവ്യക്തിയായിരുന്നു. സ്കോട്ട്ലാൻഡിൽ നിന്നുള്ള ആത്മീയമല്ലനായിരുന്നു ചേംബേഴ്സ്. അബെർഡീനിൽ ബാപ്റ്റിസ്റ്റ് ശുശ്രൂഷകന്റെ മകനായി ജനിച്ചു. ഇംഗ്ലണ്ടിലെ അക്കാലത്തെ ഏറ്റവും പ്രസിദ്ധനായ ക്രിസ്തീയ പ്രസംഗകന്റെ-ചാൾസ് ഹാഡൊൻ സ്പർജൻ-ശുശ്രൂഷയിലായിരുന്നു ചേംബേഴ്സ് മാനസാന്തരപ്പെട്ടത്.

ബാപ്റ്റിസ്റ്റ്സഭയിലെ ശുശ്രൂഷയ്ക്കായി 1897 ൽ ഡു നൂൻ കോളജിൽ ചേരുന്നതിനു മുമ്പ് ചേംബേഴ്സ് ലണ്ടനിലും, എഡിൻബറോയിലും പഠിച്ചു. വിദ്യാർത്ഥിയായിരുന്ന കാലത്താണ് സ്കോട്ട്ലാൻഡിലെ അനാഥാലയങ്ങളുടെ സ്ഥാപകനായിരുന്ന വില്യം ക്വാറിയെ അദ്ദേഹം പരിചയപ്പെടുന്നത്. ഈ പരിചയം ചേംബേഴ്സിന്റെ ജീവിതത്തെ മാറ്റിമറിച്ചു. പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ഒരു പുതിയ അനുഭവത്തിലേയ്ക്ക് ചേംബേഴ്സ് പ്രവേശിക്കുകയായിരു

ന്നു. റീഡർ ഹാരിസ് എന്ന ദൈവഭൃത്യൻ തുടക്കമിട്ട പെന്തക്കോസ്തു പ്രാർത്ഥനാസംഘത്തിൽ ചേർന്നു പ്രവർത്തിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഒരു സുവിശേഷകനായി അദ്ദേഹം ചുറ്റി സഞ്ചരിച്ചു. 1911 മുതൽ നാലു വർഷം ലണ്ടനിലെ ക്ലാപ്പാം കോമണിൽ സ്ഥിതി ചെയ്തിരുന്ന ബൈബിൾ പഠനകേന്ദ്രത്തിന്റെ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു.

തന്റെ അവസാനശുശ്രൂഷ ഒന്നാം ലോകമഹായുദ്ധകാലത്തായിരുന്നു. വൈ.എം.സി.എ യുടെ ഒരു പദ്ധതിയുടെ മേൽനോട്ടം വഹിച്ചിരുന്ന ചേംബേഴ്സ് ഈജിപ്റ്റിലെ ബെറ്റൂൺ എന്ന സ്ഥലത്തെ ബ്രട്ടീഷ് പട്ടാളക്കാരുടെ ക്യാമ്പുകളിൽ ദൈവവചനം പ്രഘോഷിക്കുന്ന ദൗത്യം ഒടുവിലായി ഏറ്റെടുത്തു.

രണ്ടു തലമുറകളായി ആയിരക്കണക്കിന് ക്രിസ്തീയ വിശ്വാസികൾ അനുഗ്രഹിക്കപ്പെടാൻ ഇടയായിട്ടുള്ള ലഘു സന്ദേശങ്ങൾ ഇക്കാലത്താണ് അദ്ദേഹം നൽകിയത്. മുകളിൽ സൂചിപ്പിച്ച വേദാഭ്യാസനശാലയിലുള്ള വിദ്യാർത്ഥികളോടും ഈജിപ്റ്റിലെ മണലാരണ്യങ്ങളിൽ തമ്പടിച്ചിരുന്ന പട്ടാളക്കാരോടും അദ്ദേഹം പങ്കുവച്ച ആത്മീയസത്യങ്ങളാണ് ഇക്കാലമത്രയും അനേകരെ വെല്ലുവിളിച്ചുകൊണ്ടിരുന്നത്. 'അവിടുത്തെ മഹത്വത്തിനായി എന്റെ പരമാവധി' (My utmost for His highest) എന്ന ധ്യാനഗ്രന്ഥം ഇത്തരം ധ്യാനചിന്തകളുടെ സമാഹാരമാണ്. ആത്മാവിന്റെ ഉള്ളറകളിലേക്ക് തുളച്ചുകയറുന്ന ചിന്തകൾ നിറച്ചിരിക്കുന്ന പ്രസ്തുതഗ്രന്ഥത്തിൽ നിന്നുള്ള രണ്ട് സന്ദേശങ്ങൾ താഴെ ചേർത്തിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിലെ നിഗൂഢലക്ഷ്യങ്ങളെപ്പറ്റിയുള്ള ചേംബേഴ്സിന്റെ ഉൾക്കാഴ്ച ഈ സന്ദേശങ്ങളിൽ നമുക്ക് ദർശിക്കാം:

# സ്വഭാവാനുസാരിയായ ക്രിസ്തീയത

നിങ്ങളോ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധവിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മീയവർദ്ധന വരുത്തിയും....(യൂദാ. 20).

നമ്മുടെ കർത്താവിനെ സംബന്ധിച്ചിടത്തോളം അമിതമായ ആവേശമോ, തികഞ്ഞ നിസ്സംഗതയോ അല്ലായിരുന്നു മറ്റുള്ളവർ ദർശിച്ചത്. ഒരിക്കലും പരിഭ്രാന്തിയിലേക്ക് പോകാത്ത, സൗമ്യമായ ഒരു ആന്തരികശക്തിയായിരുന്നു കർത്താവിന്റെ ജീവിതത്തിന്റെ മുഖമുദ്ര. നമ്മിൽ മിക്കവരും നമ്മുടെ സ്വഭാവത്തിന് അനുസൃതമായ ഒരു ക്രിസ്തീയതയാണ് പരിശീലിച്ചുവരുന്നത്. ദൈവികമായ ഒരു രീതിയിലല്ല മിക്കപ്പോഴും നമ്മുടെ ക്രിസ്തീയവളർച്ച. സ്വാഭാവികജീവന്റെ ഒരു ലക്ഷണമാണ് ആവേശം. ഒരു ശിഷ്യന്റെ ആത്മീയജീവന്റെ വളർച്ചയെ തടസ്സപ്പെടുത്തുന്നതാകയാൽ കർത്താവ് ആവേശത്തെ അവഗണിക്കുന്നു. നമ്മുടെ ആവേശത്തെ ദൈവാത്മാവ് എപ്രകാരം തടയുന്നു എന്ന കാര്യം ശ്രദ്ധിക്കുക. ക്ഷണത്തിൽ നമ്മുടെ പക്ഷം ന്യായീകരിക്കാനുള്ള ആവേശത്തെ പരിശുദ്ധാത്മാവാണ് വിലക്കുന്നത്. ഒരു ശിശുവിനെ സംബന്ധിച്ചിടത്തോളം 'ആവേശം കൊള്ളുന്നതിൽ തകരാറൊന്നുമില്ല; എന്നാൽ ഒരു സ്ത്രീയോ പുരുഷനോ അമിതാവേശം കാട്ടുന്നത് അപകടകരമത്രേ. ആവേശക്കാരനായ ഒരു വ്യക്തി അമിതമായ ലാളന ലഭിച്ച വ്യക്തിയാണ്. ആത്മീയ ശിക്ഷണത്താൽ ആവേശത്തെ അന്തർജ്ഞാനമായി രൂപാന്തരപ്പെടുത്തേണ്ടതുണ്ട്.





പ്രകൃത്യതീതമായ ദൈവകൃപയാൽ മാത്രമാണ് ശിഷ്യത്വജീവിതം സാദ്ധ്യമായിത്തീരുന്നത്. വെള്ളത്തിൻ മീതേ നടക്കാൻ ആവേശവും ധൈര്യവുമുള്ള ഒരുവന് ഒരു പക്ഷേ അനായാസം സാധിച്ചേക്കും; പക്ഷേ യേശുക്രിസ്തുവിന്റെ ശിഷ്യനായി ഉണങ്ങിയ നിലത്ത് നടക്കുന്നത് അത്ര എളുപ്പമല്ല. യേശുവിന്റെ അടുത്തെത്തുവാൻ പത്രോസ് വെള്ളത്തിൻ മീതേ നടന്നു; എന്നാൽ കരയിൽ ഗുരുവിനെ അവൻ അകലം വിട്ടുമാത്രമാണ് നിർണ്ണായക നിമിഷങ്ങളിൽ അനുഗമിച്ചത് എന്ന കാര്യം മറന്നുകൂടാ. പ്രതിസന്ധികളിൽ നേരേ നിൽക്കാൻ ദൈവകൃപ കൂടിയേ തീരു എന്നില്ല; മനുഷ്യസ്വഭാവത്തിലെ വിപത്തിനെ ധൈര്യം കൊണ്ട് താണ്ടുന്നവരാണ് പലരും. ഇതിൽ ക്ലേശങ്ങൾ മനോഹരമായിത്തീരുന്നു. എന്നാൽ ഒരു ദിവസത്തിന്റെ ഇരുപത്തിനാലു മണിക്കൂറും ഒരു വിശുദ്ധജീവിതം നയിക്കാൻ ഒരു ശിഷ്യന്റെ ക്ലേശകരമായ ജീവിതഭാരം വഹിക്കുവാൻ, ഒരു ക്രിസ്തുശിഷ്യനായി, തികച്ചും ശ്രദ്ധിക്കപ്പെടാത്ത അവഗണിക്കപ്പെടുന്ന ഒരു സാധാരണ ജീവിതം നയിക്കുവാൻ അത്യധികമായ ദൈവകൃപ അനിവാര്യമാണ്.

ദൈവത്തിനായി അസാധാരണമായ കാര്യങ്ങൾ ചെയ്യണം എന്ന ഒരു ചിന്ത എങ്ങനെയോ നമ്മിൽ വേരൂന്നിയിട്ടുണ്ട്. ഈ ചിന്ത ശരിയല്ല. സാധാരണ കാര്യങ്ങളിൽ അസാധാരണമായ വിശ്വസ്തത കാണിക്കുവാനും, ലുബ്ധന്മാരുടെ തെരുവിൽ വിശാലഹൃദയമുള്ള വിശുദ്ധരായി ജീവിക്കുവാനുമാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. അതിനുള്ള പരിശീലനം കേവലം അഞ്ചുമിനിട്ടുകൊണ്ട് ലഭിക്കുന്നതല്ലതാനും.

## വിശുദ്ധജീവിതം

'ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനുവേണ്ടി പൂരിപ്പിക്കുന്ന' (കൊലൊ. 1:24).

ഒരു യഥാർത്ഥക്രിസ്ത്യാനി കർത്താവായ യേശുക്രിസ്തുവിനോടും അവിടുത്തെ വീണ്ടെടുപ്പിനോടും താദാത്മ്യം പ്രാപിച്ച് ക്രിസ്തുവിന്റെ ജീവദായക ശക്തി തന്നിലൂടെ വെളിപ്പെടുത്തുന്നവനായിരിക്കണം. ഒരു വ്യക്തിയുടെ വ്യക്തിപ്രഭാവം മറ്റൊരുവന്റെ മേൽ മുദ്രണം ചെയ്യുന്ന കാര്യമല്ല, ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യം ഒരു ക്രിസ്തുശിഷ്യന്റെ ജീവിതത്തിന്റെ ഓരോ കണികയിലൂടെയും പുറത്തുവരുന്ന കാര്യമാണ് പൗലൊസ് മുകളിൽ ഉദ്ധരിച്ച വചനത്തിൽ പറയുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതത്തെയും മരണത്തെയും കുറിച്ചുള്ള ചരിത്രവസ്തുതകൾ നാം പുതിയനിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രസംഗിക്കുമ്പോൾ നമ്മുടെ വാക്കുകൾ പവിത്രമായിത്തീരുകയാണ്. ദൈവം നമ്മുടെ പ്രസംഗത്തിന്റെ വചനങ്ങളെ തന്റെ വീണ്ടെടുപ്പിന്റെ അടിസ്ഥാനത്തിൽ ശ്രോതാക്കളിൽ പുനഃസൃഷ്ടി നടത്തുവാൻ ഉപയോഗിക്കുകയത്രേ ചെയ്യുന്നത്. മറ്റൊരു വിധത്തിലും ആ പ്രവൃത്തി സാദ്ധ്യമല്ല. മറിച്ച് യേശുവിനെക്കുറിച്ചുള്ള വെളിപ്പാട് പ്രസംഗിക്കുന്നതിനു പകരം വീണ്ടെടുപ്പിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ച നടത്തിയാൽ ശ്രോതാക്കളിൽ വീണ്ടുംജനനം നടക്കുകയില്ല. കേൾവിക്കാരിൽ കുറേക്കൂടി നേർമയുള്ള ആത്മീയസംസ്കാരം ഉളവാക്കാൻ അത്തരം ചർച്ചകൾക്ക് കഴിയുമെങ്കിലും, പരിശുദ്ധാത്മാവിന് അത്തരം പ്രസംഗങ്ങളെ പിൻതുണയ്ക്കുവാൻ കഴികയില്ല. ആത്മാവിന്റെ സാക്ഷ്യം മറ്റൊരു മേഖലയിലത്രേ. ദൈവത്തോട് ചേർന്നു നടക്കുന്ന അനുഭവം ഉള്ളവ

രായി അവിടുത്തെ സത്യങ്ങളെ നാം പ്രഘോഷിക്കുമ്പോൾ ദൈവത്തിനു മാത്രം സാദ്ധ്യമായ സൃഷ്ടിപ്പിന്റെ പ്രവൃത്തി അവിടുന്ന് മനുഷ്യമനുസ്സുകളിൽ ചെയ്യുന്നു.

'എന്തൊരു വ്യക്തിപ്രഭാവം!' 'എത്ര ആകർഷണീയമായ വ്യക്തിത്വം!' 'എത്ര അത്ഭുതകരമായ ആന്തരിക ദർശനം!' ദൈവത്തിന്റെ സുവിശേഷത്തിന് ഇത്തരം വ്യക്തികളിലൂടെ എന്തു സാദ്ധ്യതയാണുള്ളത്? ദൈവികപ്രവൃത്തി അത്തരം വ്യക്തികളിലൂടെ നടക്കുകയില്ല. കാരണം, അവരുടെ വ്യക്തിപ്രഭാവം ആകർഷകശക്തിയായിരിക്കുന്നിടത്തോളം ദൈവത്തിങ്കലേക്ക് ഹൃദയങ്ങൾ ആകർഷിക്കപ്പെടുന്നില്ല. തന്റെ വ്യക്തിപ്രഭാവം കൊണ്ട് ഒരുവൻ മറ്റൊരാളിനെ ആകർഷിക്കുന്നെങ്കിൽ സുവിശേഷത്തിന്റെ യഥാർത്ഥലക്ഷ്യത്തിലേക്ക് അപരനെ നടത്താൻ കഴികയില്ല. എന്നാൽ പ്രസംഗകൻ യേശുവിന്റെ വ്യക്തിത്വവുമായി താദാത്മ്യം പ്രാപിച്ചുകഴിഞ്ഞാൽ യേശുവിന് എന്തു ചെയ്യാൻ കഴിയും എന്ന കാര്യമാണ് ആകർഷകബിന്ദു. മനുഷ്യരിൽ പ്രശംസിക്കുന്നത് തികച്ചും അപകടകരം തന്നെ 'നാം യേശുവിനെ ഉയർത്തണം' എന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

**സമ്പാദകൻ: മാത്യു ജോർജ്**

*(കടപ്പാട്: All the saints adore Thee- Bruce Shelly)*

## എഡിറ്റോറിയൽ *തുടർച്ച*

അതേ മനോഭാവത്തിലേക്കും ഉദ്ദേശ്യശുദ്ധിഇല്ലായ്മയിലേക്കും ക്രിസ്തു മതവും വീണു പോയിരിക്കുകയല്ലേ? മതപരമായ വൻപ്രവർത്തനങ്ങളിലാണ് ഇന്നു നമ്മുടെ കണ്ണ് പക്ഷേ പ്രവർത്തനത്തിനപ്പുറത്ത് അവയ്ക്ക് പിന്നിലെ മനോഭാവത്തിന്റെ ശുദ്ധിയെയാണു ദൈവം ശ്രദ്ധിക്കുന്നതെന്നു നാം സൗകര്യപൂർവ്വം വിസ്മരിച്ചിരിക്കുന്നു! മനുഷ്യരുടെ മുൻപാകെയുള്ള ജീവിതത്തിൽ അധിഷ്ഠിതമായി അതിന്റെ ഫലമായി ഉണ്ടാകുന്ന മത്സരത്തിലും അസൂയയിലും ആണു നാം 'നല്ല കാര്യങ്ങൾ' പ്രവർത്തിക്കുന്നതെങ്കിൽ അത് 'ഇരട്ടി നരക'ത്തിനു യോഗ്യമായ പരീശന്മാരുടെ മതപ്രവർത്തനങ്ങൾ പോലെ മാത്രമേ ദൈവം പരിഗണിക്കുകയുള്ളൂ (മത്തായി 23:15).

നമ്മുടെ 'നല്ലപ്രവൃത്തി'കൾക്കു പിന്നിലെ മനോഭാവവും നല്ലതായിരിക്കണം. എന്നാൽ മാത്രമേ ദൈവം അവയെ ജീവനുള്ള പ്രവൃത്തികളായി അംഗീകരിക്കുകയും ആസ്വദിക്കുകയുമുള്ളു. തെറ്റായ മനോഭാവത്തോടെ ചെയ്യുന്ന 'നല്ല പ്രവൃത്തികളെ' ദൈവം നിർജ്ജീവ പ്രവൃത്തികളായാണ് എണ്ണുന്നത്!

നിർജ്ജീവപ്രവൃത്തികളെ വിട്ടു തിരിഞ്ഞു വീണ്ടും ശിശുക്കളെപ്പോലെയാകുമ്പോൾ നാം നമ്മുടെ മനോഭാവത്തിന്റെ ശുദ്ധിയെ വീണ്ടെടുക്കുകയാണു ചെയ്യുന്നത്. നമ്മിലുള്ള 'വലിയ മനുഷ്യൻ' ഊർജ്ജം സ്വീകരിക്കുന്നത് എപ്പോഴും നിഗളത്തിൽ നിന്നാണ്. നിഗളത്തിനുള്ള പ്രതിവിധി താഴ്മയാണ്. (1 പത്രോ. 5:5, യാക്കോബ് 4:6). താഴ്മയുടെ ഈ രഹസ്യം ജ്ഞാനികൾക്കും വിവേകികൾക്കും ദൈവം മറയ്ക്കും. എന്നാൽ ശിശുക്കൾക്കുവെളിപ്പെടുത്തും (മത്തായി 11:25)

പ്രവർത്തനത്തിനു പിന്നിലുള്ള പ്രേരകശക്തി ശുദ്ധമായ മനോഭാവത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാകണം. അതിനായി നമ്മിലെ 'വലിയ മനുഷ്യനെ' വിട്ടുകളഞ്ഞ് തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരാം. ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്താൻ നമുക്കു മനസ്സുണ്ടെങ്കിൽ അതിനു ധാരാളം അവസരങ്ങൾ ജീവിത പാതയിൽ ദൈവം നമുക്കായി ഒരുക്കി വയ്ക്കുമെന്ന് ഓർക്കുക.





വചനം

# സ്നേഹത്തിൽ സമ്പൂർണ്ണരാകുക

**പ**ഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം എന്ത്?

പലരും ചിന്തിക്കുന്ന വ്യത്യാസം ഇതാണ്:- പഴയനിയമത്തിൻ കീഴിൽ ആളുകൾക്ക് ദൈവികനിയമങ്ങൾ അനുസരിക്കേണ്ടിയിരുന്നു. എന്നാൽ പുതിയനിയമത്തിൻ കീഴിലാകട്ടെ, യേശു നമുക്കുവേണ്ടി അവയെ പ്രമാണിച്ചതു കൊണ്ട് നാം അവ പ്രമാണിക്കേണ്ടതില്ല.

എന്നാൽ ഇതു സത്യമല്ല, പഴയനിയമത്തിൻ കീഴിൽ ജനങ്ങൾക്ക് ദൈവികനിയമങ്ങൾ പാലിക്കുവാൻ കഴിവില്ലായിരുന്നു; എന്നാൽ പുതിയനിയമത്തിൻ കീഴിൽ നമുക്ക് ആ കഴിവു ലഭിക്കുന്നുവെന്നതാണ് വ്യത്യാസം. റോമർ 6:14 വായിക്കുമ്പോൾ ഈ വ്യത്യാസം വളരെ സ്പഷ്ടമാകുന്നു. "നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ." പാപം ദൈവികനിയമങ്ങളുടെ ലംഘനമാണെന്ന് 1 യോഹന്നാൻ 3:4-ൽ നാം കാണുന്നു (Sin is transgression of the law) അതിനാൽ റോമർ 6:14-ന്റെ അർത്ഥം ഇതാണ്: നാം ഇനിയും ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ ദൈവികനിയമങ്ങളെ നാം ലംഘിക്കേണ്ട ആവശ്യമില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ പുതിയനിയമപ്രകാരം നാം കൃപയ്ക്ക് അധീനരാകയാൽ ദൈവികനിയമങ്ങൾ പ്രമാണിപ്പാൻ നമുക്കു കഴിവുണ്ട്. സത്യം ഗ്രഹിപ്പാൻ താൽപര്യമുള്ള എല്ലാവർക്കും ആ വാക്യത്തിന്റെ അർത്ഥം ഇതുതന്നെയാണ്. റോമർ 8-ൽ 3, 4 എന്നീ വാക്യങ്ങളും ഇതിനോടു യോജിക്കുന്നു.

ന്യായപ്രമാണത്തിനു ചെയ്യാൻ കഴിയാത്തത് - അതായത് മനുഷ്യരെ സൽഗുണപൂർണ്ണരാക്കുക എന്നത്- (എബ്രാ. 7:19;10-1) ദൈവം ചെയ്തു. മനുഷ്യജഡത്തിന്റെ ബലഹീനത നിമിത്തമാണ് ന്യായപ്രമാണത്തിന് ഇതു ചെയ്യാൻ കഴിയാതെപോയത്. തന്മൂലം ജഡത്തിലുള്ള പാപത്തെ അതിജീവിക്കുമാറ് ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ ഭൂമിയിലേക്ക് അയച്ചു.(റോമർ 8:3 Amplified) ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ യേശു ജഡത്തെ ജയിച്ചതുപോലെ നാമും ജയിക്കയും ദൈവികനിയമങ്ങൾ പാലിച്ച് പരിപൂർണ്ണത നേടുകയും വേണം എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. (റോമർ 8:4)

ദൈവികനിയമത്തെ സ്നേഹം എന്ന ഒറ്റവാക്കിൽ സംക്ഷേപിക്കാം. ദൈവത്തോടുള്ള സ്നേഹം, അയൽക്കാരനോടുള്ള സ്നേഹം എന്നീ രണ്ടു കല്പനകളിൽ ന്യായപ്രമാണത്തേയും പ്രവാചകന്മാരേയും മുഴുവൻ സംക്ഷേപിക്കാമെന്ന് കർത്താവുതന്നെ പറഞ്ഞിട്ടുണ്ട്. (മത്തായി 22:37-40) സ്വന്ത

> പൗലോസ് തിമോഥയോസിനെഴുതുമ്പോൾ- സ്നേഹമാണ് തന്റെ മുഴുവൻ ഉപദേശത്തിന്റെയും ലക്ഷ്യമെന്ന് പ്രസ്താവിക്കുന്നു. ജനങ്ങളെ പാപക്ഷമയിലേക്ക് മാത്രം നയിക്കുകയായിരുന്നില്ല പൗലോസിന്റെ ലക്ഷ്യം. പാപത്തിന്മേലുള്ള വിജയം പോലും നിഷേധാത്മകമായ ഒരു കാര്യമായതുകൊണ്ട് അതും ആയിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. അവർ സ്നേഹത്തിൽ തികഞ്ഞവരാകണം എന്ന ക്രിയാത്മകമായ കാര്യമായിരുന്നു അദ്ദേഹം ലക്ഷ്യമാക്കിയത്. ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിർത്തുക എന്ന ലക്ഷ്യത്തോടെയാണ് താൻ അധ്വാനിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു.

സഹോദരനെ സ്നേഹിക്കാതെ ഒരുവന് ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയാൻ സാധിക്കാത്ത വിധം ഈ രണ്ടു കല്പനകളും അത്ര ഗാഢബന്ധമുള്ളവയാണ് (1 യോഹ 4:20, 21) അതിനാൽ-"കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്ന ഏകവാക്യത്തിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്ന''തായി പൗലോസ് പ്രസ്താവിക്കുന്നു. (ഗലാ. 5:14). ഇതിനെത്തന്നെയാണ് പരിശുദ്ധാത്മാവിന്റെ ഫലമായും അദ്ദേഹം തുടർന്നു പരാമർശിക്കുന്നത്. (വാ. 22) സ്നേഹം ന്യായപ്രമാണത്തിന്റെ സഫലീകരണം തന്നെ (റോമർ 13:10).

പൗലോസ് തിമോഥയോസിനെഴുതുമ്പോൾ- ഈ സ്നേഹമാണ് തന്റെ മുഴുവൻ ഉപദേശത്തിന്റെയും ലക്ഷ്യമെന്ന് പ്രസ്താവിക്കുന്നു. (1 തിമോ. 1:5) ജനങ്ങളെ പാപക്ഷമയിലേക്ക് മാത്രം നയിക്കുകയായിരുന്നില്ല പൗലോസിന്റെ ലക്ഷ്യം. പാപത്തിന്മേലുള്ള വിജയം പോലും നിഷേധാത്മകമായ ഒരു കാര്യമായതുകൊണ്ട് അതും ആയിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. അവർ സ്നേഹത്തിൽ തികഞ്ഞവരാകണം എന്ന ക്രിയാത്മകമായ (Positive) കാര്യമായിരുന്നു അദ്ദേഹം ലക്ഷ്യമാക്കിയത്. ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിർത്തുക എന്ന ലക്ഷ്യത്തോടെയാണ് താൻ അധ്വാനിക്കുന്നതെന്ന് കൊലോസ്യർ 1:28, 29 വാക്യങ്ങളിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു.

ഈ മാർഗ്ഗത്തിൽ കൂടിയാണ് ക്രിസ്തുവിന്റെ യഥാർത്ഥസഭ പണിയുന്നത്. യേശു ക്രൂശിൽച്ചൊരിഞ്ഞ രക്തത്താൽ ആളുകൾക്ക് പാപക്ഷമയും വിശ്വാസിയുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാൽ പാപത്തിന്മേൽ വിജയവും ലഭിച്ചശേഷം ആത്മാവിനാൽ അവർ സ്നേഹത്തിൽ തികഞ്ഞവരായിത്തീരുന്ന ഒരവസ്ഥയിലേക്ക് നയിക്കപ്പെടുക എന്നതാണ് ദൈവത്തിന്റെ ലക്ഷ്യം.

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; അവിടുത്തെ കാണുവാൻ മനുഷ്യർക്കുള്ള ഏകമാർഗ്ഗം നമ്മിലൂടെയാണ്-എന്ന് യോഹന്നാൻ എഴുതുന്നു. യേശു നമ്മെ സ്നേഹിച്ച ആ പരിപൂർണ്ണസ്നേഹത്തോടെ നാം അന്യോന്യം സ്നേഹിക്കുമ്പോൾ മാത്രമാണ് ഇതു സാധിക്കുന്നത്. (1 യോഹ 4:12) ഭൂരിപക്ഷം വിശ്വാസികളും ഈ വാക്യത്തെ ഒരു സാധ്യതയായി എഴുതിത്തള്ളിയിരിക്കുന്നു. തന്മൂലം അവർ അസൂയയിലും ഭിന്നതയിലും നീരസത്തിലും കലഹത്തിലും നിഗളത്തിലും ജീവിച്ച് അതല്ലാതെ വേറെ പോംവഴിയില്ലെന്ന തീരുമാനത്തിൽച്ചെന്നെത്തിയിരിക്കുന്നു. എന്നാൽ യേശു നമുക്കുവേണ്ടി സമ്പാദിച്ച രക്ഷ ഈ വിധം പരാജയത്തിന്റെ പടുകുഴിയിൽപ്പതിച്ചു കിടക്കുന്ന ദയനീയമായ ഒരു രക്ഷയല്ല. പരിപൂർണ്ണസ്നേഹം എന്ന





വാഗ്ദത്തദേശത്തു പ്രവേശിക്കുവാനാകാതെ പലരേയും അതിൽനിന്നകറ്റി നിറുത്തിയിട്ടുള്ളത് അവിശ്വാസം തന്നെയാണ്. എന്നാൽ യോശുവാമാരും കാലേബുമാരും ഇന്ന് ആ വാഗ്ദത്തഭൂമിയിൽ പ്രവേശിച്ച് അവിടം അവകാശമാക്കുകയും എല്ലാ മല്ലന്മാരെയും കീഴടക്കുകയും ചെയ്യുന്നുണ്ട്.

ഇവിടെ ഈ ഭൂമിയിൽ വച്ചുതന്നെ നാം സ്നേഹത്തിൽ തികഞ്ഞവരാകണം എന്നത് ദൈവഹിതമത്രേ. അന്യോന്യസ്നേഹത്തിനു വിഘാതമായ നീരസം, അസൂയ, ദൂഷണം, അസഹിഷ്ണുത, നിഗളം എന്നിങ്ങനെയുള്ള എല്ലാറ്റിൽ നിന്നും നാം സമ്പൂർണ്ണ സ്വാതന്ത്ര്യം നേടണം എന്നതാണ് അവിടുത്തെ തിരുഹിതം. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹിക്കണം.'' എന്ന് യേശു നമ്മോടു കല്പിക്കുകയും ആ സ്നേഹം മൂലം നാം അവിടുത്തെ ശിഷ്യന്മാർ എന്ന് എല്ലാവരും തിരിച്ചറിയുമെന്നു പ്രസ്താവിക്കുകയും ചെയ്തു. സുവിശേഷ പ്രചാരണത്തിനായി പുതിയ സങ്കേതങ്ങളും ഉപകരണങ്ങളുമെല്ലാം ഉപയോഗിക്കുന്നവരിൽ ഒരു വലിയ പങ്കാളുകൾ വിസ്മരിച്ചുകളയുന്ന ഒരു സുവിശേഷ പ്രചാരണമാർഗമാണിത്. **യേശു തങ്ങളെ സ്നേഹിച്ചതുപോലെ** പരസ്പരം സ്നേഹിക്കുവാൻ ദൃഢപ്രതിജ്ഞയെടുത്ത ഒരു കൂട്ടം വിശ്വാസികളെ നമുക്ക് എവിടെ കണ്ടെത്തുവാൻ കഴിയും? "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" എന്ന് കർത്താവ് അരുളിച്ചെയ്തു. അവിടുത്തെ കല്പനകളിൽ സർവശ്രേഷ്ഠം താൻ സ്നേഹിച്ചതുപോലെ നാമും അന്യോന്യം സ്നേഹിക്കണം എന്നതത്രേ.

> പലരും അസൂയയിലും ഭിന്നതയിലും നീരസത്തിലും കലഹത്തിലും നിഗളത്തിലും ജീവിച്ച് അതല്ലാതെ വേറെ പോംവഴിയില്ലെന്ന തീരുമാനത്തിൽച്ചെന്നെത്തിയിരിക്കുന്നു. എന്നാൽ യേശു നമുക്കുവേണ്ടി സമ്പാദിച്ച രക്ഷ ഈ വിധം പരാജയത്തിന്റെ പടുകുഴിയിൽപ്പതിച്ചു കിടക്കുന്ന ദയനീയമായ ഒരു രക്ഷയല്ല. പരിപൂർണ്ണസ്നേഹം എന്ന വാഗ്ദത്തദേശത്തു പ്രവേശിക്കുവാനാകാതെ പലരേയും അതിൽനിന്നകറ്റി നിറുത്തിയിട്ടുള്ളത് അവിശ്വാസം തന്നെയാണ്. എന്നാൽ യോശുവാമാരും കാലേബുമാരും ഇന്ന് ആ വാഗ്ദത്തഭൂമിയിൽ പ്രവേശിച്ച് അവിടം അവകാശമാക്കും.

അതിനാൽ യേശുവിനോടുള്ള നമ്മുടെ സ്നേഹത്തിന്റെ യഥാർത്ഥ ഉരകല്ല് ഇതാണ്: താൻ നമ്മെ സ്നേഹിച്ചതുപോലെ നമ്മുടെ സഹവിശ്വാസികളെ സ്നേഹിക്കുവാനും സ്നേഹത്തിൽ തികഞ്ഞവരായിത്തീരുവാനുമുള്ള ഒരു വലിയ വാഞ്ഛ നമുക്കുണ്ടോ?

മറ്റുള്ളവരോടു പ്രസംഗിക്കുക, ത്യാഗം സഹിക്കുക, ആത്മവരങ്ങൾ സ്വായത്തമാക്കുക എന്നിവയൊന്നും ആ സ്നേഹത്തിനു പകരമാകുന്നില്ല. അന്യഭാഷ, പ്രവചനം എന്നീ വരങ്ങൾ ഉള്ളവരും മലകളെ നീക്കുവാൻ തക്ക വിശ്വാസമുള്ളവരും സകല ദൈവിക മർമ്മങ്ങളും ഗ്രഹിച്ചവരും തങ്ങൾക്കുള്ളതെല്ലാം ദാനം ചെയ്തവരും സുവിശേഷത്തിനുവേണ്ടി സ്വന്തം ശരീരം ചുടുവാൻ ഏല്പിച്ചവരുമെല്ലാം സ്നേഹശൂന്യരായിത്തീരാനും, അങ്ങനെ അവസാനദിവസത്തിൽ ദൈവത്തിൽ നിന്ന് വെറും പൂജ്യം മാത്രം വാങ്ങുവാനും സാധ്യതയുള്ള

> സ്നേഹത്തിൽ നാം തികഞ്ഞവരാകണമെങ്കിൽ ആദ്യമേതന്നെ നാം ദൈവസ്നേഹത്തിൽ ഉറപ്പും സുരക്ഷിതബോധവും ഉള്ളവരാകണം. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെപ്പറ്റി നാം ഉറപ്പുള്ളവരാകുമ്പോൾ നമ്മുടെ ജീവിതത്തിൽ ഭയത്തിന് സ്ഥാനമില്ലാതാകും. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നുവല്ലോ. നാം ദൈവത്തെ പൂർണ്ണമായി സ്നേഹിക്കുന്നവരെങ്കിൽ അവിടുത്തെ അനുവാദം കൂടാതെ ഒന്നും നമുക്ക് ഭവിക്കുകയില്ല. സകലതും നമ്മുടെ നന്മയ്ക്കായി കൂടിച്ചേർന്ന് വ്യാപരിക്കും.

തായി പൗലോസ് പ്രസ്താവിക്കുന്നു.

യഥാർത്ഥത്തിൽ നാം അന്വേഷിക്കേണ്ട സർവോന്നതമായ കാര്യം സമ്പൂർണ്ണസ്നേഹം തന്നെ (1 കോരി. 13:1:3;14;1) മറ്റുള്ളതെല്ലാം വിറ്റ് കരസ്ഥമാക്കേണ്ട നിധി ഇതത്രേ. മറ്റു മുത്തുകളെല്ലാം വിറ്റുകളഞ്ഞ് സ്വായത്തമാക്കേണ്ട വിലയേറിയ മുത്തും ഇതുതന്നെ. എന്നാൽ ദൈവവചനം പ്രസ്താവിക്കുന്നതു പോലെ ഇതാണ് സർവോന്നതസമ്പാദ്യം എന്ന സത്യം ബോധ്യമാകാതെ നാം മറ്റുള്ളതെല്ലാം വെടിയുകയില്ല.

സമ്പൂർണ്ണസ്നേഹത്തോടെ അന്യോന്യം സ്നേഹിക്കുക എന്നുവച്ചാൽ സഭയിൽ മറ്റുള്ളവരെ വിലപ്പെട്ടവരായിക്കരുതുക എന്നതാണ് അതിന്റെയർത്ഥം. മറ്റുള്ളവരിൽ നാം പ്രമോദിക്കണം. അവരോട് വിശ്വസ്തരും സത്യസന്ധരുമാകണം. ഇക്കാര്യങ്ങളെല്ലാം അവർ നമ്മുടെ മുമ്പിലുള്ളപ്പോൾ മാത്രമല്ല അവരെപ്പറ്റിയുള്ള നമ്മുടെ ചിന്തയിലും കൂടെ ചെയ്യേണ്ടതാണ്. അങ്ങനെയെങ്കിൽ മറ്റുള്ളവരെപ്പറ്റി ദൂഷണം പറയുവാനോ വിമർശിക്കുവാനോ നമുക്കിടവരികയില്ല. നേരേമറിച്ച് നാം അന്യോന്യം ഭാരങ്ങൾ ചുമക്കും. സഹവിശ്വാസികളെ സേവിച്ചും ബഹുമാനിച്ചും നമ്മുടെ ഭൗതികനന്മകളിൽ ഓഹരി നൽകിയും നാം അവർക്ക് എല്ലാവിധത്തിലും നന്മ ചെയ്യുന്നവരാകും. അപ്പോൾ സഭയിലൊരുത്തരും ബുദ്ധിമുട്ടിലിരിക്കുകയില്ല. അങ്ങനെ ധാരാളം കാര്യങ്ങൾ നമുക്കു ചെയ്യാനുണ്ട്. ദൈവം മൗനമായി നമ്മുടെ നന്മയ്ക്കുവേണ്ടി പ്ലാൻ ചെയ്യുന്നതുപോലെ (സെഫന്യാവ് 3:17 literaral translation) നാമും സഹവിശ്വാസികളുടെ നന്മയ്ക്കുവേണ്ടി നിശ്ശബ്ദമായി പ്ലാൻ ചെയ്യുന്നവരായിത്തീരും.

ഇപ്രകാരം സ്നേഹത്തിൽ നാം തികഞ്ഞവരാകണമെങ്കിൽ ആദ്യമേതന്നെ നാം ദൈവസ്നേഹത്തിൽ ഉറപ്പും സുരക്ഷിതബോധവും ഉള്ളവരാകണം. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെപ്പറ്റി നാം ഉറപ്പുള്ളവരാകുമ്പോൾ നമ്മുടെ ജീവിതത്തിൽ ഭയത്തിന് സ്ഥാനമില്ലാതാകും. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നുവല്ലോ (1 യോഹ.4:16;18) നാം ദൈവത്തെ പൂർണ്ണമായി സ്നേഹിക്കുന്നവരെങ്കിൽ അവിടുത്തെ അനുവാദം കൂടാതെ ഒന്നും നമുക്ക് ഭവിക്കുകയില്ല. സകലതും നമ്മുടെ നന്മയ്ക്കായി കൂടിച്ചേർന്ന് വ്യാപരിക്കും. തന്റെ വിശ്വസ്തഭൃത്യനായ മൊർദ്ദേഖായിയുടെ ജീവിതത്തിൽ സ്വഹിതം നിറവേറ്റുന്നതിനുവേണ്ടി ദൈവം ഒരു രാത്രി ഒരു രാജാവിന് ഉറക്കം വരുത്താതിരുന്നതായി എസ്ഥേറിന്റെ പുസ്തകത്തിൽ കാണുന്നു. അതുപോലെ യോസേഫിന്റെ ജീവിതത്തിൽ ദൈവഹിതം നിറവേറ്റുന്നതിലേക്കായി മനുഷ്യന്റെ കോപം ദൈവത്തിന്റെ ഉദ്ദേശ്യനിർവ്വഹണത്തിന് സഹായകമായിത്തീർന്നതിനെപ്പറ്റി നാം വായിക്കുന്നു.





ഈ സത്യം നമ്മുടെ ഹൃദയങ്ങൾക്ക് വളരെ ആശ്വാസം നൽകുന്ന ഒന്നത്രേ. വീണുപോകുന്ന ഒരു നിസ്സാരകുരുവിയോ തലയിലെ ഒരു രോമത്തെപ്പോലുമോ, ദൈവം കാണാതിരിക്കുന്നില്ല. സ്വപുത്രനെ നമുക്കുവേണ്ടി സൗജന്യമായി നൽകിയവൻ സകലവും നമുക്ക് നൽകാതിരിക്കയില്ല. സകലവും നിങ്ങൾക്കുള്ളതത്രേ എന്ന് പൗലോസ് പറയുന്നു. (1 കോരി. 3:22) നമുക്ക് വഹിക്കാവുന്നതിനപ്പുറമായ ഒരു പരീക്ഷയോ പീഡനമോ നമുക്ക് നേരിടുകയില്ല (1 കോരി;10:13-ൽ അതിനുള്ള ഗ്യാരണ്ടി ദൈവം നമുക്ക് നൽകിയിട്ടുണ്ട്. അത് ആയുഷ്ക്കാലപര്യന്തമുള്ള ഒരു ഗ്യാരണ്ടിയുമാണ്. ഒരു പാട്ടിൽ ഇങ്ങനെ പറയുന്നു:-

പീഡയിലോരോന്നും തൻ ത്രാസിൽ  
തൂക്കിയതത്രേ കൃത്യമതായ്  
എല്ലാം നമ്മുടെ നന്മയ്ക്കായ് താൻ  
ദുർവ്വഹമൊന്നും വന്നീടാ.

ഈസ്ക്കര്യോത്തായൂദാപോലും സ്നേഹസമ്പന്നനായ പിതാവിന്റെ കൈകളിൽ അവിടുത്തെ ഇഷ്ടം നിറവേറ്റുന്നതിനുള്ള ഉപകരണമായി മാറുന്നു. അതിനാൽ പ്രതികൂലസാഹചര്യങ്ങൾ വരുമ്പോൾ നമുക്ക് പത്രോസിനെപ്പോലെ വാളൂരി വെട്ടേണ്ട ആവശ്യമില്ല. നേരേമറിച്ച് "യേശുവിനെപ്പോലെ യഥാർത്ഥ രാജാക്കന്മാരായി സ്വസ്ഥതാപൂർവ്വം ദൈവഹിതത്തിന് നമ്മെത്തന്നെ ഏല്പിച്ചു കൊടുക്കുവാൻ നമുക്ക് കഴിയും." മേലിൽ നിന്നു കിട്ടീട്ടില്ല എങ്കിൽ എന്റെ മേൽ നിനക്ക് ഒരധികാരവും ഉണ്ടാകയില്ലായിരുന്നു." എന്ന് പീലാത്തോസിനോട് പറയുവാൻ കർത്താവിന് കഴിഞ്ഞു. (യോഹ. 19:11). നമുക്കും നമ്മുടെ ചുറ്റുമുള്ള എല്ലാ ഭൂവാസികളേയും നോക്കി ഈ വാക്കുകൾതന്നെ പറയുവാൻ കഴിയും.

> ദൈവത്തിന്റെ എല്ലാ പദ്ധതികളും നമ്മുടെ നന്മയ്ക്കുവേണ്ടിയാണ്. ബാലശിക്ഷകൾ പോലും നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിനത്രേ. നമ്മുടെ സ്വന്തമായ ഒരു വിശുദ്ധി നാം പ്രാപിക്കാതിരിക്കാനും സകലവും നമ്മുടെ നന്മയ്ക്കായി ദൈവം പ്ലാൻ ചെയ്തിരിക്കുന്നു. അതുകൊണ്ട് ഒരു ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ ആകുലചിന്തയ്ക്കോ ഭയത്തിനോ യാതൊരു സ്ഥാനവുമില്ല. ആകുലചിന്തയും ഭയവും അവിശ്വാസവുമുള്ള ഒരു ദുഷ്ടഹൃദയത്തിൽനിന്ന് വരുന്നവയാകയാൽ പാപങ്ങളത്രേ.

ദൈവത്തിന്റെ എല്ലാ പദ്ധതികളും നമ്മുടെ നന്മയ്ക്കുവേണ്ടിയാണ്. ബാലശിക്ഷകൾ പോലും നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിനത്രേ. (എബ്രാ.12:10) നമ്മുടെ സ്വന്തമായ ഒരു വിശുദ്ധി നാം പ്രാപിക്കാതിരിക്കാനും സകലവും നമ്മുടെ നന്മയ്ക്കായി ദൈവം പ്ലാൻ ചെയ്തിരിക്കുന്നു. അതുകൊണ്ട് ഒരു ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ ആകുലചിന്തയ്ക്കോ ഭയത്തിനോ യാതൊരു സ്ഥാനവുമില്ല. ആകുലചിന്തയും ഭയവും അവിശ്വാസവുമുള്ള ഒരു ദുഷ്ടഹൃദയത്തിൽനിന്ന് വരുന്നവയാകയാൽ പാപങ്ങളത്രേ. വിശ്വാസവും ആകുലചിന്തയും ഒരേ ഹൃദയത്തിൽ ഒരുമിച്ചു കുടികൊള്ളുവാൻ ഒരിക്കലും സാധ്യമല്ല.

''ഞങ്ങൾക്ക് വിശ്വാസമുണ്ട്: എന്നാലും ഞങ്ങൾ ഭയപ്പെടുകയും വ്യാകുലരാകുകയും ചെയ്യുന്നു" എന്നു നാം പറയുന്നു എങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. യേശുവിന്റെ ശിഷ്യ

**ദൈവം കഠിനചിത്തനും വളരെ പ്രയാസമുള്ള കാര്യങ്ങൾ നമ്മോടാവശ്യപ്പെടുന്നവനുമെന്ന് നാം കരുതുന്നുവെങ്കിൽ നാം വിശ്വസിക്കുന്ന ആ സാങ്കല്പിക ദൈവത്തെപ്പോലെ നാമും അറിയാതെതന്നെ മറ്റുള്ളവരോട് കഠിനചിത്തരും നിർദ്ദാക്ഷിണ്യരുമായിത്തീരും. ദൈവം ഒരു പോലീസുകാരനെപ്പോലെ നമ്മുടെ ഓരോ ദുർനടപടിയും കണ്ടുപിടിക്കാൻ ജാഗരൂകനെന്ന് നാം കരുതുന്നുവെങ്കിൽ നാമും മറ്റുള്ളവരോട് അതേ മനോഭാവമുള്ളവരായിത്തീരും.**

ന്മാർ പലപ്പോഴും വ്യാകുലചിന്തയും ഭയവും പ്രദർശിപ്പിച്ചപ്പോൾ യേശു അവരുടെ അവിശ്വാസത്തെ ശാസിച്ചിട്ടുണ്ട്.

മറ്റുള്ളവരോടുള്ള സ്നേഹത്തിൽ നാം തികഞ്ഞവരായിത്തീരണമെങ്കിൽ ആദ്യമേതന്നെ നാം ദൈവസ്നേഹത്തിലുള്ള പൂർണ്ണമായ സുരക്ഷിതബോധം കൈവരിക്കണം. എന്തെന്നാൽ നാം സ്വയം ദൈവത്തിൽ സുരക്ഷിതരല്ലാതിരിക്കുമ്പോഴാണ് മറ്റുള്ളവരുടെ നേരേ വിമർശനപൂർവവും സ്നേഹഹീനവുമായ മനോഭാവം നമ്മിൽ അങ്കുരിക്കുന്നത്. അപ്പോൾ മറ്റുള്ളവരെ വിധിക്കുവാനും കുറ്റപ്പെടുത്തുവാനും നമുക്ക് വളരെയെളുപ്പമാണ്.

ദൈവം കഠിനചിത്തനും വളരെ പ്രയാസമുള്ള കാര്യങ്ങൾ നമ്മോടാവശ്യപ്പെടുന്നവനുമെന്ന് നാം കരുതുന്നുവെങ്കിൽ നാം വിശ്വസിക്കുന്ന ആ സാങ്കല്പിക ദൈവത്തെപ്പോലെ നാമും അറിയാതെതന്നെ മറ്റുള്ളവരോട് കഠിനചിത്തരും നിർദ്ദാക്ഷിണ്യരുമായിത്തീരും. ദൈവം ഒരു പോലീസുകാരനെപ്പോലെ നമ്മുടെ ഓരോ ദുർനടപടിയും കണ്ടുപിടിക്കാൻ ജാഗരൂകനെന്ന് നാം കരുതുന്നുവെങ്കിൽ നാമും മറ്റുള്ളവരോട് അതേ മനോഭാവമുള്ളവരായിത്തീരും. സ്വാർത്ഥതയ്ക്ക് മരിക്കുക എന്നത് ദൈവം നമുക്കായി വച്ചിട്ടുള്ള രക്ഷാമാർഗ്ഗമെന്ന് കരുതാതെ (1 കോരി. 10:13) അതിനെ ദൈവം നമുക്ക് വിധിച്ച ദുഷ്ക്കരവും ഭാരമേറിയതുമായ ഒരു മാർഗ്ഗമെന്ന് നാം കരുതുന്നപക്ഷം നാമും പരീശന്മാരെപ്പോലെ മറ്റുള്ളവരുടെ മേൽ ഭാരം അടിച്ചേല്പിക്കുന്നവരായിത്തീരും.

അതിനാൽ ആദ്യമായി നാം തന്നെ ദൈവത്തിന്റെ പരിപൂർണ്ണസ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ഹൃദയവിശ്രമത്തിൽ വന്നുചേരേണ്ടത് ആവശ്യമത്രേ. ഭാവിയെപ്പറ്റി, നമ്മെയും നമ്മുടെ കുടുംബത്തെയുംപറ്റി, അഥവാ മറ്റെന്തിനെയെങ്കിലും പറ്റിയുള്ള എല്ലാത്തരം വ്യാകുലചിന്തയിൽ നിന്നും ഭയത്തിൽ നിന്നും നാം പൂർണ്ണവിടുതൽ പ്രാപിക്കണം.

ഗിരിപ്രഭാഷണത്തിൽ കർത്താവു തന്റെ ശിഷ്യന്മാരോട് "വിചാരപ്പെടരുത്" എന്ന പ്രബോധനം മൂന്നു പ്രാവശ്യം പറയുന്നുണ്ട് (മത്തായി. 6:25;31, 34). പിന്നീട് അതേ ശ്വാസത്തിൽ തന്നെ "മറ്റുള്ളവരെ വിധിക്കരുത്. സഹോദരന്റെ കണ്ണിലെ കരട് നോക്കരുത്" എന്ന പ്രബോധനവും അവിടുന്ന് നൽകുന്നു (മത്തായി 7:1-5) ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ തകരാറിലാക്കുന്ന ആകുലചിന്തയും ഭയവും വേഗത്തിൽ നമ്മെ മറ്റുള്ളവരെപ്പറ്റിയുള്ള വിമർശനപ്രവണതയിലേക്ക് നയിക്കുന്നു. നാം സ്നേഹത്തിൽ തികഞ്ഞവരാകണം. സൽഗുണപൂർണ്ണരാകണം എന്ന് കർത്താവ് പറയുന്നു. (മത്തായി. 5:44-48). അപ്രകാരമുള്ള സ്നേഹത്തിൽ മറ്റുള്ളവരെ വിധിക്കുവാനുള്ള യാതൊരു സാധ്യതയുമില്ല.





നമ്മുടെ സഹോദരന്മാരെ അവരുടെ ബലഹീനതകൾ വിട്ടുമാറത്തക്ക വിധം സഹായിക്കേണ്ട ഒരാവശ്യം നമുക്കുണ്ട്. അതിനെ നിഷേധിക്കുകയല്ല ഇവിടെ ചെയ്യുന്നത് .മത്തായി 7:5-ൽ സഹോദരന്റെ കണ്ണിലെ കരട് നീക്കുന്നതിൽ അവനെ സഹായിക്കുന്നതിനെപ്പറ്റി യേശു പറയുന്നുണ്ട്. എന്നാൽ ആദ്യം നമ്മുടെ കണ്ണിലെ കോൽ നാം നീക്കിക്കളയണം. ഈ കോൽ എന്താണ്? നമ്മുടെ സഹോദരന്റെ നേരെയുള്ള സ്നേഹഹീനമായ മനോഭാവമാണത്രേ ഇത്. സ്നേഹമാണ് സർവോന്നതമായ കല്പന. മറ്റെല്ലാ കല്പനകളും അതിന് താഴെയാണ്. തന്മൂലം സ്നേഹമെന്ന പ്രമാണം നാം ലംഘിക്കുമ്പോൾ നാം ഏറ്റവും വലിയ കല്പന ലംഘിക്കുകയും അങ്ങനെ നമ്മുടെ കണ്ണുകളിൽ ഒരു കോൽ വരുത്തിവയ്ക്കുകയുമാണ് ചെയ്യുന്നത്. ഇതിനോട് താരതമ്യപ്പെടുത്തിയാൽ മറ്റുള്ളവരുടെ കുറവുകളെല്ലാം കരടുകൾ മാത്രമാണ്. അതുകൊണ്ട് മറ്റുള്ളവരെ സഹായിക്കുവാൻ നമുക്ക് കഴിയണമെങ്കിൽ നാം സ്നേഹത്തിൽ തികഞ്ഞവരായിത്തീർന്നേ മതിയാവൂ. ഈ സ്നേഹഹീനമായ മനോഭാവത്തെ നാം വിധിക്കുകയും നമ്മിൽനിന്ന് തുടച്ചുനീക്കുകയും ചെയ്യണം. അനന്തരം നമ്മുടെ ഹൃദയങ്ങൾ സഹോദരസ്നേഹംകൊണ്ട് നിറയണം. അപ്പോൾ നമുക്ക് വ്യക്തമായ കാഴ്ച ലഭിക്കും (മത്തായി 7:7). അപ്പോൾ മാത്രമേ മറ്റുള്ളവരുടെ കണ്ണിലെ കരടുകൾ നീക്കുവാൻ നാം പ്രാപ്തരാകൂ.

സ്വന്തസഹോദരനെ ഇപ്രകാരമുള്ള പൂർണ്ണസ്നേഹത്തോടെ സ്നേഹിക്കാത്ത ഒരുവന് വ്യക്തമായ കാഴ്ചശക്തിയില്ല. എന്തെന്നാൽ സഹോദരനെ സ്നേഹിക്കുമ്പോൾ മാത്രമാണ് നാം വെളിച്ചത്തിൽ വസിക്കുന്നത് (1 യോഹ. 2:10,11). അപ്പോൾ മാത്രമേ കണ്ണിലെ കരടു നീക്കുവാനുള്ള കാഴ്ച നമുക്കു സിദ്ധിക്കുന്നുള്ളൂ. സഹോദരനെ സ്നേഹിക്കാത്തവൻ ഇരുട്ടിൽ നടക്കുന്നു. ഇരുട്ട് അവന്റെ കണ്ണ് കുരുടാക്കുന്നത് അവന്റെ കണ്ണിലൊരു തടിക്കഷണം തറയ്ക്കുന്നതുപോലെയാണ്. ആ സ്ഥിതിയിൽ അവന് കാഴ്ചശക്തി നശിക്കുന്നു. അപ്പോൾ കരടു നീക്കുവാനുള്ള കഴിവ് അവന് ഉണ്ടാകയില്ല. ഒരാളിന്റെ കണ്ണിൽ നിന്ന് കരടുനീക്കുക എന്നത് വളരെ സൂക്ഷ്മദർശനമാവശ്യമായ ഒരു പ്രവർത്തനമാണ്. തെളിഞ്ഞ പ്രകാശത്തിലേ അത് ചെയ്യാൻ കഴിയൂ. അല്ലാത്തപക്ഷം നാം അയാൾക്ക് നന്മയെക്കാളധികം തിന്മയായിരിക്കും വരുത്തുന്നത്.

സ്നേഹത്തിൽ തികഞ്ഞവരായിത്തീരുന്നില്ലെങ്കിൽ മറ്റുള്ളവരെ ഫലപ്രദമായി പ്രബോധിപ്പിക്കുവാൻ നമുക്ക് സാധ്യമല്ല. നന്മയും കരുണയും തികഞ്ഞവർക്കു മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാൻ കഴിയൂ (റോമർ 15:14).യഥാർത്ഥപ്രബോധനം ഉത്ഭവിക്കുന്നത് സ്നേഹപൂർണ്ണമായ ഒരു ഹൃദയത്തിൽനിന്നാണ്. അതിനാൽ ആദ്യം നാം സ്നേഹം ആചരിക്കുവാൻ ഉത്സാഹിക്കണമെന്നും പിന്നീട് പ്രവചനവരം വാഞ്ഛിക്കണമെന്നും ദൈവവചനം നമ്മോടാവശ്യപ്പെടുന്നു (1 കോരി. 14:1, 3).

ദൈവസ്നേഹമെന്നത് ആത്മാവിന്റെ ഫലമാണ്. സഭയിൽ നമുക്കാവശ്യമായിരിക്കുന്നത് മാനുഷസ്നേഹമല്ല. അത് ദൈവവേലയ്ക്ക് ഒരു പ്രതിബന്ധമായിത്തീരാം. ദൈവികമായതിൽ നാം പങ്കാളികളാകണമെങ്കിൽ മാനുഷികമായതിനെ മരണത്തിന് ഒഴു

*ശേഷം പേജ് 32 ൽ*



# ബൈബിളിലൂടെ...

## മർക്കോസ് എഴുതിയ സുവിശേഷം

*(തുടർച്ച)*

**സാക്പുന്നൻ**

### അധ്യായം എട്ട്

മർക്കോസ് 8:23-26-ൽ രോഗസൗഖ്യം സംബന്ധിച്ച ഒരു പ്രധാനപ്പെട്ട ഉപദേശം നാം കണ്ടെത്തുന്നു. അവിടെ അന്ധനായ ഒരാൾക്കുവേണ്ടി യേശു പ്രാർത്ഥിച്ചു. എങ്കിലും അയാൾ പൂർണ്ണമായും സൗഖ്യമായില്ല. യേശു ചോദിച്ചു: "നിനക്കു വ്യക്തമായിക്കാണാമോ?" "ഇല്ല, ഞാൻ മനുഷ്യരെ മരങ്ങളെപ്പോലെയാണ് കാണുന്നത്." അയാൾ മറുപടി പറഞ്ഞു.

യേശു ഇന്നത്തെ ചില ശുശ്രൂഷകരെപ്പോലെയായിരുന്നുവെങ്കിൽ ഇങ്ങനെ പറയുമായിരുന്നു: "അങ്ങനെയല്ല നിങ്ങൾ ശുഭകരമായ ഏറ്റുപറച്ചിലാണ് നടത്തേണ്ടത്. ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയെക്കുറിച്ച് ഒന്നും പറയണ്ടാ. നിങ്ങൾ പൂർണ്ണസൗഖ്യം ലഭിച്ചതായി വിശ്വസിക്കയും അങ്ങനെ തന്നെ ഏറ്റുപറയുകയും ചെയ്യുക. എങ്കിൽ മാത്രമേ സൗഖ്യം പ്രാപിക്കയുള്ളു." എന്നാൽ യേശു അങ്ങനെ പറഞ്ഞില്ല. കാരണം, യേശുവിനു കള്ളം പറയുവാൻ താൽപര്യം ഉണ്ടായിരുന്നില്ല. യേശു വീണ്ടും പ്രാർത്ഥിക്കയും അവനും പൂർണ്ണസൗഖ്യം ലഭിക്കുകയും ചെയ്തു. എന്തുകൊണ്ടായിരുന്നു യേശു അവനെ ഇപ്രകാരം സൗഖ്യമാക്കിയത്?

മറ്റെല്ലാ അവസരങ്ങളിലും ഒരു സ്പർശനംകൊണ്ടോ വാക്കുകൊണ്ടോ പൂർണ്ണസൗഖ്യം വരുത്തുകയായിരുന്നു പതിവ്. ഇവിടെ എന്തുകൊണ്ടാണ് ഒരു രണ്ടാം സ്പർശനം ആവശ്യമായി വന്നത്? യേശു അറിഞ്ഞിരുന്നു, ഇരുപതാം നൂറ്റാണ്ടിൽ സൗഖ്യശുശ്രൂഷകർ ചുറ്റിനടന്ന് സൗഖ്യം ലഭിക്കാത്ത ആളുകളെക്കൊണ്ടു സൗഖ്യം ലഭിച്ചുവെന്നു സാക്ഷ്യം പറയിക്കുമെന്ന്.

ശുഭാത്മകമായ ഏറ്റുപറച്ചിൽ (Positive confession) നടത്തുന്ന സന്ദർഭങ്ങളിൽപ്പോലും കള്ളം പറയരുതെന്നും യേശു പഠിപ്പിച്ചു. മനുഷ്യരെ മരങ്ങളെപ്പോലെയെങ്കിലും കാണുന്ന കാഴ്ച ലഭിച്ച സാഹചര്യത്തിൽ പോലും വ്യക്തമായിക്കാണാം എന്നു നമുക്കു പറയേണ്ടതില്ല. ഇന്നു ക്രൈസ്തവലോകത്തു പ്രചരിപ്പിക്കുന്ന വിശ്വാസസംബന്ധമായ ഉപദേശങ്ങൾ കേട്ടു നാം കുഴങ്ങേണ്ടതില്ല. വിശ്വാസം എന്നത് ശുഭാത്മകമായ ഏറ്റുപറച്ചിൽ അല്ല. ദൈവം എനിക്കു നൽകിയ വാഗ്ദാനം ഏറ്റുപറയുന്നതാണ് വിശ്വാസം. നമുക്കു സൗഖ്യം ലഭിച്ചിട്ടില്ലെങ്കിൽ അതു സത്യസന്ധമായി ഏറ്റുപറകയും സൗഖ്യത്തിനായി ദൈവത്തെ അന്വേഷിക്കയും ചെയ്യുക.

മർക്കോസ് 8:33ൽ യേശു മറ്റാരെയും ശാസിച്ചതിനേക്കാൾ കടുത്ത വാക്കുകൾകൊണ്ട് പത്രോസിനെ ശാസിക്കുന്നതായി നാം കാണുന്നു "സാത്താനേ, എന്റെ പിന്നിൽ








പോകുക" എന്ന വാക്കുകൾ എന്തുകൊണ്ടായിരിക്കാം യേശു ഉപയോഗിച്ചത്? യേശുവിന് അങ്ങനെ നമ്മോട് എപ്പോഴെങ്കിലും പറയേണ്ടി വന്നിട്ടുണ്ടാവുമോ? നാമും പത്രോസിനെക്കാൾ ഒട്ടും മെച്ചമല്ല. യേശുവിനെ അനുഗമിക്കാൻ എല്ലാം വിട്ടുവന്നവനാണ് പത്രോസ്. എങ്കിലും പത്രോസിനെ സാത്താൻ വഞ്ചിച്ചു. ആരെയാണ് പിശാച് വഞ്ചിക്കുന്നത്? അതിന്റെ ഉത്തരം നമുക്കറിയാമെങ്കിൽ വഞ്ചനയിൽ നിന്നും രക്ഷപെടാൻ നമുക്ക് കഴിയും. സാത്താനാൽ വഞ്ചിക്കപ്പെടുന്ന ഒരു വ്യക്തിയുടെ അടയാളം എന്ത്? ഈ ചോദ്യത്തിനുത്തരവും ഈ വാക്യത്തിൽത്തന്നെയുണ്ട്: ദൈവത്തിന്റെ താൽപര്യങ്ങൾക്കുപരി മനുഷ്യന്റെ താൽപര്യങ്ങളിൽ മനസ്സുവച്ചിരിക്കുന്നവൻ. ദൈവത്തിന്റെ താൽപര്യങ്ങൾക്കുപരി സ്വന്തം താൽപര്യങ്ങളിൽ മനസ്സു വച്ചിരിക്കുന്ന ഏതൊരു ക്രിസ്തീയ ശുശ്രൂഷകനും സാത്താനാൽ വഞ്ചിക്കപ്പെടും. നിങ്ങൾ വീണ്ടും ജനനം പ്രാപിച്ച് പരിശുദ്ധാത്മസ്നാനം ലഭിച്ച ഒരാളായിരിക്കാം. പക്ഷേ നിങ്ങളുടെ മനസ്സ് സ്വന്തം നേട്ടങ്ങളിലും സ്വന്തം താൽപര്യങ്ങളിലുമാണ് വച്ചിരിക്കുന്നതെങ്കിൽ നിങ്ങളെ സാത്താൻ നിരന്തരം വഞ്ചിച്ചുകൊണ്ടേയിരിക്കും. നിങ്ങൾ ദൈവത്തെയല്ല, നിങ്ങളെത്തന്നെ സ്നേഹിക്കുമ്പോൾ നിങ്ങൾ ദൈവത്തെയാണ് സ്നേഹിക്കുന്നതെന്ന സങ്കല്പത്തിൽ നിങ്ങളെ നിലനിർത്തുവാൻ അവനു കഴിയും. പൗലോസിന്റെ കാലഘട്ടത്തിൽ അത്തരക്കാർ ധാരാളമുണ്ടായിരുന്നു. സ്വാർത്ഥം അന്വേഷിച്ചു ദൈവശുശ്രൂഷ ചെയ്യുന്നവർ. തിമൊഥെയോസ് അതിനൊരപവാദമായിരുന്നു. (ഫിലി. 2:19-21) എല്ലായ്പ്പോഴും സ്വന്തം താൽപര്യത്തെക്കാൾ, സ്വന്ത നേട്ടങ്ങളെക്കാൾ, സ്വന്ത ലാഭത്തെക്കാൾ ദൈവതാൽപര്യത്തിൽ മനസ്സു വയ്ക്കുക എന്നതു മാത്രമാണ് വഞ്ചനയിൽനിന്നു രക്ഷ നേടാനുള്ള ഏക വഴി.

**ദൈവത്തിന്റെ താൽപര്യങ്ങൾക്കു പരി സ്വന്തം താൽപര്യങ്ങളിൽ മനസ്സു വച്ചിരിക്കുന്ന ഏതൊരു ക്രിസ്തീയശുശ്രൂഷകനും സാത്താനാൽ വഞ്ചിക്കപ്പെടും. നിങ്ങൾ വീണ്ടുംജനനം പ്രാപിച്ച് പരിശുദ്ധാത്മ സ്നാനം ലഭിച്ച ഒരാളായിരിക്കാം. പക്ഷേ നിങ്ങളുടെ മനസ്സ് സ്വന്തം നേട്ടങ്ങളിലാണ് വച്ചിരിക്കുന്നതെങ്കിൽ നിങ്ങളെ സാത്താൻ നിരന്തരം വഞ്ചിച്ചുകൊണ്ടേയിരിക്കും. നിങ്ങൾ നിങ്ങളെത്തന്നെ സ്നേഹിക്കുമ്പോൾ നിങ്ങൾ ദൈവത്തെയാണ് സ്നേഹിക്കുന്നതെന്ന സങ്കല്പത്തിൽ നിങ്ങളെ നിലനിർത്തുവാൻ അവനു കഴിയും.**

## അധ്യായം ഒൻപത്

9:1-ൽ യേശു പറഞ്ഞു "ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നിൽക്കുന്നവരുടെ ഇടയിലുണ്ട്." അതു പെന്തക്കോസ്തുനാളിൽ സംഭവിക്കയും അവിടെ നിന്നവരിൽ ചിലർ അത് അനുഭവിക്കുകയും ചെയ്തു. പെന്തക്കോസ്തു നാളിൽ 120 പേരിലേക്ക് ദൈവത്തിന്റെ ശക്തി ഇറങ്ങിവന്നു. (അ.പ്ര. 1:8) പരിശുദ്ധാത്മാവ് ദൈവരാജ്യത്തെ ഭൂമിയിലേക്ക് കൊണ്ടുവന്നു (റോമ. 14:17). യേശു പെന്തക്കോസ്ത് നാളിനെക്കുറിച്ചാണ് ശക്തിയോടെ വരുന്ന ദൈവരാജ്യമെന്നും ശക്തിയോടെ വരുന്ന സ്വർഗ്ഗീയഭരണകൂടമെന്നുമൊക്കെ ഇവിടെ പറയുന്നത്. അങ്ങനെ പൈശാചിക ഭരണകൂടങ്ങളുടെ മദ്ധ്യത്തിൽ ദൈവരാജ്യമായി സഭ ശക്തിയോടെ നിലകൊള്ളണമെന്നാണ് യേശു ആഗ്രഹിച്ചത്.

9-ാം അദ്ധ്യായത്തിൽ യേശു മൂന്നു ശിഷ്യന്മാരോടൊപ്പം മറുരൂപമലയിൽ കയറി രൂപാന്തരപ്പെടുന്നതായി നാം വായിക്കുന്നു. അപ്പോൾ മോശെയെയും ഏലിയാവെയും കണ്ട പത്രോസ് യേശുവിനും മോശെയ്ക്കും ഏലിയാവിനും മൂന്ന് കുടിലുകൾ ഉണ്ടാക്കാമെന്ന് ആനന്ദാതിരേകത്താൽ വിളിച്ചു പറഞ്ഞു. (വാക്യം. 5) പെട്ടെന്ന് ഒരു മേഘം അവരെ മറച്ചു. "എന്റെ പുത്രനെ മോശെയ്ക്കും ഏലിയാവിനുമൊപ്പം കാണരുത്. ഇതാ എന്റെ പുത്രൻ. അവനെ ശ്രദ്ധിപ്പീൻ." എന്നു ദൈവം സ്വർഗ്ഗത്തിൽനിന്നും പറയുന്നത് അവൻ കേട്ടു. നമുക്കുള്ള സന്ദേശം ഇവിടെ എന്താണ്? ഒരു ദൈവമനുഷ്യനാൽ നാം എത്ര അനുഗൃഹീതനായിത്തീർന്നാലും കർത്താവിനും നമുക്കുമിടയിൽ ഒരു മനുഷ്യൻ കടന്നു വരുമ്പോൾ ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തിലേക്ക് ഒരു മേഘത്തിന്റെ കരിനിഴൽ വീഴുകയാണ്. എന്തുകൊണ്ടാണ് അനേകം വിശ്വാസികളുടെ ജീവിതത്തിലും ദർശനത്തിന് ഒരു മങ്ങൽ കാണപ്പെടുന്നത്? കാരണം അവരുടെ നോട്ടം യേശുവിലേയ്ക്കല്ല പകരം ഒരു ദൈവമനുഷ്യനിലേക്ക് ആയിത്തീർന്നിരിക്കുന്നു. അവർ യേശുവിനെയല്ല ഒരു മനുഷ്യനെയത്രേ കേൾക്കുന്നത്. നാം ദൈവഭക്തന്മാരായ ആളുകളെ ബഹുമാനിക്കുക തന്നെ വേണം. എന്നാൽ നമ്മുടെ ക്രിസ്തീയജീവിതമാകുന്ന ഓട്ടം യേശുവിങ്കലേക്കു തന്നെ നോക്കി ഓടേണ്ടതായിട്ടുണ്ട് (വാ.8).

9:20-29ൽ എങ്ങനെയാണ് ഒരു പിതാവിന്റെ വിശ്വാസം ഭൂതഗ്രസ്തനായ ഒരു മകന് മോചനത്തിനു കാരണമായതെന്നു കാണുന്നു. ശിഷ്യന്മാർ യേശുവിനോടു തങ്ങൾക്കെന്തുകൊണ്ടാണതിനെ പുറത്താക്കുവാൻ കഴിയാഞ്ഞതെന്നു ചോദിച്ചു. "നിങ്ങൾക്കു വിശ്വാസമില്ലായ്കയാലാണ് അതിനെ പുറത്താക്കുവാൻ കഴിയാഞ്ഞത്" എന്ന്





യേശു ഉത്തരമായി പറഞ്ഞു. "നിങ്ങൾ ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്യായ്കയാലാണ് നിങ്ങൾക്കു വിശ്വാസമില്ലാത്തത്" (മത്താ. 17:20,21). ഓരോ ഭൂതത്തിന്റെയും ശക്തി വ്യത്യസ്തമായ അളവുകളിലാണ്. ചില ഭൂതങ്ങളെ പ്രാർത്ഥനയാലും ഉപവാസത്താലും പ്രാപിക്കുന്ന വിശ്വാസത്തിന്റെ ആത്മശക്തി കൂടാതെ പുറത്താക്കാൻ കഴിയില്ല. അതു വിശദീകരിക്കാൻ ഞാൻ അശക്തനാണ്. പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും യുക്തി എന്തെന്നു വിശദീകരിക്കാൻ എനിക്കൊരിക്കലും കഴിഞ്ഞിട്ടില്ല. എന്നാൽ അതിന്റെ ശക്തി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. യേശു പറഞ്ഞതൊക്കെയും ഞാൻ ലളിതമായി വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നു.

9:43-48 ൽ യേശു പറഞ്ഞു: "നിന്റെ കൈ നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞു കളക. രണ്ടു കൈയും ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനെക്കാൾ അംഗഹീനനായി ജീവനിൽ കടക്കുന്നതു നിനക്കു നന്ന്. നിന്റെ കാല് നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക. രണ്ടു കാലും ഉള്ളവനായി നരകാഗ്നിയിൽ പതിക്കുന്നതിനേക്കാൾ ഒറ്റക്കാലുള്ളവനായി ജീവനിൽ കടക്കുന്നതു നല്ലത്. നിന്റെ കണ്ണു നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂഴ്ന്നെടുത്തു കളക. രണ്ടു കണ്ണും ഉള്ളവനായി നരകത്തിൽ പോകുന്നതിനേക്കാൾ ഒറ്റക്കണ്ണുള്ളവനായി ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതു നിനക്കു നല്ലത്."

യേശു മറ്റാരെക്കാളുമധികം നരകത്തെക്കുറിച്ചു സംസാരിച്ചു. കാരണം, അതിന്റെ യാഥാർത്ഥ്യം കണ്ടറിഞ്ഞ ഏക വ്യക്തി അവിടുന്നായിരുന്നല്ലോ. തീയും പുഴുവും ഒരിക്കലും ഇല്ലാതാകാത്ത ഒരിടം എന്നാണ് യേശു നരകത്തെക്കുറിച്ചു പറഞ്ഞത്. തീയിൽ എങ്ങനെയാണ് പുഴുക്കൾ നശിക്കാതിരിക്കുക? എന്ന് ആരെങ്കിലും ചോദിച്ചാൽ എന്റെ ഉത്തരം: എനിക്കതു കണ്ടുപിടിക്കാൻ വലിയ താൽപര്യമില്ല. നരകത്തിലേക്കു പോകുന്നവർ അതു കണ്ടുകൊള്ളും എന്നു മാത്രമാണ്.

**യേശു മറ്റാരെക്കാളുമധികം നരകത്തെക്കുറിച്ചു സംസാരിച്ചു. കാരണം, അതിന്റെ യാഥാർത്ഥ്യം കണ്ടറിഞ്ഞ ഏക വ്യക്തി അവിടുന്നായിരുന്നല്ലോ. തീയും പുഴുവും ഒരിക്കലും ഇല്ലാതാകാത്ത ഒരിടം എന്നാണ് യേശു നരകത്തെക്കുറിച്ചു പറഞ്ഞത്. തീയിൽ എങ്ങനെയാണ് പുഴുക്കൾ നശിക്കാതിരിക്കുക? എന്ന് ആരെങ്കിലും ചോദിച്ചാൽ എന്റെ ഉത്തരം: എനിക്കതു കണ്ടുപിടിക്കാൻ വലിയ താൽപര്യമില്ല. നരകത്തിലേക്കു പോകുന്നവർ അതു കണ്ടുകൊള്ളും എന്നു മാത്രമാണ്.**

കയ്യുകൊണ്ടും കണ്ണുകൊണ്ടും പാപം ചെയ്യുന്നവർ തങ്ങളുടെ പാപം വിട്ടു തിരിയുന്നില്ലെങ്കിൽ അവർ നരകത്തിൽത്തന്നെ പോകും എന്ന് യേശു പഠിപ്പിച്ചു. പാപികൾ അഭിമുഖീകരിക്കാൻ പോകുന്ന വലിയ അപകടമെന്തെന്ന് ആരെക്കാളുമധികം യേശു അറിഞ്ഞിരുന്നു. ദൈവത്തിന്റെ യഥാർത്ഥ ഭൃത്യന്മാർ നരകത്തെക്കുറിച്ചു സംസാരിക്കുകതന്നെ ചെയ്യും കാരണം, യേശു അതു സംസാരിച്ചതുകൊണ്ട്. നമുക്കു നരകത്തിന്റെ എല്ലാ വിശദാംശങ്ങളും വിശദീകരണങ്ങളും അറിഞ്ഞിരിക്കേണ്ട ആവശ്യമില്ല. അതു യാഥാർത്ഥ്യമാണ്. അതുകൊണ്ടു നാം ആളുകൾക്ക് അതിനെക്കുറിച്ചു മുന്നറിയിപ്പു നൽകേണ്ടിയിരിക്കുന്നു.

യേശു പറഞ്ഞു: "എല്ലാവന്നും തീകൊണ്ട് ഉപ്പിടും." ഏതു മനുഷ്യനും രണ്ടിൽ ഏതെങ്കിലും ഒരു തീ ഉള്ളിലുള്ളവരാകണം എന്നാണ് ആ വാക്യത്തിൽ നിന്നും മനസ്സിലാകുന്നത്-സ്വർഗ്ഗത്തിന്റെ അഗ്നിയോ അല്ലെങ്കിൽ നരകാഗ്നിയോ. അത് ഓരോരുത്തരും സ്വയം തെരഞ്ഞെടുക്കുന്നതാണ്. ഞാൻ സ്വർഗ്ഗത്തിൽനിന്നുള്ള അഗ്നി തെരഞ്ഞെടുത്തിരിക്കുന്നു. യേശുവിനെക്കുറിച്ചു പ്രവചിച്ചു പറഞ്ഞപ്പോൾ യോഹന്നാൻ സ്നാപകൻ ഇങ്ങനെ പറഞ്ഞു: യേശു ആളുകളെ തീയിൽ സ്നാനം കഴിപ്പിക്കയും പതിർ കെടാത്ത തീയിൽ ദഹിപ്പിക്കയും ചെയ്യും.

9:49ൽ യേശു പറഞ്ഞു: "എല്ലാവന്നും തീകൊണ്ട് ഉപ്പിടും." ഏതു മനുഷ്യനും രണ്ടിൽ ഏതെങ്കിലും ഒരു തീ ഉള്ളിലുള്ളവരാകണം എന്നാണ് ഞാൻ ആവാക്യത്തിൽ നിന്നും മനസ്സിലാക്കുന്നത്. സ്വർഗ്ഗത്തിന്റെ അഗ്നിയോ അല്ലെങ്കിൽ നരകാഗ്നിയോ. അത് ഓരോരുത്തരും സ്വയം തെരഞ്ഞെടുക്കുന്നതാണ്. ഞാൻ സ്വർഗ്ഗത്തിൽനിന്നുള്ള അഗ്നി തെരഞ്ഞെടുത്തിരിക്കുന്നു. യേശുവിനെക്കുറിച്ചു പ്രവചിച്ചു പറഞ്ഞപ്പോൾ യോഹന്നാൻ സ്നാപകൻ ഇങ്ങനെ പറഞ്ഞു: യേശു ആളുകളെ തീയിൽ സ്നാനം കഴിപ്പിക്കയും പതിർ കെടാത്ത തീയിൽ ദഹിപ്പിക്കയും ചെയ്യും എന്ന് (മത്താ. 3:11, 12)

## അധ്യായം പത്ത്

10:17-ൽ യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന ധനികനായ യുവാവിനെ നാം കാണുന്നു. അവൻ ഒരു ധനസ്നേഹിയെന്ന് യേശു കണ്ടെത്തിയതുകൊണ്ട് "നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രർക്കു കൊടുക്ക്"എന്ന് അവനോടു പറഞ്ഞു. യേശു അങ്ങനെയുള്ള വാക്കുകൾ എല്ലാവരോടും പറഞ്ഞില്ല. സക്കായി തന്റെ വസ്തുവകകളിൽ പകുതി ദരിദ്രർക്കു കൊടുക്കുവാൻ തീരുമാനിച്ചു. യേശു അതു സമ്മതിച്ചു (ലൂക്കോ. 19). മാർത്തയ്ക്കും മറിയയ്ക്കും ഒരു വീടുണ്ടായിരുന്നു. യേശു ഒരിക്കലും അതു വിൽക്കണമെന്ന് അവരോടു പറഞ്ഞില്ല. (യോഹ.12). എന്താണ് ഈ വ്യത്യാസം? കാരണം, ധനസ്നേഹം അർബുദവ്യാധി പോലെയാണ്. ചിലരിൽ അർബുദരോഗം വളരെ ഗുരുതരമായിരിക്കുന്നതിനാൽ ഒരു അവയവം തന്നെ മുറിച്ചു മാറ്റേണ്ട നിലയിലാണ്. മറ്റു ചിലരിൽ കീമോതെറാപ്പി കൊണ്ടു ഭേദമാക്കാൻ കഴിയും. സക്കായിയുടെ നില ധനികനായ യുവാവിന്റെയത്ര ഗുരുതമായിരുന്നില്ല. മാർത്തയിലും മറിയയിലും അർബ്ബുദം ഏറ്റവും താഴ്ന്ന നിലയിലും ആയിരുന്നു. സമ്പത്തെല്ലാം വിട്ടുകളയാനായി കർത്താവ് എല്ലാവരോടും അവശ്യപ്പെടുന്നില്ല. ആഴത്തിൽ പടർന്നിറങ്ങിയ അർബുദം കാണുന്നിടത്തൊഴികെ. യേശു ശിഷ്യന്മാരോടു പറഞ്ഞു: "ധനികൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം" എന്ന്. സ്വർഗ്ഗരാജ്യവും ഭൗമികരാജ്യവും രണ്ടു വിപരീതധ്രുവങ്ങളിലാണ്. നമുക്കു രണ്ടും ഒരുപോലെ തെരഞ്ഞെടുക്കാൻ കഴിയും. തുടർന്നു യേശു തന്നെ ഇങ്ങനെ പറഞ്ഞു: ധനസ്നേഹത്തിൽ നിന്നും ഒരു വ്യക്തിയെ രക്ഷിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ എന്ന് (10:27)

## അധ്യായം 11

11:22-24 വിശ്വാസത്തെക്കുറിച്ച് യേശു പഠിപ്പിച്ചു: നമ്മുടെ പാതയിൽ ഒരു വലിയ മല തടസ്സമുണ്ടാക്കിനിന്നാലും നാം പിൻതിരിയണമെന്ന്





അർത്ഥമില്ല. അതു നമ്മുടെ വിശ്വാസത്തിന് ഒരു വെല്ലുവിളിയായി ഏറ്റെടുക്കാം. ആ മലയെ നീക്കിക്കളഞ്ഞു കൊണ്ട് നാം അവിടുത്തെ ഹിതത്തിലെത്തിച്ചേരണമെന്നായിരിക്കാം ദൈവം ആഗ്രഹിക്കുന്നത് (വാ. 23) അത്ഭുതകരങ്ങളായ രണ്ടു പ്രസ്താവനകൾ മർക്കോസിന്റെ സുവിശേഷത്തിലുണ്ട്. അവ ചേർത്തു വയ്ക്കുമ്പോൾ സത്യം അവയ്ക്കിടയിലൂടെ കണ്ടെത്തുവാൻ കഴിയും.

"ദൈവത്തിന് എല്ലാം സാദ്ധ്യമാണ്" (10:27)

"വിശ്വസിക്കുന്നവന് എല്ലാം സാദ്ധ്യമാണ്" (9:23).

ഇതിൽ ഒന്നാമത്തെ പ്രസ്താവന എല്ലാ വിശ്വാസികളും വിശ്വസിക്കുന്നുണ്ടാവും. പക്ഷേ രണ്ടാമത്തെ പ്രസ്താവനയിലുള്ള വിശ്വാസമാണ് നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും ദൈവത്തിന്റെ ശക്തി വ്യാപരിക്കുവാൻ കാരണമായിത്തീരുന്നത്. നമുക്കു വിശ്വാസത്തിന്റെ വലിയ കുറവുണ്ടെന്നു നാം ഏറ്റുപറയും. അതുകൊണ്ടുതന്നെ അധികം വിശ്വാസത്തിനു വേണ്ടിത്തന്നെയാണ് നാം പ്രാർത്ഥിക്കേണ്ടത്. കാരണം, വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. (എബ്രാ. 11:6) നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും സമൂലമായ വ്യത്യാസം വരുത്താൻ കഴിയുന്ന ഒന്നത്രേ വിശ്വാസം.

വിശ്വാസത്തിനുള്ള ഏറ്റവും വലിയ തടസ്സം എന്തെന്നു യേശു പറയുന്നു- ക്ഷമിക്കാൻ കഴിയാത്തത് (11:26, 26) നമുക്കു ക്ഷമിക്കാൻ കഴിയാത്ത ഒരാത്മാവെങ്കിലും ഈ ഭൂമുഖത്ത് എവിടെയെങ്കിലുമുണ്ടെങ്കിൽ അതു നമ്മുടെ വിശ്വാസത്തിൽ ചോർച്ചയുണ്ടാക്കും. നമ്മുടെ രക്ഷയും നഷ്ടപ്പെടും.

അത്ഭുതകരങ്ങളായ രണ്ടു പ്രസ്താവനകൾ മർക്കോസിന്റെ സുവിശേഷത്തിലുണ്ട്. അവ ചേർത്തു വയ്ക്കുമ്പോൾ സത്യം അവയ്ക്കിടയിലൂടെ കണ്ടെത്തുവാൻ കഴിയും. "ദൈവത്തിന് എല്ലാം സാദ്ധ്യമാണ്" "വിശ്വസിക്കുന്നവന് എല്ലാം സാദ്ധ്യമാണ്" ഇതിൽ ഒന്നാമത്തെ പ്രസ്താവന എല്ലാ വിശ്വാസികളും വിശ്വസിക്കുന്നുണ്ടാവും. പക്ഷേ രണ്ടാമത്തെ പ്രസ്താവനയിലുള്ള വിശ്വാസമാണ് നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും ദൈവത്തിന്റെ ശക്തി വ്യാപരിക്കുവാൻ കാരണമായിത്തീരുന്നത്.

## അധ്യായം 12

12:17-ൽ മനുഷ്യരോടുള്ള നമ്മുടെ കടങ്ങൾ തീർത്തിട്ടല്ലാതെ നമുക്കു ദൈവത്തിന് ഒന്നും നൽകാൻ കഴിയില്ല. കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും. കൈസരുടെയോ മറ്റാരുടെയെങ്കിലുമോ ആയതൊന്നും ദൈവത്തിന് ആവശ്യമില്ല. ഒന്നാമതു മനുഷ്യർക്കുള്ള കടങ്ങൾ കൊടുത്തു തീർക്കുക.

12:42-44-ൽ രണ്ടു ചില്ലിക്കാശ് ഭണ്ഡാരത്തിലിട്ട ഒരു വിധവയെക്കുറിച്ചു നാം വായിക്കുന്നു. യേശു ഭണ്ഡാരത്തിനരികിലിരുന്ന് ആളുകൾ ഭണ്ഡാരത്തിൽ പണമിടുന്നത് ശ്രദ്ധിച്ചുകൊണ്ടിരുന്നു. എത്രയിടുന്നു എന്നല്ല എങ്ങനെയിടുന്നു എന്ന്. പഴയനിയമത്തിൽ എത്രയിടുന്നു എന്നതിനായിരുന്നു പ്രാധാന്യം. പത്തിലൊന്ന് നൽകേണ്ടിയിരുന്നു. എന്നാൽ പുതിയനിയമത്തിൽ എങ്ങനെയിടുന്നു എന്നതിനാണു പ്രാധാന്യം. വിധവയെപ്പോലെ ത്യാഗമനസ്സോടെയും സന്തോഷത്തോടെയുമാണോ നൽകുന്നത്? അതാണു കർത്താവ് നോക്കുന്നത്.

പിതാവിനാൽ ഉപേക്ഷിക്കപ്പെട്ട് നിത്യതയിലെ നരകയാതനയത്രയും ഉറഞ്ഞുകൂടി സാന്ദ്രമായ മൂന്നുമണിക്കൂർ. ഈ സമയം മാത്രമായിരുന്നു പിതാവിനെ യേശു ദൈവമേ എന്ന് എപ്പോഴെങ്കിലും സംബോധന ചെയ്തത്. കാരണം ഈ പ്രപഞ്ചത്തിന്റെ ന്യായാധിപനു മുമ്പിലായിരുന്നു ആ സമയം താൻ. ആ പ്രവൃത്തി നിവൃത്തിയായതോടെ കൂട്ടായ്മ വീണ്ടും പുനഃസ്ഥാപിക്കുന്ന നിലവിളി യേശുവിൽ നിന്നും ഉയർന്നു. തന്റെ പ്രാണനെ പിതാവിനു ഏല്പിച്ചു കൊടുക്കുന്ന സമർപ്പണത്തിന്റെ പാരമ്യം.

### അധ്യായം 14

14:34-36-ൽ ഗത്ശെമെനെയിൽ വച്ച് യേശു പത്രോസ്, യാക്കോബ് യോഹന്നാനോട് പറഞ്ഞു: എന്റെയുള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു. പിന്നെ യേശു കവിണ്ണുവീണ് ഇങ്ങനെ പ്രാർത്ഥിച്ചു: "അബ്ബാ പിതാവേ, നിനക്ക് എല്ലാം കഴിയും. ഈ പാനപാത്രം എങ്കൽനിന്നും നീക്കേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടമത്രേ ആകട്ടെ." യേശു നീങ്ങാനാഗ്രഹിച്ചു ഈ പാനപാത്രം എന്തായിരുന്നു? അതു ശാരീരിക മരണമായിരുന്നില്ല. ഏതു രക്തസാക്ഷിയെക്കാളും ധീരനായിരുന്നു യേശു. ക്രൂശിൽ നമ്മുടെ പാപങ്ങൾ തന്റെ മേൽ വഹിച്ചുകൊണ്ടു ശിക്ഷയനുഭവിക്കുന്ന സമയം പിതാവിന്റെ കൂട്ടായ്മയിൽ നിന്നും അകന്നുപോകുന്ന അനിവാര്യതയെ യേശു ഭയപ്പെട്ടിരുന്നു. നിത്യതയിലുടനീളം അങ്ങനെയൊരനുഭവം ഉണ്ടായിട്ടില്ല. എന്നാലിപ്പോഴിതാ മൂന്നു മണിക്കൂർ വേർപാട് ഒഴിവാക്കാൻ കഴിയാത്തതായിത്തീർന്നിരിക്കുന്നു. മാനുഷികമായ ബലഹീനതയിൽ യേശു ചോദിച്ചുപോയി അതൊഴിവാക്കാൻ കഴിയില്ലേ? മറ്റൊരു വഴിയുമില്ലേ? ഒരു പക്ഷേ മൂന്നു മണിക്കൂർ രക്തം വിയർത്തു പ്രാർത്ഥിച്ചിരിക്കാം. കാരണം തന്റെ പ്രാണവേദന അത്ര കഠിനമായിരുന്നു. ഗെത്സെമെനെയിൽ നിന്നും നേരേ സ്വർഗ്ഗത്തിലേക്കു തനിക്കു പോകാമായിരുന്നു. കാരണം താൻ പാപം ചെയ്തിട്ടില്ലായിരുന്നു. എന്നാൽ എന്നോടും നിങ്ങളോടുമുള്ള തന്റെ സ്നേഹമാണ് തന്നെ അതിൽനിന്നും തടഞ്ഞത്. അതു നിമിത്തം അവിടുന്ന് ക്രൂശിലേക്കു പോയി.

### അധ്യായം 15

15:33, 34ൽ നാം ഇങ്ങനെ വായിക്കുന്നു: നമ്മുടെ പാപത്തിന്മേലുള്ള ദൈവകോപത്തെ യേശു സഹിച്ചു. പിതാവിനാൽ ഉപേക്ഷിക്കപ്പെട്ട് നിത്യതയിലെ നരകയാതനയത്രയും ഉറഞ്ഞുകൂടി സാന്ദ്രമായ മൂന്നുമണിക്കൂർ. ഈ സമയം മാത്രമായിരുന്നു പിതാവിനെ യേശു ദൈവമേ എന്ന് എപ്പോഴെങ്കിലും സംബോധന ചെയ്തത്. കാരണം ഈ പ്രപഞ്ചത്തിന്റെ ന്യായാധിപനു മുമ്പിലായിരുന്നു ആ സമയം താൻ. ആ പ്രവൃത്തി നിവൃത്തിയായതോടെ കൂട്ടായ്മ വീണ്ടും പുനഃസ്ഥാപിക്കുന്ന നിലവിളി യേശുവിൽ നിന്നും ഉയർന്നു. തന്റെ പ്രാണനെ പിതാവിനു ഏല്പിച്ചു കൊടുക്കുന്ന സമർപ്പണത്തിന്റെ പാരമ്യം (15:37) നമുക്കും അതിവിശുദ്ധ സാന്നിദ്ധ്യത്തിലേക്കു പ്രവേശിക്കുവാൻ വഴിതുറക്കപ്പെട്ടു എന്നറിയിച്ചുകൊണ്ട് ദേവാലയത്തിന്റെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി. (15:38) ഇത്ര വലിയ രക്ഷകനുവേണ്ടി ദൈവത്തെ സ്തുതിക്കാം! (തുടരും)

**മൊഴിമാറ്റം-സുജ ഏബ്രഹാം**

❖





ചരിത്രകഥ



# മരണത്തെ പേടിയില്ലാത്തവർ

കഥ ഇതുവരെ

*റോമാനഗരം. ആദ്യനൂറ്റാണ്ടിൽ റോമൻചക്രവർത്തിമാരുടെ പീഡനത്തെ ഭയന്ന് ക്രിസ്ത്യാനികൾ രഹസ്യതാവളത്തിൽ കഴിയുന്ന കാലം. റോമിലെ അരീനയിൽ ക്രിസ്തീയവിശ്വാസികൾ മൃഗങ്ങളോട് ഏറ്റുമുട്ടി രക്തസാക്ഷി മരണം വരിക്കുന്നത് റോമൻ പട്ടാളഉദ്യോഗസ്ഥനായ മാർസില്ലസ് തന്റെ സഹപ്രവർത്തകനായ ലൂക്യുല്ലസിനോടൊപ്പം കാണാൻ ഇടയായി. മാർസില്ലസിന് ക്രിസ്ത്യാനികളോട് സഹതാപം തോന്നി. ഇതിനിടെ ക്രിസ്ത്യാനികളെ പിടികൂടി നിയമത്തിനു മുൻപിൽ കൊണ്ടുവരിക എന്ന ദൗത്യം ചക്രവർത്തി മാർസില്ലസിനെ ഏൽപ്പിച്ചു. മാർസില്ലസ് ഒരു കുട്ടിയെ പിന്തുർന്ന് ക്രിസ്ത്യാനികളുടെ ഭൂഗർഭതാവളത്തിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം ക്രിസ്ത്യാനികളെ സംബന്ധിച്ച സത്യങ്ങൾ മനസ്സിലാക്കി. മാർസില്ലസും സുവിശേഷം അംഗീകരിച്ചു.തുടർന്ന് മാർസില്ലസ് പട്ടാളക്യാമ്പിൽ മടങ്ങിയെത്തി. എന്നാൽ അദ്ദേഹം ക്രിസ്ത്യാനിയായത് അറിഞ്ഞ് പട്ടാളമേധാവി തടവിലാക്കാൻ തുനിഞ്ഞു. സുഹൃത്ത് ലൂക്യുല്ലസ് അദ്ദേഹത്തെ രക്ഷപെടാൻ അനുവദിച്ചു.മാർസില്ലസ് ഭൂഗർഭ തുരങ്കത്തിൽ മടങ്ങിയെത്തി....***തുടർന്നു വായിക്കുക.***

## അദ്ധ്യായം 6

# പീഡനം

വർദ്ധിച്ച രോഷത്തോടെയുള്ള പീഡന നടപടികളായിരുന്നു. സാധാരണയായി ക്രിസ്ത്യാനികളെന്നു പരസ്യമായി അറിയപ്പെടുന്നവരെയായിരുന്നു അധികാരികൾ ഉന്നംവച്ചിരുന്നത്. കാറ്റക്കൂമുകളിലെ ക്രിസ്ത്യാനികൾ അത്തരത്തിലുള്ളവരായിരുന്നു. എന്നാൽ ഇത്തവണ എല്ലാത്തരം ക്രിസ്ത്യാനികളെയും കണ്ടെത്താൻ ഉത്തരവായിരിക്കുന്നു.

നഗരത്തിൽ ജീവിച്ചിരുന്ന തികച്ചും ദരിദ്രരായ ക്രിസ്ത്യാനികൾ തുരങ്കങ്ങളിൽ താമസിക്കുന്നവരുടെ ആവശ്യങ്ങളെക്കുറിച്ചു കരുതലുള്ളവരായിരുന്നു. അതുകൊണ്ടു മണ്ണിനടിയിൽ താമസിക്കുന്നവർക്കു പുറംലോകവുമായുള്ള ബന്ധം താരതമ്യേന എളുപ്പമായിരുന്നു. എന്നാൽ താഴെയുള്ളവരുടെ സഹായികളായിരുന്നവർ ദരിദ്രരും നിലനിൽപ്പില്ലാത്തവരുമായിത്തീർന്നു.

എങ്കിലും അവരുടെ സ്ഥിതി തികച്ചും നിരാശാജനകം എന്നു പറയാൻ കഴിയില്ല. കാരണം, അവരെ സ്നേഹിക്കയും സഹായിക്കയും ചെയ്ത നിരവധി അക്രൈസ്തവരുണ്ടായിരുന്നു നഗരത്തിൽ. എല്ലാ സാമൂ

ഹിക മാറ്റങ്ങളിലും നിഷ്പക്ഷമതികളായ ഒരു വലിയ വിഭാഗം ജനങ്ങളുണ്ടാകും .അവർ സമൂഹത്തിന്റെ ഗതിവിഗതികളിൽ പങ്കാളികളാകുവാൻ താൽപര്യമുള്ളവരല്ല. ഇത്തരം ആളുകൾ അപകടസാദ്ധ്യതകളിൽ നിന്നൊഴിഞ്ഞുനിൽക്കുന്ന ഭൂരിപക്ഷത്തോടൊപ്പമാകും എപ്പോഴും. റോമിലെ അധികംപേരും അത്തരക്കാരായിരുന്നു. ക്രിസ്ത്യാനികളുടെയിടയിൽ അവർക്കു സ്നേഹിതരും ചാർച്ചക്കാരും ഒക്കെ ഉണ്ടായിരുന്നു. അവരെ അവർ സ്നേഹിക്കയും അവരോടു സഹതാപം പ്രകടിപ്പിക്കയും ചെയ്തിരുന്നു. അവർ സഹായിക്കാൻ തയ്യാറായിരുന്നെങ്കിലും തങ്ങളുടെ സുരക്ഷ അപകടത്തിലാക്കുന്ന തരത്തിൽ അവരുടെ പക്ഷം ചേരാനോ താങ്ങാനോ ഒന്നും തയ്യാറായിരുന്നില്ല.

നഗരത്തിലേക്കുള്ള യാത്ര അപകടകരമായിരുന്നു. അപകടത്തെയും മരണത്തെയും തികഞ്ഞ നിസ്സാരതയോടെ കാണുവാൻ കഴിയുന്നവർ ധാരാളമായുണ്ടായിരുന്നതിനാൽ നഗരത്തിലേക്കു പോയിവരുന്ന അപകടകരമായ ദൗത്യത്തിന് ആളുകൾ സുലഭമായുണ്ടായിരുന്നു.

മാർസില്ലസും അത്തരം ജോലിക്ക് സ്വയം അർപ്പിച്ചു. ധാരാളം പേർ നിത്യവും മരണം വരിച്ചുകൊണ്ടിരുന്നു. അവരുടെ മൃതശരീരങ്ങൾ മറവുചെയ്യുന്ന ജോലിയും ക്രിസ്ത്യാനികൾ തന്നെ ഏറ്റെടുത്തു ചെയ്തിരുന്നു. അത്തരം ക്ലേശങ്ങൾക്ക് അധികാരികൾ താത്പര്യപ്പെടാത്തതിനാൽ ക്രിസ്ത്യാനികൾക്കും തങ്ങളുടെ ജോലി എളുപ്പമായിരുന്നു.

ചില ദിവസങ്ങൾക്കുശേഷം മാർസില്ലസ് സാധനങ്ങൾ കൊള്ളേണ്ടതിന്നു നഗരത്തിലേക്കു പോയി. തന്നെ സഹായിക്കാൻ താത്പര്യം കാണിച്ചിരുന്ന ഒരു സ്നേഹിതന്റെ ഭവനത്തിലേക്കാണു പോയത്. സാധനങ്ങൾ കൊണ്ടശേഷം പുതിയ വർത്തമാനമെന്തെന്ന് അന്വേഷിച്ചു.

"വളരെ മോശമായ ഒരു വാർത്തയുണ്ട്. ഒരു പ്രിട്ടോറിയൻ ഓഫീസർ ഈയിടെ ക്രിസ്ത്യാനിയായി പരിവർത്തനം ചെയ്യപ്പെട്ടു. അതു ചക്രവർത്തിയെ കോപിഷ്ഠനാക്കിയിരിക്കയാണ്. ആ ഓഫീസർ വഹിച്ചിരുന്ന ദൗത്യം മറ്റൊരു പ്രിട്ടോറിയൻ ഓഫീസറെ ഏല്പിച്ചിരിക്കയാണ്

"ഓഹോ, ക്രിസ്ത്യാനികളെ വേട്ടയാടാൻ നിയോഗിക്കപ്പെട്ട ആ ഓഫീസറുടെ പേരെന്താണ്?"

"ലൂക്യുല്ലസ്"

"ലൂക്യുല്ലസോ?" "എന്തു വിചിത്രം' എത്ര വളരെ ഭയങ്കരമായ സമയമാണ്. നീ വളരെ ശ്രദ്ധിക്കണം" "അവർക്കെന്നെ ഒന്നിലധികം പ്രാവശ്യം കൊല്ലാൻ കഴിയില്ല"

"നിങ്ങൾ ക്രിസ്ത്യാനികളുടെ ധൈര്യം അപാരമാണ്. നിന്റെ ധീരതയെ ഞാൻ പ്രശംസിക്കുന്നു. എങ്കിലും നിങ്ങൾ ബാഹ്യമായിട്ടെങ്കിലും ചക്രവർത്തിയുടെ തീർപ്പുകളെ മാനിക്കണം. വെറുതെയെന്തിന് ഭ്രാന്തനെപ്പോലെ സ്വയം മരണത്തിനെറിഞ്ഞു കൊടുക്കണം?"

'ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ ഞങ്ങൾക്കു വേണ്ടി മരിച്ചു. ഞങ്ങളും അവിടുത്തേക്കുവേണ്ടി ജീവൻ വയ്ക്കും.' മാക്സില്ലസ് അയാളോട് യാത്ര പറഞ്ഞ് തന്റെ കെട്ടുമായി യാത്രയായി.രണ്ടുമൂന്നു പേരോടൊപ്പം ഹൊണോറിയസ് പ്രാർത്ഥനാലയത്തിൽ ഇരിക്കുകയായിരുന്നു. ആ കൂട്ടത്തിൽ സിസിലിയായുമുണ്ടായിരുന്നു. ആരോ ഓടി വരുന്നു. കാൽപ്പെരുമാറ്റം. മാർസില്ലസ് പ്രവേശിച്ചു. കൂടിയിരുന്നവർ സന്തോഷത്തോടെ ചാടിയെഴുന്നേറ്റു.

"പോളിയോ എവിടെ?" സിസിലിയാ ഉച്ചത്തിൽ ചോദിച്ചു." ഞാൻ അവനെ കണ്ടില്ല" മാർസില്ലസ് പറഞ്ഞു.





"അവനെ കണ്ടില്ലേ?"

സിസിലിയാ നിലവിളിച്ചുകൊണ്ട് തന്റെ ഇരിപ്പിടത്തിലേക്ക് പിന്നോക്കം വീണു.

"എന്താണ്? അവൻ വരാൻ വൈകിയോ?"

"ആറുമണിക്കൂർ മുൻപേ അവൻ തിരിച്ചെത്തേണ്ടതായിരുന്നു. ഞാൻ ആകുലപ്പെട്ട് ക്ഷീണിച്ചിരിക്കയാണ്."

"മാർസില്ലസ്, നീ എന്താണ് താമസിച്ചത്? നിന്നെ ഞങ്ങൾ ഉപേക്ഷിക്കാൻ തുടങ്ങുകയായിരുന്നു."

"വിയാ അൽബാലിക്ക് സമീപം ഞാൻ തടഞ്ഞു നിർത്തപ്പെട്ടു. ഞാൻ എന്റെ സാധനങ്ങൾ ഉപേക്ഷിച്ച് ആറ്റിൽ ചാടി. ആൾക്കൂട്ടം എന്റെ പിന്നാലെ ഓടി. പക്ഷേ ഞാൻ ആറ്റിൽ ചാടി മറുകരയ്ക്ക് നീന്തി."

"ഓ! നീ കഷ്ടിച്ചു രക്ഷപെട്ടു എന്നേ പറയേണ്ടു. നിന്റെ തലയ്ക്ക് അവർ വില പറഞ്ഞിരിക്കയാണ്."

"നീ അതേക്കുറിച്ച് കേട്ടിരുന്നോ?"

പുറത്തുനിന്നൊരു ശബ്ദം അവരുടെ സംഭാഷണത്തെ മുറിച്ചു. പെട്ടെന്ന് എല്ലാവരും എണീറ്റുനിന്ന് ജാഗരൂകരായി.

"പട്ടാളം!" എല്ലാവരും ചേർന്നു പറഞ്ഞു.

അത് പട്ടാളക്കാർ ആയിരുന്നില്ല. അതൊരു ക്രിസ്ത്യാനിയായിരുന്നു. പുറംലോകത്തിൽനിന്നുവന്ന ഒരു ദൂതനായിരുന്നു. ഭയന്നു വിളറി വിറച്ചുംകൊണ്ട് അയാൾ നിലത്തുവീണു. അയാളുടെ കൈകൾ ചുറ്റിപ്പിണഞ്ഞിരുന്നു. ശ്വാസമെടുക്കാൻ പ്രയാസപ്പെട്ടുകൊണ്ടയാൾ നിലവിളിച്ചു.

"കഷ്ടം!" ഈ മനുഷ്യനെകണ്ട് സിസിലിയാ ഭയന്നുപോയി.

"പറയൂ! പറയൂ! എന്താണുണ്ടായത്?"

"പോളിയോ!" അയാൾ ശ്വാസം വലിച്ചു.

"അവന് എന്തുപറ്റി?"

മാർസില്ലസ് പെട്ടെന്ന് ചോദിച്ചു

"അവൻ അറസ്റ്റു ചെയ്യപ്പെട്ടു. ഇപ്പോൾ തടവിലാണ്!"

പെട്ടെന്ന് സിസിലിയായിൽനിന്ന് ഒരു നിലവിളിയുണ്ടായി.

അടുത്തുനിന്നവർ സഹായിക്കുവാനായി അവളുടെ അടുത്തേക്കോടി.

ഈ സമയം ആ സന്ദേശവാഹകൻ ക്ഷീണം മാറി ശക്തി പ്രാപിച്ചു. തനിക്കറിയാമായിരുന്ന വിവരങ്ങളൊക്കെ അറിയിച്ചു.

"പോളിയോ നിന്നോടൊപ്പം ആയിരുന്നു അല്ലേ?" മാർസില്ലസ് ചോദിച്ചു.

"അവൻ തനിയേ ആയിരുന്നു."

"എന്ത് ദൗത്യത്തിലായിരുന്നു?"

"പുതിയ വാർത്തകൾ തേടുകയായിരുന്നു. ഞാൻ പാതയുടെ മറുവശത്ത് അല്പം പിന്നിലായിരുന്നു. അവൻ വീട്ടിലേക്ക് വരികയായിരുന്നു. പെട്ടെന്ന് ഒരു ആൾക്കൂട്ടത്തിൽ പെട്ടു. അവർ അവനെ തടഞ്ഞുനിർത്തി ചോദ്യം ചെയ്തു. ചോദ്യങ്ങളൊന്നും ഞാൻ കേട്ടില്ല. എന്നാൽ ഭീഷണിയുടെ ഭാവങ്ങളും ആംഗ്യങ്ങളും ഞാൻ കണ്ടു. ഒടുവിൽ അവർ അവനെ പിടിച്ചു. ഞാൻ അകലെനിന്ന് നോക്കിക്കാണുകമാത്രം ചെയ്തു. എനിക്കൊന്നും ചെയ്യുവാൻ കഴിയുമായിരുന്നില്ല. അല്പസമയത്തിനു ശേഷം ഒരു സംഘം പ്രിട്ടോറിയൻ പട്ടാളം വന്നു. അവർ അവനെ അവരുടെ കൈയിലേല്പിച്ചു."

"പ്രിട്ടോറിയക്കാരോ? ക്യാപ്റ്റൻ ആരായിരുന്നുവെന്ന് നിനക്കറിയാമോ?" മാർസില്ലസ് ചോദിച്ചു.

"ലൂക്യുല്ലസ്"

"അതു നന്നായി" മാർസില്ലസ് പറഞ്ഞു. എന്നിട്ട് ഗാഢമായ ചിന്തകളിൽ മുഴങ്ങി.*(തുടരും)*

**(മൊഴിമാറ്റം: ബോബി ചെറിയാൻ)**

❖

# സ്നേഹത്തിൽ സമ്പൂർണ്ണരാകുക

*21-ാം പേജിൽ നിന്നു തുടർച്ച*

ക്കിക്കളഞ്ഞേ മതിയാവൂ. നമ്മുടെ ഹൃദയത്തിനുള്ളിലേക്കും ഹൃദയത്തിൽനിന്ന് പുറത്തേക്കും ദൈവസ്നേഹം പ്രവഹിപ്പിക്കുന്നത് ദൈവത്തിന്റെ ആത്മാവാണ്. സത്യമുന്തിരിവള്ളിയായ കർത്താവിൽ നാം വസിക്കുമ്പോൾ മാത്രമേ ആത്മാവാകുന്ന ജീവരസം നമ്മിലേക്ക് ഒഴുകുകയും ദൈവമഹത്വത്തിനായി സ്നേഹമെന്ന ഈ ഫലം നമ്മിൽ ഉത്ഭവിക്കുകയും ചെയ്യുകയുള്ളു.

ഒരു സഭയെന്ന നിലയിൽ ദൈവത്തിന്റെ സർവോന്നതദാനത്തിൽനിന്നു കുറവായതൊന്നുംകൊണ്ട് നാം തൃപ്തിപ്പെടരുത്. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കണമെന്നാണ് നമ്മെപ്പറ്റിയുള്ള ദൈവഹിതം (യോഹ. 17:21-23) ഇതിൽ കുറഞ്ഞതെല്ലാം താണ നിലവാരത്തിൽപ്പെട്ടതത്രേ വിശ്വാസികളെന്നു വിളിക്കപ്പെടുന്നവരുമായി നാം നമ്മെത്തന്നെ താരതമ്യപ്പെടുത്തി പരസ്പര സ്നേഹത്തിന്റെ കാര്യത്തിൽ അവരേക്കാൾ ഉയർന്ന ഒരു നിലവാരത്തിൽ നാം ജീവിക്കുന്നതായി ചിന്തിച്ചാഹ്ളാദിക്കരുത്. ദൈവത്തിന്റെ നിലവാരവുമായി മാത്രമേ നാം നമ്മെ താരതമ്യപ്പെടുത്താവൂ. നാം സ്നേഹത്തിൽ സമ്പൂർണ്ണത പ്രാപിക്കണമെന്നതാണ്. ദൈവഹിതം. ഇതിൽ കുറഞ്ഞതൊന്നും ദൈവഹൃദയത്തെ തൃപ്തിപ്പെടുത്തുകയില്ല.

യേശു നമ്മെ സ്നേഹിക്കുന്നതുപോലെ നാം അന്യോന്യം സ്നേഹിക്കുമ്പോൾ നാം വെളിച്ചത്തിൽ നടക്കുന്നവരാകും: അപ്പോൾ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ടാകുകയും ചെയ്യും. അപ്പോൾ ഒരു സഭയെന്ന നിലയിൽ നമ്മുടെ ഇടയിൽ വെളിച്ചം ശോഭയോടെ പ്രകാശിക്കും. ഈ സ്ഥിതിയിൽ ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു നിലവിളക്കായി നാം തീരുകയും ദൈവത്തിന്റെ തെളിഞ്ഞ പ്രകാശത്തിൽ ഇരുട്ടിന്റെ മറഞ്ഞിരിക്കുന്ന പ്രവൃത്തികൾ വെളിപ്പെടുകയും ചെയ്യും (മർക്കോസ് 4:21;22എഫേ. 5:11) അതിനാൽ സഭയിലെ കൂട്ടായ്മയ്ക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം. ക്രിസ്തുവിന്റെ സത്യസഭയുടെ അംഗങ്ങളായിത്തീരുക എന്നത് ലോകത്തിൽ നമുക്ക് ലഭിക്കാവുന്ന ഏറ്റവും മഹത്വകരമായ പദവിയാണ്. അവിടെ വെളിച്ചം ശോഭയോടെ പ്രകാശിക്കുന്നു. എല്ലാം തിന്മയും പാപവും വേശ്യാവൃത്തിയും ഇരുട്ടും ജഡികത്വവും അവിടെ വെളിപ്പെട്ടുവരുന്നു.

നാം സ്നേഹത്തിൽ ക്രിസ്തുവിന്റെ പൂർണ്ണതയോളം വളർന്നുവരുമാറ് അന്യോന്യം ആത്മീയവർദ്ധന വരത്തക്കവിധത്തിൽ നമ്മെ സഭയായി ഒരുമിച്ചു ചേർത്ത ദൈവകൃപയ്ക്കുവേണ്ടി മതിയാകുവോളം സ്തോത്രം ചെയ്‌വാൻ നമുക്ക് കഴിവില്ല. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ ദൈവത്തിന്റെ സർവസമ്പൂർണ്ണതയും ഉൾക്കൊള്ളുന്ന ഒരു സഭയായി നാം തീരണമെന്നതാണ് ദൈവത്തിന്റെ നിത്യമായ തിരുഹിതം (എഫേ. 1:23). അപ്പോൾ ആത്മീയലോകത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം ബോധ്യപ്പെടുമാറ് സഭ ദൈവിക സമ്പൂർണ്ണതയുടെ നിവാസസ്ഥാനമായിത്തീരും (എഫേ. 3:10, 11).

❖





# ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ

**ആച്ചിയമ്മ കുരുവിള**

**അ**ധാർമ്മികതയും അനാശാസ്യവും നടമാടുന്ന കാലഘട്ടത്തിലാണല്ലോ നാം എത്തിച്ചേർന്നിരിക്കുന്നത്. അമ്മമാരായ നമുക്ക് നമ്മുടെ മക്കളെക്കുറിച്ച് ആശങ്കകൾ ഉണ്ടാവുക സ്വാഭാവികമാണ്. ഈ ആശങ്ക എപ്രകാരമുള്ള ഒരു പ്രതികരണമാണ് നമ്മിൽ ഉളവാക്കുന്നത്? സ്വയശക്തിയിലും അറിവിലും വിശ്വാസമർപ്പിച്ച് കടുത്ത നിയന്ത്രണങ്ങളും ഉപദേശങ്ങളും അവരുടെ മേൽ അടിച്ചേൽപ്പിക്കുമോ, അതോ അവരെ നേർവഴിക്കു നയിക്കുക എന്നത് ഒരു ആത്മീയ ഉത്തരവാദിത്വം ആണ് എന്ന് വിശ്വസിച്ച് യേശുവിന്റെ സഹായം നാം തേടുമോ?

പൈതങ്ങളെ സ്നേഹിച്ച യേശുവിനെ തിരുവചനം നമുക്ക് വെളിപ്പെടുത്തുന്നു. "ശിശുക്കളെ എന്റെ.... ഇങ്ങനെയുള്ളവരുടേതാകുന്നു." മൂന്നു സുവിശേഷങ്ങളിൽ ഖണ്ഡിതമായി യേശു പറഞ്ഞതായി ഇത് രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിങ്കലേക്ക് അടുത്തുവന്ന പൈതങ്ങളെ മുതിർന്നവർ തടയുന്നു. എന്നാൽ അവിടുത്തെ ഹിതം അതായിരുന്നില്ല. അവർ യേശുവിന്റെ ഹിതം ആരാഞ്ഞില്ല. പകരം ആ സാഹചര്യത്തെ അവർ തന്നെ കൈകാര്യം ചെയ്യാൻ ശ്രമിച്ചു. അതാണ് അവർക്ക് ശാസന ലഭിക്കാൻ കാരണം.

ശിശുക്കളെ തടയാൻ ശിഷ്യന്മാരെ പ്രേരിപ്പിച്ച ചിന്തകൾ മാനുഷികമായി നല്ല ചിന്തകളാവും. 'ഗുരു വിശ്രമിക്കട്ടെ. കുട്ടികൾക്ക് യേശുവിന്നരികിൽ എന്തുകാര്യം? ഗുരു പറയുന്ന ഗഹന കാര്യങ്ങൾ അവർക്ക് മനസ്സിലാവില്ല.' കുട്ടികൾക്ക് എന്തെങ്കിലും ഉപദേശം നൽകി പറഞ്ഞുവിടാൻ ശിഷ്യന്മാർക്ക് യേശു അനുമതി നൽകിയിരുന്നെങ്കിൽ അവർ എന്തു പറയുമായിരുന്നു? ഭാവന ചെയ്തുനോക്കൂ. മുഷിപ്പോടെയും ഈർഷ്യയോടെയും നീണ്ട പ്രസംഗം ചെയ്യുമായിരുന്നിരിക്കാം. എന്നാൽ നമ്മുടെ കർത്താവ് പൈതങ്ങളെ അരികെ വിളിച്ചു. അവരെ തന്റെ ഭുജങ്ങളിൽ എടുത്തു അവരുടെ മേൽ കൈവച്ച് അവരെ അനുഗ്രഹിച്ചു. സ്തോത്രം

ശിഷ്യന്മാർ അറിവുകൂടാതെ ചെയ്തുപോയ തെറ്റ് എന്താണ്? മുതിർന്നവരായ നാം ഓരോരുത്തരും ഇന്നും ചെയ്യുന്ന അതേ തെറ്റുതന്നെ. അവരെ സൗമ്യമായി യേശുവിന്നരികിലേക്ക് വിശ്വസിച്ച് വിട്ടില്ല. "യേശുവേ, ഞങ്ങൾ നിന്നെ സ്നേഹിക്കുന്നു. നിന്നെ പിൻപറ്റാൻ ഞങ്ങളും ആഗ്രഹിക്കുന്നു. അവിടുത്തോടു കൂടെ ഇരിക്കുന്നത് ഏറ്റവും ഹൃദ്യം തന്നെ. എല്ലാ കൃപകൾക്കും നന്ദി യേശുവേ" മുതലായ കൊച്ചുകൊച്ചു സാക്ഷ്യങ്ങൾ യേശുവോടറിയിക്കുവാൻ അവസരം നൽകാതെ അവരെ ഉപദേശിച്ച് മുഷിപ്പിച്ചും ശാസിച്ചും യേശുവുമായി ഇടപഴകാനായുള്ള അവരുടെ അവസരങ്ങളെ ശിഷ്യന്മാർ തടസ്സപ്പെടുത്തി.

നാം മുതിർന്നവർ ഇന്നും ഇത് ചെയ്യുന്നുണ്ട്. കുഞ്ഞുങ്ങൾക്കായി വേർതിരിച്ചിരിക്കുന്ന മീറ്റിംഗുകളിൽ പോലും മുതിർന്നവർ പ്രാതിനിധ്യം എടുക്കുകയും അവരുടെ ഏകദേശം

**നാം ഇന്നു പിന്തുടരുന്നത് തിരുവചനത്തിലൂടെ വരച്ചുകാട്ടപ്പെട്ടിരിക്കുന്ന യേശുവിനെയോ? അതോമറ്റൊരു യേശുവിനെയോ? നിത്യതയിൽ നാം എത്തുമ്പോൾ ഈ ഭൂമിയിൽ വച്ച് നാം പിന്തുടർന്ന യേശുവിനെയാവുമല്ലോ നാം അവിടെ പ്രതീക്ഷിക്കുന്നത്. യഥാർത്ഥയേശു ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടാണ്.അന്ന് യഥാർത്ഥയേശുവിനെ കണ്ട് നാം പകച്ചുപോകുവാൻ ഇടയാകുമോ?**

മുഴുവൻ സമയവും കവർന്നെടുക്കുകയും ചെയ്യുന്ന പ്രവണത ഇന്നു കാണുന്നു. കുഞ്ഞുങ്ങളിൽ നിന്നും എന്തു പഠിക്കാൻ? അവർ ജ്ഞാനം പ്രാപിക്കാൻ മുതിർന്നവരിൽ നിന്നും വല്ലതും പഠിക്കട്ടെ എന്ന നമ്മുടെ ഭാവത്തെ യേശു അപലപിക്കുന്നു. “സ്വർഗ്ഗരാജ്യം ശിശുക്കളെപ്പോലെയുള്ളവരുടേതാകുന്നു. നിങ്ങൾ മനംതിരിഞ്ഞ് ശിശുക്കളെപ്പോലെ ആയിത്തീരുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.” “ആകയാൽ ഈ ശിശുവിനെപ്പോലെ സ്വയം വിനയപ്പെടുത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവനാകുന്നു.” എന്നീ പ്രസ്താവനകൾ യേശു പറഞ്ഞത് ഓർക്കുക. അവിടുന്നു ശിശുക്കളുടേയും മുലകുടിക്കുന്നവരുടേയും വായിൽ ബലം നിയമിച്ചിരിക്കുന്നു എന്ന വചനം നാം വാസ്തവത്തിൽ വിശ്വസിക്കുന്നുവോ?

നമ്മുടെ കർത്താവ് നിസ്സഹായരോടും അവഗണിക്കപ്പെട്ടവരോടും എല്ലാം മനസ്സലിവ് കാട്ടിയിരുന്നു. അവൻ ഇളയതൈ പോലെയും വരണ്ട നിലത്തുനിന്നും വേർ മുളയ്ക്കുന്നതു പോലെയും’ തന്റെ പിതാവിന്റെ മുമ്പാകെ വളർന്നവനായതുകൊണ്ടാവണം അങ്ങനെ ചെയ്യാൻ കഴിഞ്ഞത്. അവിടുന്ന് ആരുടേയും അവസരങ്ങൾ, അവകാശങ്ങൾ കവർന്നെടുത്തില്ല. എന്നുമാത്രമല്ല അത് നിഷേധിക്കപ്പെട്ടവരെ പ്രതിരോധിക്കുകയും ചെയ്തു. മുതിർന്നവരായ ശിഷ്യന്മാർ യേശുവിൽ കോപം ജനിപ്പിച്ച സ്ഥാനത്ത് ആശിശുകൾക്ക് യേശുവിന്റെ ഹൃദയത്തിന് പ്രമോദം വരുത്തുവാന്ഡ കഴിഞ്ഞു.

നാം ഇന്നു പിന്തുടരുന്നത് തിരുവചനത്തിലൂടെ വരച്ചുകാട്ടപ്പെട്ടിരിക്കുന്ന ഈ യേശുവിനെയോ? അതോമറ്റൊരു യേശുവിനെയോ? നിത്യതയിൽ നാം എത്തുമ്പോൾ ഈ ഭൂമിയിൽ വച്ച് നാം പിന്തുടർന്ന യേശുവിനെയാവുമല്ലോ നാം അവിടെ പ്രതീക്ഷിക്കുന്നത്. യഥാർത്ഥയേശു ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടാണ്. (വെളി.5:6) അന്ന് യഥാർത്ഥയേശുവിനെ കണ്ട് നാം പകച്ചുപോകുവാൻ ഇടയാകുമോ? യേശുവും നമ്മെ ത്യജിച്ച് “ഞാൻ നിന്നെ ഒരുനാളും അറിഞ്ഞിട്ടില്ല” എന്ന് പറയുമോ? “കുഞ്ഞാട് പോകുന്നിടത്ത് ഒക്കെയും കാന്ത അവനെ അനുഗമിക്കുന്നു.” ഈ ഭൂമിയിൽ കുഞ്ഞാടിനെ അനുഗമിച്ചവർക്കേ നിത്യതയിലും അതിനു കഴിയുകയുള്ളൂ. ഈ ലോകജീവിതത്തിന്റെ ഒരു തുടർച്ചയാണല്ലോ നിത്യത. കുഞ്ഞാടിനെപ്പോലെ താഴ്മയും സൗമ്യതയും നുറുക്കവും സാവധാനതയും ഉള്ളവർക്കേ തന്നെ അനുഗമിക്കാൻ കഴിയൂ. അല്ലാത്തവർ സ്വന്തശക്തിയിലും വിവേകത്തിലും ഊന്നി മുൻഗമിച്ച് സ്വന്ത വഴികളിൽ വീണുപോകും.

”ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും” എന്ന് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ഈ





വാഗ്ദാനം നമുക്കും ഉള്ളതാണ്. ഇത് നാം തന്നെ ആക്ഷരികമായി നമ്മിൽ നിറവേറ്റുന്നവരോ അതോ അതിനായി യേശുവിൽ തന്നെ ശരണപ്പെടുന്നവരോ? എല്ലാ മതങ്ങളും, സംഘടനകളും, പ്രസ്ഥാനങ്ങളും ഈ ‘മനുഷ്യരെ പിടിക്കുക’ എന്ന തത്വം തന്നെയാണ് പിന്തുടരുന്നത് എന്നാൽ അക്ഷരത്തിനപ്പുറത്ത് പരിശുദ്ധാത്മാവിന്റെ ഒരു സ്പർശനം യേശുവിന്റെ ആഹ്വാനത്തിൽ മാത്രം കാണാൻ കഴിയും. നമ്മോട് അവിടുന്ന് പറയുന്നു. “പൈതങ്ങളെ എന്റെയടുക്കൽ വരുവാൻ വിടുവീൻ” പിടിയ്ക്കുകയും വിടുകയും തമ്മിൽ സ്വാതന്ത്ര്യത്തിന്റേതായ വലിയ ഒരു അന്തരം കാണാൻ കഴിയും . യേശു വന്നത് നമ്മെ സാക്ഷാൽ സ്വതന്ത്രരാക്കാനാണ്.

നമ്മുടെ കുട്ടികളെ യേശുവിനരികിലേക്ക് സ്വതന്ത്രരായി നമുക്ക് വിടാം. അവർ യേശുവിനോടൊത്ത് സ്വാതന്ത്ര്യം അനുഭവിച്ച് വളരട്ടെ. നമുക്ക് യേശുവിനെ വിശ്വസിക്കാം. അതിനായി പരിശുദ്ധാത്മാവിന്റെ അത്യന്തം പരമായ സഹായത്തിനായി നമുക്ക് നിരന്തരം അവിടുത്തെ മുഖം അന്വേഷിക്കാം. പ്രാർത്ഥനയിലും കണ്ണീരിലും കുതിർത്ത് അവരെ വളർത്താം. താഴ്മയിലും നുറുക്കത്തിലും അവനോടുള്ള അനുരൂപതയിലും നമ്മെ കുട്ടികൾക്ക് മാതൃകയാക്കാൻ നമുക്ക് തന്നോടു യാചിക്കാം. ഏറ്റവും ലാഘവത്തോടെയും എല്ലാം അറിയാം എന്ന ഭാവത്തോടെയും ശിഷ്യത്വത്തിന്റെ പാതയിൽ മുന്നോട്ടു പോയതോർത്ത് അനുതപിക്കാം. കർത്താവ് പറഞ്ഞത് അവിടുന്ന് നമ്മെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നത്രേ. അതിന്റെ മുഴുവൻ ഉത്തരവാദിത്വവും നടത്തിപ്പും മഹത്വവും യേശുവിന് തന്നെ. നമ്മുടെ സഹകരണം മാത്രം മതി അവിടുത്തേക്ക്. അത് തന്നെ എത്രയോ മഹത്തായ ദാനമാണ്. സ്വയശക്തിയിലുള്ള, സ്വന്ത മഹത്വത്തിനായുള്ള ചെറിയ ഒരു കാൽവയ്പ്പുപോലും കൃപാവേലയെ പാഴാക്കിക്കളയും. നമ്മുടെ വാചാലതയും ഉപദേശ ബാഹുല്യവും മാനുഷിക ഇടപെടലുകളും അവസാനിപ്പിച്ച് കർത്താവിൽ ശരണപ്പെടാം. അവിടുന്ന് അവരെ ഭുജങ്ങളിൽ എടുത്ത് മാറോടണയ്ക്കും. അവിടെ അവർ ശാശ്വതശാന്തി കണ്ടെത്തും. സ്തോത്രം.

മക്കളെ പഥ്യോപദേശത്തിൽ വളർത്തേണം എന്ന തിരുവചന ആഹ്വാനം തികച്ചും പാലിക്കേണ്ടതു തന്നെ. പക്ഷേ നമ്മുടെ ഉപദേശത്തിൽ അതിരുകവിഞ്ഞ് ആശ്രയിച്ച് നിരന്തരം ഉപദേശിച്ച് സമാധാനം കെടുത്തുന്ന രീതി ദോഷകരമാവും. ഇതിനായി കർത്താവിന്റെ പരിജ്ഞാനം നാം ചോദിച്ചുവാങ്ങേണ്ടതാണ്. യഹോവയാൽ അന്തരംഗത്തിൽ ഉപദേശിക്കപ്പെടുന്നവർക്കാണ് വലിയ സമാധാനം (യെശ 54:13) സമാധാനപ്രഭുവായ അവനു മാത്രമേ സാക്ഷാൽ സമാധാനം നൽകാനാവൂ. നമ്മുടെ ഉപദേശാധിക്യം സമാധാനം കെടുത്തിക്കളയും എന്നോർക്കുക. തന്നെ വിശ്വസിച്ച് നാം അവിടുത്തെ സ്വസ്ഥതയിൽ പ്രവേശിക്കുമ്പോൾ ദൈവം ചെയ്യുന്ന അത്ഭുതവ്യതിയാനങ്ങൾ നമ്മിലും അവരിലും നമുക്ക് കാണാൻ കഴിയും.

യേശുവിങ്കലേക്ക് നമ്മുടെ കുട്ടികളെ വിടാൻ നമ്മെ ഉത്സാഹിപ്പിക്കേണ്ട വസ്തുത എന്താണ്? മനുഷ്യപുത്രന്മാരോടുള്ള സ്നേഹം, കരുണ, മനസ്സലിവ്, അവിടുത്തെ സർവ്വവല്ലഭത്വം അതിലുള്ള നമ്മുടെ സമ്പൂർണ്ണ ആശ്രയം അവിടുന്നു മാനിക്കും. തന്നിൽ ആശ്രയിക്കുന്ന ഒരുവനും ലജ്ജിച്ചുപോകയില്ല. നാം വിചാരിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ഈ കൃപാവേല ചെയ്തുതരുവാൻ അവിടുന്നു പ്രാപ്തൻ തന്നെ. ❖

# ദൈവം തന്റെ മനസ്സ് മാറ്റുമോ?

സന്തോഷ് പുന്നൻ

ആരോ ഈ അടുത്തകാലത്ത് എന്നോട് ചോദിച്ചു: “ദൈവം തന്റെ മനസ്സ് മാറ്റുമോ? അങ്ങനെയെങ്കിൽ ദൈവം ഭാവി അറിയുന്നത് എങ്ങനെയാണ്? അവിടുന്നു മനസ്സു മാറ്റുന്നില്ലെങ്കിൽ പിന്നെ നമ്മുടെ പ്രാർത്ഥനയുടെ ആവശ്യമെന്താണ്?”

ആദ്യം തന്നെ പറയട്ടെ, ഈ ചോദ്യത്തിനുത്തരം പൂർണ്ണമായി നൽകുവാൻ എനിക്കു കഴിയുകയില്ല. അത് ഓരോരുത്തർക്കും വ്യക്തിപരമായി പരിശുദ്ധാത്മാവിനു മാത്രം നൽകുവാൻ കഴിയുന്ന ഒന്നാണ്. നാം ഒരിക്കലും ഒരു മനുഷ്യനിലും ആശ്രയിക്കാതെ എപ്പോഴും ദൈവത്തിൽ മാത്രം ആശ്രയിക്കുന്നതിനു ദൈവം ഒരുക്കുന്ന ഒരു മാർഗ്ഗമാണിത്. ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും വ്യക്തിപരമായ ഈ ചോദ്യം ദൈവത്തിന്റെ മുമ്പാകെ വെച്ച് അതിനുള്ള ഉത്തരം ഹൃദയത്തിൽ ലഭിക്കുവാൻ ഞാൻ ഉത്സാഹിപ്പിക്കുന്നു. അതോടൊപ്പം നമ്മുടെ എല്ലാ സാഹചര്യങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം നേരിട്ടോ അല്ലാതെയോ വേദപുസ്തകത്തിൽനിന്നു നമുക്കു ലഭിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഇടയ്ക്കിടെ ദൈവവചനം ഉദ്ധരിക്കുവാൻ ഞാൻ ശ്രമിക്കുന്നു.

സമയവും കാലവും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും അത് സകല സൃഷ്ടിയുടെ മേലും ഒരു പരിമിതിയായി ദൈവം സ്ഥാപിച്ചിട്ടുള്ളതുമാണെന്ന് നാം തിരിച്ചറിയേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ് (ഉല്പ 1-5, 8, 13-19 തുടങ്ങിയവ) ദൈവം കാലത്തിനും സമയത്തിനും അപ്പുറമുള്ളവനാകയാൽ അവിടുന്നു ഭാവിയും ഭൂതവും വർത്തമാനവും ഒരുപോലെ വ്യക്തമായി കാണുന്നു. അവിടുത്തെ മുമ്പിൽ എല്ലാം ഒരുപോലെയാണ്. പരിമിതിയുള്ള നമ്മുടെ മനുഷ്യമനസ്സിന് ഈ കാര്യം പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുകയില്ല. ദൈവം ഭാവി കാര്യങ്ങൾ എങ്ങനെ അറിയുന്നു എന്നത് വിശദീകരിക്കുവാൻ ഞാൻ കേട്ടിട്ടുള്ള ഏറ്റവും നല്ല ഉപമ ഇങ്ങനെയാണ് (മാനുഷികമായ ഒരു ഉപമയും ആത്മീയകാര്യങ്ങൾ വിശദീകരിക്കുന്നതിൽ തികവുള്ളതല്ല എന്ന കാര്യം മനസ്സിൽ വയ്ക്കണം) നമ്മുടെ ജീവിതത്തിൽ നടന്ന കാര്യങ്ങൾ ഒരു വീഡിയോയിൽ പകർത്തിയ ശേഷം പിന്നീട് കാണുന്നതുപോലെയാണ്. എന്റെ തന്നെ ജീവിതത്തിന്റെ വീഡിയോ കാണുമ്പോൾ എനിക്കറിയാം, എന്താണ് അടുത്തത് സംഭവിക്കാൻ പോകുന്നതെന്ന്. എന്നാൽ അതിലെ സംഭവങ്ങൾ എനിക്കു മാറ്റുവാൻ സാധിക്കുകയില്ല. അതുപോലെ ദൈവം ഭാവികാര്യങ്ങൾ നടത്തുന്നതുപോലെ അറിയുന്നു. താൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് മുൻപേ അവിടുന്ന് അറിയുന്നു. വേദപുസ്തകം അതിനെ ‘മുന്നറിവ്’ എന്നു വിളിക്കുന്നു (റോമ. 8:29, 1 പത്രോ, 1:2 മുതലായവ)

എന്നാൽ ദൈവം താൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് മുൻകൂട്ടി അറിയുന്നു എന്നുള്ളതുകൊണ്ട് അതിന്റെ അർത്ഥം എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അറിഞ്ഞ് ദൈവം അതിനായി തന്റെ മനസ്സ് ഒരുക്കി വച്ചിരിക്കുന്നു എന്നല്ല. നമ്മുടെ സ്രഷ്ടാവായ ദൈവത്തെ കുറിച്ചുള്ള അത്ഭുതകരമായ ഒരു കാര്യമാണ് അവിടുന്നു താൻ സൃഷ്ടിച്ച മനുഷ്യനു അവന്റെ ഭാവി തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം കൊടുത്തു എന്നുള്ളത്. ഈ കാര്യം അങ്ങ് ഏദനിൽ തുടങ്ങിയിരുന്നു (ഉല്പ. 2-16-17) നിർഭാഗ്യവശാൽ മനുഷ്യൻ ദൈവഹിതത്തിനു പുറത്ത് തന്റെ സ്വന്തയിഷ്ടപ്രകാരം കാര്യങ്ങൾ തീരുമാനിക്കുകയും എല്ലാം കുഴയ്ക്കുകയും പാപത്തിൽ വീഴുകയും അങ്ങനെ ആദാമിനേയും ഹവ്വയേയും പോലെ ദൈവതേജസ്സ് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു (റോമ. 3-23).

ആശ്ചര്യകരമെന്നു പറയട്ടെ, ദൈവം തന്റെ സ്നേഹത്തിൽ നമ്മെ വീഴുവാൻ അനുവദിക്കുന്നു! ഇവിടെയാണ് പ്രാർത്ഥനയുടെ ആവശ്യം കടന്നുവരുന്നത്. പ്രാർത്ഥനയെന്നാൽ ഇങ്ങനെ പറയുന്നതാണ് “ദൈവമേ, എന്റെ സ്വന്തയിഷ്ടപ്രകാരം എന്റെ ഭാവി തീരുമാനിക്കാതെ അങ്ങയുടെ ഹിതപ്രകാരം എന്റെ ഭാവി തീരുമാനിക്കുവാൻ ഞാൻ നിശ്ചയിക്കുന്നു.” അങ്ങനെ പ്രാർത്ഥന വഴിയായി നാം ദൈവത്തിൽ ആശ്രയിക്കുന്നു എന്നുള്ളത് ഒന്നുകൂടി ഉറപ്പാക്കുന്നു. ദൈവത്തിലുള്ള ഈ ആശ്രയത്തെയാണ് വേദപുസ്തകം വിശ്വാസം എന്നു വിളിക്കുന്നത്. ഈ ഒരൊറ്റ കാര്യത്തിലൂടെയാണ് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതും (എബ്രാ. 11-6). അങ്ങനെ നാം എപ്പോഴും ദൈവത്തെ പ്രസാദിപ്പിക്കണമെന്നുള്ളതു കൊണ്ടാണ് അവിടുന്നു തുടർച്ചയായി പ്രാർത്ഥിക്കണമെന്ന് തന്റെ വചനത്തിൽ ആവശ്യപ്പെടുന്നത് (ലൂക്കോ 18-1, മത്തായി 6-9, 1 തെസ്സ. 5-17)

നാം നേരത്തെ കണ്ടുവല്ലോ, ദൈവം കാലത്തിനും സമയത്തിനും അതീതനാകയാൽ പ്രാർത്ഥനയിൽ നാം എന്താണ് ദൈവത്തോട് ചോദിക്കുവാൻ പോകുന്നതെന്ന് അവിടുന്നു മുൻകൂട്ടി അറിയുന്നുവെന്നത്. എങ്കിലും പ്രാർത്ഥനയാണ് നമ്മുടെ ജീവിതത്തിൽ ദൈവഹിതം നിവൃത്തിയാകുവാൻ തക്കവണ്ണം സ്വർഗ്ഗവാതിലുകളെ തുറക്കുന്നത്. നമുക്കിങ്ങനെ പറയാം. നിങ്ങൾ പ്രാർത്ഥിച്ചു, അതിന്റെ ഫലമായി ദൈവം ചിലത് പ്രവർത്തിക്കുവാൻ ഇടയായി. എനിക്കും നിങ്ങൾക്കും ദൈവം സാഹചര്യങ്ങളെ മാറ്റിയതായിത്തോന്നാം. എന്നാൽ ദൈവം മുന്നമേ (നിത്യത മുതൽ) തന്നെ അറിഞ്ഞിരുന്നു നിങ്ങൾ ഈ പ്രാർത്ഥന പ്രാർത്ഥിക്കുമെന്നും അതിന്റെ ഫലമായി താൻ ഇങ്ങനെയൊക്കെ പ്രവർത്തിക്കുമെന്നുമുള്ള കാര്യം. തീർച്ചയായും ദൈവം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമെന്ന നിലയിൽ പ്രവർത്തിച്ചു, എന്നാൽ ദൈവം നിത്യതയിൽ തന്നെ പ്രവർത്തിച്ചിരുന്നു. കാരണം നിങ്ങളിങ്ങനെ പ്രാർത്ഥിക്കുമെന്ന് മുൻപേ അവിടുന്ന് അറിഞ്ഞിരുന്നു. ദൈവത്തിന്റെ മനസ്സിൽ നിങ്ങൾ നേരത്തെ പ്രാർത്ഥിച്ചു കഴിഞ്ഞിരുന്നു. നിങ്ങളുടെ പ്രാർത്ഥനയെക്കുറിച്ചുള്ള അവിടുത്തെ മുന്നറിവ് യഥാർത്ഥസംഭവങ്ങളെയോ ദൈവം നിങ്ങളുടെ പ്രാർത്ഥനയ്ക്കനുസരിച്ച് പ്രവർത്തിച്ചു എന്ന വസ്തുതയെയോ മാറ്റുന്നില്ല.

അവളുടെ, “ദൈവം എന്റെ അളവ് അറിയുന്നു.” എന്ന പുസ്തകത്തിൽ കമ്മ്യൂണിസ്റ്റ് ഭരണത്തിനുകീഴിൽ ആയിരുന്ന റുമേനിയയിലെ ഒരു പാവപ്പെട്ട ക്രിസ്തീയകുടുംബത്തിൽ വളർന്നുവന്ന ഒരു പെൺകുട്ടിയെ കുറിച്ച് പരാമർശിക്കുന്നുണ്ട്: ഒരിക്കൽ അവൾ ദൈവം ഉണ്ടോ എന്നു ഉറപ്പുവരുത്തുന്നതിന് ഇങ്ങനെയൊരു അത്ഭുതം ദൈവത്തോട് ചോദിച്ചു. തന്റെ ദരിദ്രകുടുംബത്തിനു വാങ്ങുവാൻ സാമ്പത്തിക സ്ഥിതി അനുവദി

ക്കാത്ത ഒരു ജോടി പാദരക്ഷകളും തണുപ്പിനുള്ള വസ്ത്രവും ഒരു പുറംകുപ്പായവും ലഭിക്കണമെന്നായിരുന്നു അവളുടെ ആവശ്യം. ചില ദിവസങ്ങൾക്കുള്ളിൽ അവളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചു. അവൾ ആവശ്യപ്പെട്ട വസ്തുക്കൾ അവളുടെ കൃത്യമായ അളവിൽ തപാലിലൂടെ അവൾക്കു ലഭിച്ചു. യേശുക്രിസ്തുവിന്റെ സുവിശേഷം റുമേനിയയിൽ പ്രചരിപ്പിക്കുന്നതിനു ദൈവം ആ പെൺകുട്ടിയെ പിന്നീട് ശക്തിയോടെ ഉപയോഗിച്ചു.

വാസ്തവത്തിൽ ദൈവം പറയുന്നത് ഇങ്ങനെയാണ്: "അവർ വിളിക്കുന്നതിനു മുൻപേ ഞാൻ ഉത്തരം അരുളും" (യെശ. 65:24) തന്റെ ചൈനയിലെ പ്രവർത്തനങ്ങളുടെ കാലത്ത് ഒരിക്കൽ അടിയന്തിരമായ് ചില സാമ്പത്തിക ആവശ്യങ്ങൾ ഉണ്ടായപ്പോൾ അതിനായി ദൈവത്തോട് പ്രാർത്ഥിക്കുകയും അവരുടെ പ്രാർത്ഥനയ്ക്കുള്ള ഉത്തരമായി ചില ദിവസങ്ങൾക്കുള്ളിൽ തന്നെ അവർ ആവശ്യപ്പെട്ടിരുന്ന തുക ലഭിക്കുകയും ചെയ്തതായി ഹഡ്സൺ ടെയ്‌ലർ പറഞ്ഞിട്ടുണ്ട്. 19-ാം നൂറ്റാണ്ടിന്റെ ആ കാലഘട്ടത്തിൽ അന്താരാഷ്ട്രതപാലുകൾ കപ്പൽ മാർഗ്ഗമൊക്കെ എത്താൻ രണ്ടും മൂന്നും മാസങ്ങൾ എടുക്കുമായിരുന്നു എന്നതാണ് ഇവിടെ ആശ്ചര്യകരമായ കാര്യം. അതിന്റെ അർത്ഥം ഹഡ്സൺ ടെയ്‌ലർ പ്രാർത്ഥിക്കുന്നതിന് മുൻപ് തന്നെ ദൈവം ഇംഗ്ലണ്ടിൽ ആരുടെയോ ഹൃദയത്തിൽ പണം അയയ്ക്കുന്നതിനുള്ള പ്രേരണ നൽകിയിരുന്നു എന്നാണ്.

അതുകൊണ്ട് ദൈവത്തിൽ നിരന്തരം ആശ്രയിക്കുന്ന ഒരുവന്റെ പ്രാർത്ഥനയ്ക്കു വളരെ ഫലം ലഭിക്കുന്നു (യാക്കോ. 5:16) എന്നു നാം കാണുന്നു. അങ്ങനെയാണ് ദൈവം നമുക്ക് സ്വതന്ത്ര ഇച്ഛ നൽകിക്കൊണ്ടു തന്നെ തന്റെ പരമാധികാരം നിലനിർത്തുന്നത്. ഇതിനൊരു തികഞ്ഞ ഉദാഹരണമാണ് യേശു. അവിടുന്നു ദൈവം എന്ന പരമാധികാരം പൂർണ്ണമായി ഒഴിഞ്ഞിട്ട് (ഫിലി.2ന്റെ 5 മുതൽ 8 വരെ) ഭൂമിയിൽ ദൈവമായി (നിത്യതയോടു ബന്ധപ്പെട്ട്) എന്നാൽ പൂർണ്ണ മനുഷ്യനുമായി (തന്റെ കഴിവുകളിൽ) തന്റെ വഴി തെരഞ്ഞെടുക്കുവാനുള്ള പൂർണ്ണ സ്വാതന്ത്ര്യത്തോടെ ജീവിച്ചു. എങ്കിലും അവിടുന്നു നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു (എബ്ര 5-7, ലൂക്കോ 5-16 തുടങ്ങിയവ) സ്വന്ത ഇഷ്ടപ്രകാരം ഭാവി തീരുമാനിക്കാതെ പിതാവിന്റെ ഇഷ്ടം തെരഞ്ഞെടുത്തു (ലൂക്കോ 22-42) അതുകൊണ്ട് പ്രാർത്ഥിക്കുന്നതിനുപോലും യേശുവാണ് നമ്മുടെ മാതൃക (എബ്ര. 6-20, 12-2).

അവസാനമായി ഒരു ചിന്തകൂടെ. നമ്മുടെ ഭാവി നിശ്ചയിക്കുവാൻ ദൈവത്തോട് ആവശ്യപ്പെടുമ്പോൾ (പ്രാർത്ഥനയിലൂടെ) അവിടുന്നു നമ്മുടെ കഴിഞ്ഞകാലപാപങ്ങളെ ഒരു കണികപോലും ഇല്ലാതെ പൂർണ്ണമായി ഇല്ലായ്മ ചെയ്ത് നിർത്തുന്നു എന്നതാണ് ഏറ്റവും ആശ്ചര്യകരമായ കാര്യം. പിന്നീട് അവിടുന്ന് നമ്മുടെ ജീവിതം തികവുള്ളതാക്കുന്നു (റോമ. 8-29) പക്ഷേ അതിനുമുൻപ് ആദ്യം തൊട്ടു മുൻപുള്ള വാക്യം വിശ്വസിക്കണം (റോമ 8-28) ദൈവം സകലവും നമ്മുടെ ഭൂതകാലത്തിലെ കാര്യങ്ങളും നന്മയ്ക്കാക്കിത്തീർക്കുന്നു. കാരണം, നിങ്ങൾ അവിടുത്തെ സ്നേഹിക്കുകയും നിർണ്ണയ പ്രകാരം വിളിക്കപ്പെടുകയും ചെയ്തവരാണ്.

ദൈവം നമ്മെ തന്റെ രാജ്യത്തിലെ വിശ്വസ്തരും ഫലം നൽകുന്നവരുമായ പ്രാർത്ഥനാവീരന്മാർ ആക്കട്ടെ.

**മൊഴിമാറ്റം: സാജു ജോസഫ്**

❖








# SETTING A GOAL FOR LIFE

Sandeep Poonen

***Question:***

You have mentioned that the Christian life is a journey. But do we as Christians have a destination in this journey? I would like to treat my Christian walk as a journey, but shouldn't I know where I am going? Also, how can I know if I'm going in the right direction?

***Answer:***

This is a continuation of my answer to this question. In Part 1 of my answer last month, I wrote that the destination of all Christians (from the Bible) was to become conformed to the image of Jesus (Romans 8:29). So my destination was to be an exact reflection of Jesus.

And I mentioned that there were two parts to reflecting Jesus exactly:

1. His internal, personal life as it relates to His character
2. His inter-personal life as it relates to His ministry

And in the previous article, I spoke about what it meant to be like Jesus in character. From 1 John 3:2-3, we see that we are to be like Jesus in our individual lives in the way He was free from all sin. We cannot tolerate any sin that we find within ourselves. When we discover a sin within us, it is God's merciful way of showing us where we are not like Jesus; and we must ask Him to change us so that we can be rid of that sin and reflect Jesus in that area too.

Here, I want to talk about the second point. **We are also asked to reflect Jesus in the way He carried out His ministry**. But this is an area where I find that most people have very little understanding of the real truth.

The Christian world is full of people who would like to be just like Jesus in his external life. They see all the miracles and the walking on the

water and the raising of the dead - and they would love to also imitate this Jesus.

How about you? What do you think about the life of Jesus and His external life? Why don't you also desire to do miracles like Jesus? Why don't you desire to heal the sick and free the oppressed like Jesus? Isn't this also the Person of Jesus that is described? Yes, we might say that we must imitate Jesus in His freedom from sin. But does that mean that we don't imitate Jesus in His external life?

For many years, I too was convinced that most of the Christian world had gotten it wrong, and that imitating Jesus ***only meant*** freedom from sin. And to be clear, I am very thankful for the focus on living in freedom from sin that it has had on my life.

But I've since realized that this was only **<u>part</u>** of what it meant to be like Jesus. The calling of God was that we were like Jesus both internally and externally.

So how do we do that? How do we reflect Jesus in His miracles and healings and teaching and other gifts that He had?

Here is the secret:

***We do not do this as individuals trying to be like Jesus by ourselves. Instead, we do this as a BODY of believers.***

Did you get that? Have you seen the Body of Jesus Christ as essential to your fundamental destination? The church is the Body of Christ - so have you seen that the local church is fundamental to YOUR destination as a Christian? Listen to these amazing words by Paul:

*Ephesians 2:14-16 - [14]For He Himself is our peace, who made both groups into one and broke down the barrier of the dividing wall, [15]by abolishing in His flesh the enmity, which is the Law of commandments contained in ordinances, so that in Himself He might make the two into one new man, thus establishing peace, [16]and might reconcile them both in one body to God through the cross, by it having put to death the enmity.*

Before Jesus came to this earth, the promises of God were only for the people of Israel. So the rest of us were Gentiles, and had "no hope" as we were "strangers from the covenants of promise" (verse 12). But verse 14 tells me that Jesus is the uniting peace that breaks down any barriers that separated us from accessing the promises of God.

And verses 15 and 16 tell me the reason why He did that. God did NOT give us such great promises just so that we could be individually holy. No, that is just part of the gospel.





He wanted to make all of us one, SO THAT IN HIMSELF, HE MIGHT MAKE THE TWO INTO ONE NEW MAN (verse 15).

This is how the peace was established. It is when two become one that peace is truly established. There is indeed a peace that we have when we come into Christ. But the peace is truly established when I became entrenched into Jesus as part of His body - WITH OTHER BELIEVERS who also want to be like Jesus!

So I MUST desire that the external life of Jesus is also manifested. But thank God that He does not expect me to do that by myself. He asks me to be united with others in local expressions of the body of Jesus - and that TOGETHER, we would demonstrate the ministry of Jesus' external life as well.

So I do not need to pray that God gives ME a particular gift of the Spirit that Jesus evidenced. But I must desire that this gift is evidenced in the body of Christ.

**<u>One Caution:</u>**

Let me give you one caution about this. We must not be too carefree and expect that all the gifts of the Spirit will be evidenced in one local church. In one sense, the local church does represent Jesus. But in another sense, we are part of the universal Body of Christ. And the Lord gives particular gifts of the Spirit based on the ***<u>need</u>*** of people there.

So for example, there is no practical reason for most of us to perform miracles. This is indeed one of the gifts of the Spirit, but that is probably not the primary need for most of us to reflect Jesus. In fact, the gift of miracle-working might destroy most of us - as we will get proud and forget about intimacy with God. But to be sure, if the Lord does desire to use you to perform miracles to draw people to Him, He will definitely give you that gift.

However, in the local church, the primary need for EVERY MEMBER of the Body is to bring strong words of exhortation, encouragement and consolation to others. Read 1 Corinthians 14:1-3 to see why I say this. And as you meditate on this, ask the Lord to open your eyes to the need FOR YOU TO PLAY YOUR PART in being the Body of Christ.

But let us remember what I said earlier. **This is NOT OPTIONAL for any of us**. Remember, this is part of our very destination that has been set out for us. We are asked to be like Jesus. And being a fully-functioning part of His body is the way we are conformed to the image of Jesus in His external life.

There is a great deal of selfishness that still exists in the individually-holy Christian. So I pray that the Lord open our eyes to the great deception into thinking that if we made it to the finish line ourselves, we would have accomplished our task.

**Our task is to reach the finish line. We do that by being holy in our personal life, AND by being united with others locally as the Body of Jesus**.

In closing, I must tell you that you are indeed privileged to learn this truth about the fundamental importance of the Body of Christ. This truth is hidden from so many Christians. You probably don't go to most churches and attend meetings where powerful prophetic words against sin are being spoken by the many members.

Now to be clear, this is not because this is some cool church model that only some have. No, this is commanded by Scripture, so it is imperative that it be followed. It is a tragedy that most churches are not actively pursuing this. To me, it is clear disobedience to God's Word if we do not fulfill this.

Also, this desire to build up the Body is not only for the church service. It's throughout the week, just as we try to live in freedom from sin all week. So throughout the week, let us pray for one another as we are burdened. Let us desire that the Lord will give us words to share. Let us encourage one another through e-mails, phone calls, SMS-es, etc. Now of course, we do not bombard others with this. We do all of this with a prayerful and humble spirit - trying not to preach, but simply to uplift.

Let me close with the words of my Dad (Zac Poonen) - whose writings and work with others have helped me understand the reality of this truth: ***"As servants of the New Covenant, we must never rest satisfied with individual brothers and sisters becoming godly. The local assembly itself must be a representation of the Body of Christ. Otherwise we have failed to fulfil God's highest purpose" (New Covenant Servant - Chapter 7).***

So may God help us to get closer to our God-given destination in 2011!

(please mail your genuine doubts to: **sandeep@poonen.org**)

❖

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*

വാല്യം 9 ഫെബ്രുവരി 2011 ലക്കം 2



**എഡിറ്റോറിയൽ ബോർഡ്**

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)
**മാനേജർ**
**ജേക്കബ് മാത്യു** (കായംകുളം)



**വാർഷിക സംഭാവന**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :



**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള- 686016,
ഫോൺ:0481-2392753,
9495234087,9249516234
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**
**U.S.A - Binoy James**
Phone: 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
**DUBAI - Shabu Kuruvilla**
Phone: 050-7970839
E-mail: skuruvi@gmail.com


മൊഴിമുത്ത്

## യഥാർത്ഥ പ്രാർത്ഥന



യഥാർത്ഥമായ അർത്ഥത്തിൽ പ്രാർത്ഥിക്കുന്നവർ നന്നേ ചുരുക്കം. വാസ്തവത്തിൽ നന്മയായതിനുവേണ്ടി വാഞ്ഛിക്കുന്നവരുടെ എണ്ണം പരിമിതമാണ് എന്നതുതന്നെ കാരണം. ആന്തരികമായ ഗർവ്വഭംഗം, സ്വയേച്ഛയുടെ മരണം, സ്വയസ്നേഹത്തിന്റെ തകർച്ചയുടെ മേൽ ദൈവസിംഹാസനത്തിന്റെ സ്ഥാപനം-ഇവയെല്ലാമാണ് വാസ്തവത്തിൽ നന്മയായിട്ടുള്ളത്. ഇവയെ കേവലം വാഞ്ഛിക്കുന്നതല്ല പ്രാർത്ഥന. മറിച്ച്, ഗൗരവത്തോടും സുബോധത്തോടും ജീവിതത്തിന്റെ എല്ലാ മേഖലകളോടു ബന്ധപ്പെടുത്തിയും നിരന്തരം പ്രാർത്ഥിക്കുന്നതാണ് യഥാർത്ഥ പ്രാർത്ഥന. ഇവയെ ആഗ്രഹിക്കാതെ താൻ പ്രാർത്ഥിക്കുന്നു എന്ന് ഒരുവൻ നിരൂപിച്ചാൽ അതു മിഥ്യാധാരണയാണ്.

ഫെനലൻ

## രക്ഷയുടെ ശിരസ്ത്രം

A **Joyful 'toon** by Mike Waters




....ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ടു സുബോധമായിരിക്ക
(1 തെസ്സ. 5:8)

# CHRIST HAS WON THE BATTLE FOR YOU

**David Wilkerson**

In recent months, I have read many sad, pitiful letters from believers who are still bound by sinful habits/ Multitudes of struggling Christians write, "I can't stop gambling.... I'm in the grips of an alcohol addiction.... I'm having an affair and I can't break it off....I'm slave to pornography." In letter after letter, these people say the same thing: "I love Jesus and I've begged God to free me. I've prayed, wept and sought godly counsel. But I just can't break free. What can I do?"

I've spent much time seeking the Lord for wisdom on how to answer these believers. I pray, "Lord you know your children's lives. Many are devoted, Spirit-filled saints, yet they don't have your victory. They don't know freedom. What's going on?"

At one point, I studied the biblical passages containing God's promises to his people. I was reminded that the Lord pledged to keep us from falling, to present us faultless, to justify us by faith, sanctify us by faith, keep us holy by faith. He promises that our old man is crucified by faith, and that we are translated into his kingdom by faith.

The one thing common to all of these promises is this phrase: "by faith." Indeed, all these things are matters of faith, according to God's Word. So I came to the only clear conclusion about these struggling Christians' problems: somewhere at the root of their bondage is unbelief. It all boils down to a simple lack of faith.

Are you struggling to gain victory by your willpower? Are you fighting the battle in your old nature? Paul points out, "To him that worketh is the reward not reckoned of grace, but of debt. But to him that worketh not, but believeth on him that justifieth the ungodly, his faith is counted for righteousness" (Romans 4:4-5)

Your victory must come not through weeping or striving, but by faith that Jesus Christ has won the battle for you.

"But without faith it is impossible to please him" (Hebrews 11:6). Indeed, Paul says there is only one condition attached to God's promises: "[That] ye continue in the faith grounded and settled, and be not moved away from the hope of the gospel, which ye have heard" (Colossians 2:7).

Christ surrendered everything to his Father, in order to be a totally obedient Son. And we are to do likewise. We are to be totally dependent on the Father, just as Christ was.